**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി I**

**(SUBJECT COMMITTEE I)**

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

# (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## ആനുകാലിക റിപ്പോർട്ട്

## (2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT FROM $1^{ST}$ APRIL 2024 TO $31^{ST}$ MARCH 2025)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 ഒക്ടോബർ 06-ാം തീയതി സമർപ്പിച്ചത്
(Presented on $6^{th}$ October 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2025

**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**ആനുകാലിക റിപ്പോർട്ട്**

**(2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2024 TO 31ST MARCH 2025)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

**സബ്ജക്ട് കമ്മിറ്റി I**

**കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും**

**(2023-26)**

**ഘടന**

**ചെയർപേഴ്സൺ :**

**ശ്രീ. പി. പ്രസാദ്,**
**കൃഷി വകുപ്പ് മന്ത്രി.**

**എക്സ്-ഒഫീഷ്യോ അംഗങ്ങൾ :**

**ശ്രീമതി ജെ. ചിഞ്ചുറാണി,**
**മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി.**

**ശ്രീ. സജി ചെറിയാൻ,**
**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി.**

**അംഗങ്ങൾ:**

**ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.**

**ശ്രീ. പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.**

**ശ്രീ. പി.ജെ. ജോസഫ്, എം.എൽ.എ.**

**ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എം.എൽ.എ.**

**ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.**

**ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.**

**ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.**

**നിയമസഭാ സെക്രട്ടേറിയറ്റ് :**

**ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി**

**ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി**

**ശ്രീമതി രജി ഡി.ഒ., ഡെപ്യൂട്ടി സെക്രട്ടറി**

**ശ്രീ. കെ.എസ് കിരൺ ബോസ്, അണ്ടർ സെക്രട്ടറി**

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (I)-ാം ഉപചട്ട പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2023 ഡിസംബർ 07-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 445, 2023 ഡിസംബർ 29-ലെ ബുള്ളറ്റിൻ ഭാഗം - 2 നമ്പർ 450 എന്നിവ പ്രകാരമുള്ള 2023-26 കാലയളവിലെ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 04.07.2024, 08.10.2024, 15.10.2024, 17.02.2025, 20.02.2025, 25.02.2025, 26.03.2025 എന്നീ തീയതികളിലായി 07 യോഗങ്ങൾ ചേർന്നു.

04.07.2024-ലെ യോഗത്തിൽ 01.04.2023 മുതൽ 31.03.2024 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2019-20, 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസ പത്രികകൾ, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

08.10.2024-ലെ യോഗത്തിൽ 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

15.10.2024-ലെ യോഗത്തിൽ 2020 ലെ കേരള ഫിഷറീസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ ഭേദഗതിയുടെ കരട്, 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

17.02.2025-ലെ യോഗത്തിൽ 2025-26 സാമ്പത്തിക വർഷത്തെ XXIX-കൃഷി, XXX-ഭക്ഷ്യം എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി 20.02.2025-ലെ യോഗത്തിൽ 2025-26 സാമ്പത്തികവർഷത്തെ XXXI-മൃഗസംരക്ഷണം, XXXII-ക്ഷീരവികസനം, XXXIII-മത്സ്യബന്ധനം എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി 25.02.2025-ലെ യോഗത്തിൽ സമിതി 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിച്ച് അംഗീകരിച്ചു.

26.03.2025-ലെ യോഗത്തിൽ 2021 - ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാരപരിപാലനവും ആക്റ്റിന്മേലുള്ള കരട് ചട്ടം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ, നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും , സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ, സർക്കാരിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക കരട് ചട്ടങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ, സമിതി യോഗ തീരുമാനങ്ങളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ട ഫയലുകൾ എന്നിവ പരിഗണിക്കുകയും പ്രസ്തുത ഫയലുകളിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് വകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 58% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിഗണിച്ച ബില്ലുകൾ |
| അദ്ധ്യായം III | | സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ |
| അദ്ധ്യായം IV | - | നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം |
| അദ്ധ്യായം V | - | നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| അദ്ധ്യായം VI | - | (a) 2024-25-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം |
| | | (b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ |
| അദ്ധ്യായം VII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും. |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2025 സെപ്റ്റംബർ 30-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. പ്രസാദ്,

തിരുവനന്തപുരം,
2025 ഒക്ടോബർ 06

ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി I.

## റിപ്പോർട്ട്

### അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 10.06.2024-ന് സമർപ്പിച്ചു.
2. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 08.07.2024-ന് സമർപ്പിച്ചു.
3. 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 08.07.2024-ന് സമർപ്പിച്ചു.
4. The Kerala Veterinary and Animal Sciences University (Amendment) Bill, 2023 സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 10.10.2024-ന് സമർപ്പിച്ചു.
5. 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 10.10.2024-ന് സമർപ്പിച്ചു.
6. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 03.03.2025- ന് സമർപ്പിച്ചു.

### അദ്ധ്യായം II

### സമിതി പരിഗണിച്ച ബില്ലുകൾ

The Kerala Veterinary and Animal Sciences University (Amendment) Bill, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ 08.10.2024-ന് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ 10.10.2024-ന് സഭയിൽ സമർപ്പിച്ചു.

### അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

2020 ലെ കേരള ഫിഷറീസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ (ഭേദഗതി) കരട് ചട്ടം 15.10.2024-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാരപരിപാലനവും ആക്റ്റിന്മേലുള്ള കരട് ചട്ടം 26.03.2025-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം

1. 'ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന പദ്ധതികൾ' എന്ന വിഷയത്തിന്മേൽ നിയമസഭാ ചട്ടം 235 എ പ്രകാരം തയ്യാറാക്കിയ റിപ്പോർട്ടിലെ ഖണ്ഡിക 23-ന്മേലുള്ള നടപടി റിപ്പോർട്ട് 26.03.2025-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം V

**നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ**

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XXXI- മൃഗസംരക്ഷണം | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള ഫീഡ്സ് ലിമിറ്റഡ് (മൃഗസംരക്ഷണ വകുപ്പ്) | 08.10.2024 |
| 2 | | | മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (മൃഗസംരക്ഷണ വകുപ്പ്) | |
| 3 | | | കേരള സംസ്ഥാന പൗൾട്രി | |

| | | | | |
|---|---|---|---|---|
| | | | വികസന കോർപ്പറേഷൻ ലിമിറ്റഡ് (മൃഗസംരക്ഷണ വകുപ്പ്) | |
| 4 | | | കേരള വെറ്റിനറി & അനിമൽ സയൻസസ് സർവകലാശാല (മൃഗസംരക്ഷണ വകുപ്പ്) | |
| 5 | XXIX-കൃഷി | | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കൃഷി വകുപ്പ്) | 18.03.2025 |
| 6 | XXXI- മൃഗസംരക്ഷണം | 2020-21 (കാലതാമസ പത്രിക സഹിതം) | കേരള ഫീഡ്സ് ലിമിറ്റഡ് (മൃഗസംരക്ഷണ വകുപ്പ്) | 08.10.2024 |
| 7 | | | മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (മൃഗസംരക്ഷണ വകുപ്പ്) | |
| 8 | | | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (മൃഗസംരക്ഷണ വകുപ്പ്) | |
| 9 | | | കേരള വെറ്റിനറി & അനിമൽ സയൻസസ് സർവകലാശാല (മൃഗസംരക്ഷണ വകുപ്പ്) | |
| 10 | XXIX-കൃഷി | | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കൃഷി വകുപ്പ്) | 18.03.2025 |
| 11 | XXIX-കൃഷി | 2021-22 (കാലതാമസ പത്രിക സഹിതം) | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കൃഷി വകുപ്പ്) | |
| 12 | XXIX-കൃഷി | 2022-23 | കാസറഗോഡ് വികസന പാക്കേജ് | |

| | | | | |
|---|---|---|---|---|
| | | | (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) | |
| 13 | | | വയനാട് വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) | 02.07.2024 |
| 14 | | | ഇടുക്കി വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) | |
| 15 | XXXIII-മത്സ്യബന്ധനം | (കാലതാമസ പത്രിക സഹിതം) | മത്സ്യബന്ധന വകുപ്പ് | |
| 16 | XXIX-കൃഷി | | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കൃഷി വകുപ്പ്) | 18.03.2025 |
| 17 | | | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) | 08.10.2024 |
| 18 | XXIX-കൃഷി | 2023-24 | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) | 02.07.2024 |
| 19 | | | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) | |
| 20 | | | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | 11.07.2024 |
| 21 | | | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | |

| | | | | |
|---|---|---|---|---|
| 22 | | | കാസറഗോഡ് വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) (കാലതാമസപത്രിക സഹിതം) | 08.10.2024 |
| 23 | | | കേരള കാർഷിക സർവ്വകലാശാല | |
| 24 | XXIX-കൃഷി, XXX-ഭക്ഷ്യം, XXXIX വൈദ്യുത പദ്ധതികൾ | | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | |
| 25 | XXXI-മൃഗസംരക്ഷണം | | മൃഗസംരക്ഷണ വകുപ്പ് | |
| 26 | | | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (മൃഗസംരക്ഷണ വകുപ്പ്) | |
| 27 | | | കേരള ഫീഡ്സ് ലിമിറ്റഡ് (മൃഗസംരക്ഷണ വകുപ്പ്) | |
| 28 | | | മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് (മൃഗസംരക്ഷണ വകുപ്പ്) | |
| 29 | | | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (മൃഗസംരക്ഷണ വകുപ്പ്) | |
| 30 | | | കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല (മൃഗസംരക്ഷണ വകുപ്പ്) | |
| 31 | XXXII-ക്ഷീരവികസനം | | ക്ഷീരവികസന വകുപ്പ് | |
| 32 | XXIX-കൃഷി | | വയനാട് വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) (കാലതാമസപത്രിക സഹിതം) | 18.03.2025 |

| | | | | |
|---|---|---|---|---|
| 33 | | | ഇടുക്കി വികസന പാക്കേജ് (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്) (കാലതാമസപത്രിക സഹിതം) | |
| 34 | XXIX-കൃഷി | | കേരള ലാൻഡ്ഡെവലപ്മെന്റ് കോർപ്പറേഷൻ (കൃഷി വകുപ്പ്) (കാലതാമസപത്രിക സഹിതം) | |

## അദ്ധ്യായം VI

**(a) 2024-25 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലുള്ള 132 ശിപാർശകളിൽ ഖണ്ഡിക നം.17, 18, 32, 33, 38, 39, 57 എന്നിവയിന്മേലാണ് 2025 മാർച്ച് 31 വരെ നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുള്ളത്. ശേഷിക്കുന്ന ശിപാർശകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വകുപ്പ് | ശിപാർശ/ഖണ്ഡികകൾ |
|---|---|
| കൃഷി | 1-16, 19-31, 34-37, 40-55, 58, 59 |
| ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 56 |
| മൃഗസംരക്ഷണ വകുപ്പ് | 60-82 |
| ക്ഷീരവികസന വകുപ്പ് | 83-92 |
| മത്സ്യബന്ധന വകുപ്പ് | 93-132 |

**b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർ**

**ട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ)**

**I. 2023-24 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

**ശിപാർശ**

2401-00-001-88 – മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം

വിഹിതം : 60,00,000 രൂപ (പദ്ധതിയേതരം)

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 1)

**സ്വീകരിച്ച നടപടി**

പ്രവർത്തന രഹിതമായ മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ നിലവിലുള്ള പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും 2023 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ പെൻഷൻ തുക നൽകുന്നതിനായി 2401-00-001-88 NP-ന്റെ അല്ലോക്കേഷൻ പരിധി 95.02% ആയി ഉയർത്തി നൽകിയിട്ടുണ്ട്. അധിക ധനാനുമതിയ്ക്ക് ശിപാർശ ചെയ്തിരുന്നുവെങ്കിലും അധിക ധനാനുമതി അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-105-86 –ആധുനിക പരീക്ഷണ ശാലകൾ സ്ഥാപിക്കൽ

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

രണ്ട് രാസവള പരിശോധനാ ലാബുകളും ഒരു ജീവാണുവള പരിശോധന ലാബും ആധുനീകരിക്കുന്നതിനും പ്രസ്തുത ലാബുകളുടെ പരിശോധനാ ഫലങ്ങളുടെ നിലവാരം ഉയർത്തുന്നതിന് നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ്

കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അക്രഡിറ്റേഷൻ നേടുന്നതിന് കെട്ടിടം നവീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും തുടപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് പരിശോധനാ ശാലകൾ സജ്ജമാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 72 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –8)

## സ്വീകരിച്ച നടപടി

ട്രഷറി നിയന്ത്രണങ്ങൾ കാരണം ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക ധനാനുമതിയ്ക്കുള്ള ശിപാർശ ബന്ധപ്പെട്ട എല്ലാ അനുബന്ധ രേഖകൾ സഹിതം യഥാസമയം സമർപ്പിക്കുവാനും സാധിച്ചിരുന്നില്ല.

## ശിപാർശ

2401-00-107-78 – വിളകളുടെ ആരോഗ്യ സംരക്ഷണം

വിഹിതം : 13,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളെ സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറിയുടെ സാറ്റലൈറ്റ് സ്റ്റേഷനുകളായി ഉയർത്തുന്നതിനും കണ്ണൂർ ജില്ലയിൽ പുതുതായി ഒരു സാറ്റലൈറ്റ് സ്റ്റേഷൻ കൂടി അധികമായി സ്ഥാപിക്കുന്നതിനും നിലവിൽ കൃഷിഭവനുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന 276 Plant Health Clinic-കളുടെ ശാക്തീകരണത്തിനും KCPM-ന്റെ അനുബന്ധ ചെലവുകൾക്കും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –10)

## സ്വീകരിച്ച നടപടി

ട്രഷറി നിയന്ത്രണങ്ങൾ കാരണം ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക ധനാനുമതിയ്ക്കുള്ള ശിപാർശ ബന്ധപ്പെട്ട എല്ലാ അനുബന്ധ രേഖകൾ സഹിതം യഥാസമയം സമർപ്പിക്കുവാനും സാധിച്ചിരുന്നില്ല.

**ശിപാർശ**

2435-01-101-85 - വിലസ്ഥിരതയ്ക്കു വേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം : 28,25,00,000 രൂപ (പദ്ധതി)

2023-24 സാമ്പത്തിക വർഷത്തെ ഓണവിപണി, പഴം, പച്ചക്കറികളുടെ വില നിയന്ത്രണം, തേങ്ങ സംഭരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3.75 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 50)

**സ്വീകരിച്ച നടപടി**

ട്രഷറി നിയന്ത്രണങ്ങൾ കാരണം ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധിക ധനാനുമതിയ്ക്കുള്ള ശിപാർശ ബന്ധപ്പെട്ട എല്ലാ അനുബന്ധ രേഖകൾ സഹിതം യഥാസമയം സമർപ്പിക്കുവാനും സാധിച്ചിരുന്നില്ല.

(07/09/2024-ലെ NCA3/99/2023-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ - 1, 8, 10, 50 എന്നിവയുടെ കാലതാമസപത്രിക 08.10.2024-ന് സഭയിൽ സമർപ്പിച്ചു).

**ശിപാർശ**

2402-00-001-94-36 –കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) (ധനസഹായം -ശമ്പളം)

വിഹിതം : 90,17,000 രൂപ (പദ്ധതിയേതരം)

സെന്ററിലെ സ്ഥിര ജീവനക്കാരുടെ ശമ്പളം, അനുബന്ധ ചെലവുകൾ എന്നിവ നിർ

വ്വഹിക്കുന്നതിനായി 1.0634 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –59)

**സ്വീകരിച്ച നടപടി**

2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രത്തിന് നോൺ പ്ലാൻ വിഹിതമായി അനുവദിച്ച 90.18 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ മാത്രമേ ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ചിരുന്നുള്ളൂ. ടി സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്യുതു പ്രകാരമുള്ള അധിക തുക കഴിഞ്ഞ സാമ്പത്തിക വർഷം 2402-00-001-94-36 ശീർഷകത്തിൽ വകയിരുത്തുവാൻ സാധിച്ചിരുന്നില്ല.

**ശിപാർശ**

2401-00-111-99 –കാർഷിക സെൻസസ് (100% കേന്ദ്രാവിഷ്കൃതം)

വിഹിതം : 3,36,00,000 രൂപ (പദ്ധതി)

പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഒന്നാം ഘട്ട ലിസ്റ്റിംഗ് ജോലികൾക്കുള്ള ഓണറേറിയം നൽകുന്നതിനായി 5.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –60)

**സ്വീകരിച്ച നടപടി**

പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഒന്നാംഘട്ട സർവേയ്ക്കുള്ള ഓണറേറിയം ഇനത്തിൽ 2023-24 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിൽ നിന്നും 5.335 കോടി രൂപ അനുവദിച്ചിരുന്നു. കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ബജറ്റിൽ പ്രസ്തുത ആവശ്യത്തിനായി 34 OC

ശീർഷകത്തിൽ വകയിരുത്തിയിരുന്ന 2.2813 കോടി രൂപ കൂടാതെ Additional Authorization ആയി യഥാക്രമം 1.0637 കോടി രൂപ, 2.08 കോടി രൂപ എന്നിങ്ങനെ അനുവദിച്ചിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ഓണറേറിയത്തിനുള്ള ബാക്കി തുക 2023-24 സാമ്പത്തിക വർഷം ലഭിക്കാത്തതിനാലും പതിനൊന്നാമത് കാർഷിക സെൻസസിന്റെ രണ്ടും മൂന്നുംഘട്ട സർവേകൾ 2023-24 ൽ ആരംഭിക്കാത്തതിനാലും പ്രസ്തുത ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത 5.4 കോടി രൂപയിൽ Additional Authorization ആയി 3.1437 കോടി രൂപ മാത്രമേ അനുവദിക്കുവാൻ സാധിച്ചിരുന്നുള്ളൂ.

[30.08.24-ലെ PLGEA B1/54/2024-PLGEA നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ 59,60 എന്നിവയിന്മേലുള്ള കാലതാമസ പത്രിക 08.10.2024-ന് സഭയിൽ സമർപ്പിച്ചു.]

## 2. 2022-23 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

### ശിപാർശ

ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിനായി കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിന് സൗകര്യമുള്ളതും വ്യവസായ വകുപ്പിന് കീഴിൽ ആരംഭിക്കുന്നതുമായ പത്ത് മിനി ഫുഡ് പാർക്കുകൾക്കായി 100 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -52)

### സ്വീകരിച്ച നടപടി

ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും മൂല്യ വർദ്ധനവിനുള്ള സൗകര്യങ്ങൾ കൂടുതലായി സൃഷ്ടിക്കുന്നതിനായി കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിന് സൗകര്യമുള്ളതും വ്യവസായ വകുപ്പിന് കീഴിൽ

ആരംഭിക്കുന്നതുമായ പത്തു മിനി ഫുഡ് പാർക്കുകൾക്കായി 100 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമയി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും തുക ലഭ്യമായില്ല.

(01/03/2024-ലെ PPM-CELL/369/2022-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 52-ന്മേലുള്ള കാലതാമസ പത്രിക 02.07.2024 - ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

മലയോര മേഖലകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളും പച്ചക്കറികളും കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള കോൾഡ് ചെയിൻ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിൻ പ്രകാരം 8.15 കോടി രൂപ 2435-01-800-94 എന്ന ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –61)

**സ്വീകരിച്ച നടപടി**

മലയോര മേഖലകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളും, പച്ചക്കറികളും കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുവാനുള്ള കോൾഡ് ചെയിൻ സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 8.15 കോടി രൂപ 2435-01-800-94 എന്ന ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമയി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും, നടപ്പ് വർഷം 20 കോടി രൂപ വിഹിതമുള്ള 2435-01-800-94-PV ശീർഷകത്തിൽ 6.87 കോടി രൂപ മാത്രമേ ഇതുവരെ ചെലവ് വന്നിട്ടുള്ളൂ എന്നതിനാൽ ഇപ്പോൾ അധിക തുക അനുവദിക്കേണ്ട ആവശ്യം കാണുന്നില്ല.

(23.08.2024-ലെ AGRI PU2/90/2022-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 61-ന്മേലുള്ള കാലതാമസ പത്രിക 08.10.2024 - ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2402-00-101-82 – ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കൽ

വിഹിതം : 9,00,000 രൂപ (പദ്ധതി)

റിമോട്ട് സെൻസിംഗിൽ പ്രാവീണ്യമുള്ള ഒരു വിദഗ്ധനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും നിലവിലുള്ള Arc GIS സോഫ്റ്റ്‌വെയറുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുമായി 11 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –67)

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ മണ്ണ് പര്യവേഷണ , മണ്ണ് സംരക്ഷണ വകുപ്പിന് ബജറ്റിൽ അനുവദിച്ച തുകയായ 9.0 ലക്ഷം രൂപയിൽ 8.0 ലക്ഷം രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. ആയതിനാൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമയി തുക വകയിരുത്തണമെന്ന സമിതി ശിപാർശയിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

(24.01.2024-ലെ NCA2/436/2022-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 67-ന്മേലുള്ള കാലതാമസ പത്രിക 02.07.2024-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2402-00-102-81 –ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി

വിഹിതം : 50,00,000 രൂപ (പദ്ധതി)

വകുപ്പിൽ e-office, e-service സംവിധാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –68)

**സ്വീകരിച്ച നടപടി**

അനുവദിച്ച തുകയായ 50 ലക്ഷം രൂപയിൽ 28.23 ലക്ഷം രൂപ മാത്രമേ ഈ ശീർഷകത്തിൽ ചെലവഴിക്കുവാൻ സാധിച്ചുള്ളൂ. ആയതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത അധിക തുക ആവശ്യപ്പെട്ടുകൊണ്ടുള്ള തുടർ നടപടികളൊന്നും വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടില്ല.

(16.01.2024-ലെ AGRI-PB2/255/2022-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 68-ന്മേലുള്ള കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2408-02-190-98 –കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം

വിഹിതം : 10,00,000 രൂപ (പദ്ധതി)

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾക്കും ഗോഡൗണുകളിൽ CCTV സ്ഥാപിക്കുന്നതിനും ബയോമെട്രിക്ക് സംവിധാനം ഏർപ്പെടുത്തുന്നതിനുമായി 88 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –73)

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് 2022-23 വർഷം 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ നിന്നും ആദ്യ ഘട്ടം അനുവദിച്ച 6.80 ലക്ഷം രൂപ തിരുവനന്തപുരം, ഏറ്റുമാനൂർ എന്നിവിടങ്ങളിലെ വെയർഹൗസുകളിൽ സി.സി.റ്റി.വി. സ്ഥാപിക്കുന്നതിനായി വിനിയോഗിച്ചിരുന്നു. തുടർന്ന് 2023 സെപ്റ്റംബർ-ൽ റിലീസ് ചെയ്ത ബാക്കി 3.20 ലക്ഷം രൂപ മഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന വെയർഹൗസിൽ

സി.സി.റ്റി.വി. സ്ഥാപിക്കുന്നതിനായി 10.11.2023-ൽ ചെലവഴിച്ചിട്ടുണ്ട്.

(23.08.2024-ലെ AGRI PU2/90/2022-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 73-ന്മേലുള്ള കാലതാമസ പത്രിക 08.10.2024 - ന് സഭയിൽ സമർപ്പിച്ചു.)

## ശിപാർശ

4408-02-101-98 –ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കൊല്ലം ജില്ലയിലെ പുനലൂർ എന്നിവിടങ്ങളിൽ Godown cum Agri Complex നിർമ്മിക്കുന്ന പദ്ധതിയുടെ പൂർണമായ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –74)

## സ്വീകരിച്ച നടപടി

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കൊല്ലം ജില്ലയിലെ പുനലൂർ എന്നിവിടങ്ങളിൽ Godown cum Agri Complex പദ്ധതിയുടെ നടത്തിപ്പിനായി 4408-02-101-98 ശീർഷകത്തിൽ വകയിരുത്തിയ ഒരു കോടി രൂപയിൽ നിന്നും 49.15 ലക്ഷം രൂപ റിലീസ് ചെയ്യുകയും ബാക്കി തുകയായ 50.85 ലക്ഷം രൂപ BAMS സീലിംഗ് ലിമിറ്റ് ഏർപ്പെടുത്തിയിരുന്നതിനാൽ e-lams ൽ പോസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത തുകയിൽ 38 ലക്ഷം രൂപ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് പിന്നീട് അനുവദിച്ചിട്ടുണ്ട്. എന്നാൽ അത് 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് വഹിതമായ ഒരു കോടി രൂപയിൽ നിന്നുമാണ് അനുവദിച്ചിട്ടുള്ളത്. e-lams ൽ പോസ്റ്റ് ചെയ്തിരുന്ന 50.85 ലക്ഷം രൂപയിൽ ബാക്കി തുകയായ 12.85 ലക്ഷം രൂപ മാത്രമാണ് ഇനി കോർപ്പറേഷന് ലഭിക്കുവാനുള്ളത്. പ്രസ്തുത തുക ലഭിക്കുന്നതിനുള്ള അപേക്ഷ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിന്റെ പരിഗണനയിലാണ്.

(26.02.2024-ലെ അഗ്രി.ഐ.എഫ്.എ 2/168/2022-അഗ്രി നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 74-മേലുള്ള കാലതാമസ പത്രിക 30.01.2024-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2403-00-001-99 –ഭരണവും നടത്തിപ്പും

വിഹിതം : 12,48,70,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –77)

**സ്വീകരിച്ച നടപടി**

സാമ്പത്തിക വർഷം 2,72,000/- രൂപ ധനപുന:വിനിയോഗം വഴി ലഭ്യമായിട്ടുണ്ട്. (G.O.(Rt) No. 2568/2023/Fin dated 25.03.2023 & G.O.(Rt) No. 8808/2022/Fin dated 26.12.2022)

**ശിപാർശ**

2403-00-001-98 –ജില്ലാഭരണം

വിഹിതം : 26,96,25,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 78)

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം മറ്റ് ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട്

ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**<u>ശിപാർശ</u>**

2403-00-101-99 –<u>കന്നുകാലി പ്ലേഗുരോഗ നിർമ്മാർജ്ജനം</u>

വിഹിതം : 13,70,36,000 രൂപ (പദ്ധതിയേതരം)

കന്നുകാലി പ്ലേഗുരോഗ നിർമ്മാർജ്ജനത്തിനായി പ്രവർത്തിക്കുന്ന ഓഫീസുകളുടെ വാടകക്കുടിശ്ശികയ്ക്കും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനുമായി 2.10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –79)

**<u>സ്വീകരിച്ച നടപടി</u>**

2022-23 സാമ്പത്തിക വർഷം മറ്റു ഹെഡ്ഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**<u>ശിപാർശ</u>**

2403-00-101-98 –<u>ആശുപത്രികളും ഡിസ്പെൻസറികളും</u>

വിഹിതം : 241,13,84,000 രൂപ (പദ്ധതിയേതരം)

ജില്ലാ വെറ്ററിനറി സെന്ററുകൾ, മേഖലാ മരുന്ന് സ്റ്റോറുകൾ എന്നീ സ്ഥാപനങ്ങളുടെ വാടക, കരം, ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –80)

**<u>സ്വീകരിച്ച നടപടി</u>**

സാമ്പത്തിക വർഷം 4,58,000/- രൂപ അഡിഷണൽ ഓതറൈസേഷനായും,

(G.O. (Rt) No. 8086/2022/Fin dated 29.11.2022) 17,25,000/- രൂപ ധനപുന:വിനിയോഗം (G.O. (Rt) No. 2568/2023/Fin dated 25.03.2023) വഴിയും ഫണ്ട് ലഭ്യമായി

**ശിപാർശ**

2403-00-101-97 –മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

വിഹിതം : 30,00,00,000 രൂപ (പദ്ധതി)

മൃഗാശുപത്രികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –81)

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം മറ്റു ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-101-97 –മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

വിഹിതം : 83,15,42,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –82)

**സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷം മറ്റു ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-101-84 –ജീവശാസ്ത്രപരമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം.
വിഹിതം : 2,50,00,000 രൂപ (പദ്ധതി)

സ്ഥാപനം GMP നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായും ഫാമുകളിലെ തീറ്റ, പാരന്റ് സ്റ്റോക്ക് മരുന്നുകൾ മുതലായവയുടെ ചെലവുകൾക്കായും 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –83)

**സ്വീകരിച്ച നടപടി**

മറ്റു ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-101-71–വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം.

വിഹിതം : 9,80,00,000 രൂപ (പദ്ധതി)

രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വർഷം മുഴുവനും ലഭ്യമാക്കുന്നതിന് 3.89 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –84)

**സ്വീകരിച്ച നടപടി**

മറ്റു ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-102-99 –ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ.

വിഹിതം : 99,44,12,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –85)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക വർഷം 13,000/- രൂപ ഈ ഹെഡിലേക്ക് ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമായി. G.O.(Rt) No.2568/2023/Fin dated 25.03.2023.

<u>ശിപാർശ</u>

2403-00-102-97 –<u>ലൈവ് സ്റ്റോക്ക് ഫാമുകൾ.</u>

വിഹിതം : 15,75,28,000 രൂപ (പദ്ധതിയേതരം)

കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന കന്നുകാലി ഫാമിലെ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –86)

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക വർഷം മറ്റു ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2403-00-102-96 –<u>വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

വിഹിതം : 8,80,00,000 രൂപ (പദ്ധതി)

വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൃത്രിമ

ബീജദാനപരിപാടിയുടെ ബീജത്തിനായുള്ള ചെലവായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് നൽകാൻ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –87)

**സ്വീകരിച്ച നടപടി**

സാമ്പത്തിക വർഷം മറ്റു ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-102-96 –വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 36,20,25,000 രൂപ (പദ്ധതിയേതരം)

പ്രാദേശിക മൃഗപരിപാലന കേന്ദ്രങ്ങൾ, ഒൻപതാം പദ്ധതിയിൽ ആരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ്സെന്ററുകൾ എന്നിവയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –88)

**സ്വീകരിച്ച നടപടി**

സാമ്പത്തിക വർഷം മറ്റു ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-102-81 –ഡിപാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 16,50,00,000 രൂപ (പദ്ധതി)

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമുകളുടെ അടിസ്ഥാന സൗകര്യവികസനം, യന്ത്രവൽക്കരണം, പേരന്റ്സ് സ്റ്റോക്ക്, തീറ്റപ്പുൽ, പോഷക ദ്രവ്യങ്ങൾ, മരുന്നുകൾ, ജൈവ വസ്തുക്കൾ എന്നിവ വാങ്ങുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –89)

**സ്വീകരിച്ച നടപടി**

സാമ്പത്തിക വർഷം മറ്റു ഹെഡ്ഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-102-78 –ആർ.കെ.വി.വൈ സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 40,00,00,000 രൂപ (പദ്ധതി)

ഗോവർദ്ധിനി പദ്ധതിയിൽ പുതിയതായി 16000 പശുക്കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –90)

**സ്വീകരിച്ച നടപടി**

ഈ സാമ്പത്തിക വർഷം മറ്റു ഹെഡ്ഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട്

ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-103-99 –കോഴി വളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 14,63,39,000 രൂപ (പദ്ധതിയേതരം)

സെൻട്രൽ ഹാച്ചറിയിലേയും പ്രാദേശിക കോഴി വളർത്തൽ കേന്ദ്രങ്ങളിലെയും ജില്ലാ കോഴിവളർത്തൽ കേന്ദ്രങ്ങളിലെയും ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –91)

**സ്വീകരിച്ച നടപടി**

ഈ സാമ്പത്തിക വർഷം 1,38,000/- രൂപ ഈ ഹെഡിലേക്ക് ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമായി. G.O. (Rt) No. 2568/2023/Fin dated 25.03.2023

**ശിപാർശ**

2403-00-103-98 –ഊർജ്ജിത കോഴിവളർത്തൽ വികസന ബ്ലോക്കുകൾ

വിഹിതം : 5,26,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരം, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഊർജ്ജിത കോഴിവളർത്തൽ കേന്ദ്രത്തിലെ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 50,000/- രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –92)

**സ്വീകരിച്ച നടപടി**

ഈ സാമ്പത്തിക വർഷം മറ്റു ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

**ശിപാർശ**

2403-00-109-96 –വെറ്ററിനറി വികസനം

വിഹിതം : 6,02,47,000 രൂപ (പദ്ധതിയേതരം)

കുടപ്പനക്കുന്ന്, ആലുവ, മലമ്പുഴ, മുണ്ടയാട്, തലയോലപ്പറമ്പ് എന്നീ പരിശീലന കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –93)

**സ്വീകരിച്ച നടപടി**

ഈ സാമ്പത്തിക വർഷം മറ്റു ഹെഡുകളിൽ നിന്നും ഫണ്ട് കണ്ടെത്താൻ മതിയായ സേവിങ്സ് ലഭ്യമല്ലാത്തതിനാൽ ധനപുന:വിനിയോഗം വഴി ഫണ്ട് ലഭ്യമാക്കാൻ കഴിഞ്ഞില്ല.

(08.07.2024-ലെ ജി1/176/2022-മൃ.സ.വ നമ്പർ കത്ത് മുഖേന ലഭിച്ച 77 മുതൽ 93 വരെയുള്ള ഖണ്ഡികകളിന്മേലുള്ള കാലതാമസപത്രിക 08.10.2024-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2404-00-001-99 –ഡയറക്ടറേറ്റ്

വിഹിതം : 7,91,11,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 3 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 6.5 ലക്ഷം രൂപയും ഉൾപ്പെടെ 9.5 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –101)

<u>സ്വീകരിച്ച നടപടി</u>

08-05-2023-ലെ Re-appropriation ഉത്തരവ് G.O(Rt)No.3489/2023/Fin പ്രകാരം 2404-00-001-99-02-Wages-02-DA(NP) ശീർഷകത്തിൽ 1,88,000/- രൂപയും, 2404-00-001-99-06-RRT(NP) ശീർഷകത്തിൽ 4,02,000/- രൂപയും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ഈ ശീർഷകങ്ങളിൽ അധിക തുക വേണ്ടിവരാത്തതിനാൽ ധനഃപുനർ വിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും തന്നെ ആവശ്യപ്പെട്ടിരുന്നില്ല.

<u>ശിപാർശ</u>

2404-00-001-98 –<u>ജില്ലാഭരണം</u>

വിഹിതം : 20,91,35,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 1 കോടി രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 4 ലക്ഷം രൂപയും (06) വാടക, കരം, നികുതി ഇനത്തിൽ 16.5 ലക്ഷം രൂപയും ഉൾപ്പെടെ 1.205 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –102)

<u>സ്വീകരിച്ച നടപടി</u>

08-05-2023 ലെ Re-appropriation ഉത്തരവ് G.O(Rt)No.3489/2023/Fin പ്രകാരം 2404-00-001-98-06-RRT(NP) ശീർഷകത്തിൽ 8,52,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. 01(2) ക്ഷാമബത്ത, 02(2) ക്ഷാമബത്ത ശീർഷകങ്ങളിൽ അധിക തുക വേണ്ടിവരാത്തതിനാൽ ധനഃപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി തുകയൊന്നും തന്നെ ആവശ്യപ്പെട്ടിരുന്നില്ല.

<u>ശിപാർശ</u>

2404-00-001-97 –<u>വികസന പ്രവർത്തന ഘടകങ്ങൾ</u>

വിഹിതം : 41,05,90,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 8 ലക്ഷം രൂപയും 02(4) വേജസ് കൺസോളിഡേറ്റഡ് പേ ഇനത്തിൽ 20 ലക്ഷം രൂപയും ഉൾപ്പെടെ 28 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –103)

## സ്വീകരിച്ച നടപടി

08-05-2023-ലെ Re-appropriation ഉത്തരവ് G.O.(Rt)No. 3489/2023/Fin പ്രകാരം 2404-00-001-97-02-Wages-04-Consolidated Pay(NP) ശീർഷകത്തിൽ 32,80,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. 02(2) ക്ഷാമബത്ത ശീർഷകത്തിൽ അധിക തുക വേണ്ടിവരാത്തതിനാൽ ധന:പുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി തുകയൊന്നും തന്നെ ആവശ്യപ്പെട്ടിരുന്നില്ല.

## ശിപാർശ

2404-00-102-99 –പശുക്കളുടെ ക്ഷീരോല്പാദനശേഷി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പാൽ ഉൽപാദിപ്പിക്കാനുമുള്ള പദ്ധതി.

വിഹിതം : 90,000 രൂപ (പദ്ധതിയേതരം)

വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്ക് ഇൻസെന്റീവ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയ്ക്കും കന്നുകാലികളിലെ കൃത്രിമ ബീജദാനത്തിനുള്ള സെമന്റെ വിലയ്ക്കുമായുള്ള ചെലവുകൾക്കുമായി 9.1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –104)

## സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന മുഖേനെ ഫണ്ട് അനുവദിച്ച് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും ആയത് പരിഗണിക്കാത്തതിനെ തുടർന്ന് അഡിഷണൽ

ഓാതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് പരിഗണിച്ച് 10-03-2023 ലെ G.O(Rt)No.1767/2023/Fin പ്രകാരം 2404-00-102-99-34-Other charges-03-Other Items (NP) ശീർഷകത്തിൽ 7,11,000/- രൂപ അനുവദിക്കുകയുണ്ടായി.

**ശിപാർശ**

2404-00-102-96 –ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

വിഹിതം : 5,95,00,000 രൂപ (പദ്ധതി)

ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയ്ക്കായും ക്ഷീരമേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ക്ഷീരപരിശീലന കേന്ദ്രങ്ങളെയും ക്ഷീരസംരഭകത്വ വികസന കേന്ദ്രങ്ങളായി ഉയർത്തുന്നതിനായും 6 കോടി രൂപ ഈ ശീർ ഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –105)

**സ്വീകരിച്ച നടപടി**

ക്ഷീരസാന്ത്വനം പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 വർഷത്തെ ഒന്നാമത്തെ എസ് ഡി ജിയിൽ തുക ആവശ്യപ്പെട്ടിരുന്നു. എന്നാൽ ക്ഷീരസാന്ത്വനം സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായിട്ടുള്ള സർക്കാർ അനുമതിയും ഫണ്ടും ലഭിക്കാത്തതിനാൽ ടി പദ്ധതി 2022-23 വർഷം നടപ്പിലാക്കുന്നതിന് സാധിച്ചിരുന്നില്ല.

**ശിപാർശ**

2404-00-102-79-33 –കാലിത്തീറ്റക്കുള്ള സബ്സിഡി

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

3634 ക്ഷീര സംഘങ്ങളിൽ ഏകദേശം 2.1 ലക്ഷം ക്ഷീരകർഷകരാണ് സ്ഥിരമായി പാൽ അളക്കുന്നതെങ്കിലും 257 സംഘങ്ങളിലുള്ള കർഷകർക്ക് മാത്രമാണ് സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വയ്ക്കോൽ എന്നിവ നല്കാൻ നിലവിലെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് കഴിയുകയുള്ളൂയെന്നതിനാലും വരൾച്ച മാസങ്ങളിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാലും പ്രസ്തുത പദ്ധതി

പരമാവധി നടപ്പിലാക്കുന്നതിനായി 7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –106)

**സ്വീകരിച്ച നടപടി**

ഉപധനാഭ്യർത്ഥന മുഖേനെ ഫണ്ട് അനുവദിച്ച് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ച് ലഭ്യമായില്ല.

**ശിപാർശ**

2404-00-102-77 –കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനവും സൂക്ഷിക്കലും

വിഹിതം : 7,60,00,000 രൂപ (പദ്ധതി)

തീറ്റപ്പുൽ കൃഷിപദ്ധതികളുടെ സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കൂടുതൽ തീറ്റപ്പുൽകൃഷി പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുവാനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –107)

**സ്വീകരിച്ച നടപടി**

ഉപധനാഭ്യർത്ഥന മുഖേന ഫണ്ട് അനുവദിച്ച് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ച് ലഭ്യമായില്ല.

**ശിപാർശ**

2404-00-102-76 –ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് സഹായം

വിഹിതം : 25,00,000 രൂപ (പദ്ധതി)

ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാപദ്ധതി നടപ്പിലാക്കുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം

അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –108)

## സ്വീകരിച്ച നടപടി

ഉപധനാഭ്യർത്ഥന മുഖേന ഫണ്ട് അനുവദിച്ച് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ച് ലഭ്യമായില്ല.

## ശിപാർശ

2404-00-102-75 –കന്നുകാലിത്തീറ്റ കൃഷി - വലിയതുറ സ്വീവേജ് ഫോം

വിഹിതം : 1,56,57,000 രൂപ (പദ്ധതിയേതരം)

സ്റ്റേറ്റ് ഫോഡർഫാമിന്റെ ദൈനംദിന പ്രവർത്തന ചെലവുകളും ഫാം തൊഴിലാളികളുടെ വിവിധ ആനുകല്യങ്ങൾ നൽകുന്നതിനുമായി 02(1) ശമ്പളം ഇനത്തിൽ 60 ലക്ഷം രൂപയും 02(3) മറ്റ് അലവൻസുകൾ ഇനത്തിൽ 4 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 64 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –109)

## സ്വീകരിച്ച നടപടി

08-05-2023 ലെ Re-appropriation ഉത്തരവ് G.O(Rt)No.3489/2023/Fin പ്രകാരം 2404-00-102-75-02-Wages-01-Pay(NP) ശീർഷകത്തിൽ 6,40,000/-രൂപയും, 2404-00-102-75-02-Wages-03-(NP)ശീർഷകത്തിൽ 33,000/- രൂപയും അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

## ശിപാർശ

2404-00-102-69 –കേരള സ്റ്റേറ്റ് ഫോഡർഫാം വലിയതുറയിൽ ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ

വിഹിതം : 50,00,000 രൂപ (പദ്ധതി)

തിരുവനന്തപുരം സ്റ്റേറ്റ് ഫോഡർഫോം ആസ്ഥാനമാക്കി ഒരു കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 34 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –110)

**<u>സ്വീകരിച്ച നടപടി</u>**

ഉപധനാഭ്യർത്ഥന മുഖേനെ ഫണ്ട് അനുവദിച്ച് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ച് ലഭ്യമായില്ല.

**<u>ശിപാർശ</u>**

2404-00-109-98 –<u>ക്ഷീരവികസന പരിശീലന കേന്ദ്രം</u>

വിഹിതം : 5,57,86,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ 02(2) വേജസ് ക്ഷാമബത്ത ഇനത്തിൽ 2 ലക്ഷം രൂപയും 02(4) ക്ഷാമബത്ത ഇനത്തിൽ 1 ലക്ഷം രൂപയും 05(4) മറ്റ് അലവൻസുകൾ ഇനത്തിൽ 75,000/- രൂപയും ഉൾപ്പെടെ ആകെ 3.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –111)

**<u>സ്വീകരിച്ച നടപടി</u>**

05-12-2022 ലെ G.O(Rt)No.8266/2022/Fin, 10-03-2023 ലെ G.O(Rt)No.1767/2023/Fin Additional Authorisation ഉത്തരവുകൾ പ്രകാരം 2404-00-109-98-05-OE-04-OI(NP) ശീർഷകത്തിൽ 80,000/- രൂപ, 2404-00-109-98-02-Wages-04-CP(NP) ശീർഷകത്തിൽ 64,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

**ശിപാർശ**

2404-00-109-95 –ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും, പാലുല്പന്നങ്ങളുടെയും, കാലിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വകുപ്പിന്റെ സ്റ്റേറ്റ് ഡയറി ലാബ്, റീജിയണൽ ഡയറി ലാബ്, മൊബൈൽ ലാബ്, ജില്ലാ ലാബുകൾ എന്നിവയുടെ ആധുനികവത്കരണത്തിനായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –112)

**സ്വീകരിച്ച നടപടി**

ഉപധനാഭ്യർത്ഥന മുഖേനെ ഫണ്ട് അനുവദിച്ച് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ച് ലഭ്യമായില്ല.

**ശിപാർശ**

2404-00-109-93 –വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പദ്ധതി വിഹിതം : 33,09,95,000 രൂപ (പദ്ധതി)

ക്ഷീരോൽപാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായസംഘങ്ങളെയും കൊണ്ടുവരുക, സംസ്ഥാനത്തെ പാലുൽപാദനത്തിൽ സ്വയം പര്യാപ്തമാക്കുക തുടങ്ങിയ ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.22 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –113)

**സ്വീകരിച്ച നടപടി**

2022-23 വർഷത്തെ ഒന്നാമത്തെ എസ് ഡി ജിയിൽ 500 ലക്ഷം രൂപ

ആവശ്യപ്പെട്ടെങ്കിലും ആയത് അനുവദിച്ച് ലഭ്യമായില്ല. കൂടാതെ പദ്ധതി നടത്തിപ്പിനായി ആകെ അനുവദിച്ച തുകയുടെ 68 ശതമാനം മാത്രമാണ് അനുവദിച്ചതും ആയതിന്റെ 98 ശതമാനം ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2404-00-195-94 –ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം : 29,98,00,000 രൂപ (പദ്ധതി)

ക്ഷീരകർഷകർക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ പാലിന് സബ്സിഡി നൽകുന്നതിനും, കാലിത്തീറ്റ ഇൻസെന്റീവ് നൽകുന്നതിനും, ധർമ്മടം അസംബ്ലി നിയോജകമണ്ഡലത്തിലെ വേങ്ങാട് അടിസ്ഥാനമാക്കി സംയോജിത കാർഷിക വികസന പരിപാടി നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള ധർമ്മടം വേങ്ങാട് ഗ്ലോബൽ ഡയറി വില്ലേജ് പദ്ധതിക്കായും 96.97 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –114)

**സ്വീകരിച്ച നടപടി**

1. ക്ഷീരസംഘത്തിൽ കർഷകൻ അളക്കുന്ന ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിന് 5200 ലക്ഷം രൂപ ഒന്നാമത്തെ എസ് ഡി ജിയിൽ ആവശ്യപ്പെട്ടെങ്കിലും ആയത് അനുവദിച്ച് ലഭ്യമായില്ല. തുക അനുവദിക്കാത്തതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ നിന്നും 24 കോടി രൂപ 4 മാസത്തേയ്ക്ക് കർഷകർക്ക് ഇൻസെന്റീവ് ഇനത്തിൽ നൽകുകയും ചെയ്തിട്ടുണ്ട്.

2. ധർമ്മടം വേങ്ങോട് ഗ്ലോബൽ ഡയറി വില്ലേജിന് Supplementary Demand for Grants 2022-23 ൽ Establishment of Dairy Global Village at Dharmadam (4404-

102-84-Plan Voted) എന്ന ശീർഷകത്തിൽ ടോക്കൺ വിഹിതമായി 1000 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ Additional Authorisation മുഖേനെ (G.O(Rt)No.7635/2022/Fin dated 10.11.2022) 10 ലക്ഷം രൂപ അനുവദിച്ചുത്തരവായിട്ടുണ്ട്.

## ശിപാർശ

4404-00-102-87 –ക്ഷീര വകുപ്പിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ

വിഹിതം : ഇല്ല (പദ്ധതി)

ചേർത്തല സബ്കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മിൽമയുടെ തുറവൂർ കാലിത്തീറ്റ ഫാക്ടറിക്കുവേണ്ടി 3.5132 ലക്ഷം രൂപയും തിരുവനന്തപുരം സബ്കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മിൽമയുടെ അമ്പലത്തറ ഡയറി പ്ലാന്റിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി 4.015 കോടി രൂപയും സുൽത്താൻ ബത്തേരി കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മാനന്തവാടി പാൽ ശീതികരണശാലയ്ക്ക് വേണ്ടി 14.15 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 4.1916 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –115)

## സ്വീകരിച്ച നടപടി

Supplementary Demand for Grants 2022-23 ൽ LAR 282/88 തിരുവനന്തപുരം സബ് കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മിൽമയുടെ അമ്പലത്തറ ഡയറി പ്ലാന്റിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി 4404-102-87-Plan Charged എന്ന ശീർഷകത്തിൽ 4.0148 കോടി രൂപ അനുവദിച്ചുത്തരവായിട്ടുണ്ട്. Additional Authorisation ഉത്തരവ് GO(Rt)No.7635/2022/Fin dated 10.11.2022 ചേർത്തല സബ്കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മിൽമയുടെ തുറവൂർ

കാലിത്തീറ്റ ഫാക്ടറിക്കുവേണ്ടിയും സുൽത്താൻബത്തേരി കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മാനന്തവാടി പാൽ ശീതീകരണശാലയ്ക്ക് വേണ്ടിയും 18.97 ലക്ഷം രൂപ 4404-102-87-Plan Charged എന്ന ശീർഷകത്തിൽ അനുവദിച്ചുത്തരവായിട്ടുണ്ട്.

**ശിപാർശ**

4404-00-195-98 –ക്ഷീര സഹകരണ സംഘങ്ങളിലുള്ള നിക്ഷേപം

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

ക്ഷീര സഹകരണ സംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കാലിത്തീറ്റ ഗോഡൗണുകൾ സ്ഥാപിക്കൽ, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കൽ എന്നിവ കൂടാതെ കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവു കുറഞ്ഞ മാലിന്യ സംസ്കരണ പ്ലാൻ്ുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –116)

**സ്വീകരിച്ച നടപടി**

പദ്ധതിയുടെ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം ആകെ തുകയുടെ 57 ശതമാനം മാത്രമാണ് സർക്കാരിൽ നിന്നും അനുവദിച്ചത്. ടി തുകയുടെ 99.10 ശതമാനം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി ശീർഷകത്തിൽ മുൻഗണന പ്രാധാന്യമുള്ള പദ്ധതികളാണ് നടപ്പിലാക്കിട്ടുള്ളത്. ആയതിനാൽ അധിക തുകയ്ക്ക് വേണ്ടി സർക്കാരിലേയ്ക്ക് ആവശ്യപ്പെട്ടിട്ടില്ല എന്ന് അറിയിക്കുന്നു.

**ശിപാർശ**

4404-00-195-97 –കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷനുള്ള സഹായം

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 9.02 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –117)

**സ്വീകരിച്ച നടപടി**

ഒന്നാമത്തെയും അവസാനത്തെയും എസ് ഡി ജിയിൽ ഇത് സംബന്ധിച്ച അപേക്ഷിച്ചിരുന്നെങ്കിലും ടി പദ്ധതിക്കായി തുക ഒന്നും തന്നെ അനുവദിച്ചിരുന്നില്ല. കൂടാതെ ആകെ അനുവദിച്ച തുകയുടെ 68 ശതമാനം മാത്രമാണ് 2022-23 വർഷം സർക്കാരിൽ നിന്നും അനുവദിച്ചതും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം പെൻഷൻ തുക വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധികസാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനാവശ്യമായ 115.2 കോടി രൂപ 2404-00-800-78 എന്ന ശീർഷകം പുനസ്ഥാപിച്ച് ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –118)

**സ്വീകരിച്ച നടപടി**

ഒന്നാമത്തെ എസ് ഡി ജി യിൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും ടി തുക അനുവദിച്ച് ലഭിച്ചിട്ടില്ലായെന്ന് അറിയിക്കുന്നു.

(24.01.2024-ലെ ഡി3/225/2022-ഡി.ഡി നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 101 മുതൽ 118 വരെയുള്ള ഖണ്ഡികകളിന്മേലുള്ള കാലതാമസപത്രിക 02.07.2024 -ന് സഭയിൽ സമർപ്പിച്ചു.

## 2. 2021-22 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

**ശിപാർശ**

2402-00-001-94 (31) —കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (KSREC) സഹായധനം - ശമ്പളം

വിഹിതം : 88,42,000 രൂപ (പദ്ധതിയേതരം)

സെൻററിലെ സ്ഥിര ജീവനക്കാരുടെ ശമ്പളവും അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി 50.08 ലക്ഷം രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –52)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നോൺ പ്ലാൻ ശീർഷകത്തിൽ 88.41 ലക്ഷം രൂപയാണ് കേരളാ സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന് വകയിരുത്തിയിരുന്നത്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം അഞ്ചു ഗഡുക്കളിലായി ആകെ 80 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി മാത്രമാണ് ധനകാര്യവകുപ്പ് നൽകിയിരുന്നത്. ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത പ്രകാരം അധിക ധനാനുമതിക്കുള്ള ശിപാർശ സമർപ്പിക്കാൻ സാധിച്ചിരുന്നില്ല.

(22.02.2024-ലെ PLGEA B1/160/2021-PLGEA നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 52-ന്മേലുള്ള കാലതാമസ പത്രിക 02.07.2024 -ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

2403-00-102-96 – വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 39,46,45,000 രൂപ (പദ്ധതിയേതരം)

പ്രാദേശിക മൃഗപരിപാലന കേന്ദ്രങ്ങൾ 9-ാം പദ്ധതിയിലാരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ,

സബ്സെന്ററുകൾ എന്നിവയിലെ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –68)

**സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന (Reappropriation) 7.43 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**(09.05.2023-ലെ ജി1/147/2021-എ.എച്ച്. നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 68-മേലുള്ള കാലതാമസ പത്രിക 09.08.2023-ന് സഭയിൽ സമർപ്പിച്ചു.)**

## 2. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

**ശിപാർശ**

2403-00-190-94 –കെ.എസ്.പി.ഡി.സി.ക്ക് സഹായം

വിഹിതം : 8,20,00,000 രൂപ (പദ്ധതി)

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സംസ്ഥാനത്തെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സുപ്രധാന പങ്ക് വഹിക്കുന്നു. ഈ കോർപ്പറേഷന്റെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ സാധിച്ചതും ഈ പദ്ധതികളിലൂടെയാണ്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ വിവിധ പദ്ധതികളുടെ തുടർ നടത്തിപ്പിന് ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഹിതം പരിമിതമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ വിധവകൾക്ക് ആശ്വാസവും സഹായവും ലഭ്യമാക്കുന്ന **കെപ്കോ ആശ്രയ** പദ്ധതിക്ക് 3 കോടി രൂപയും സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പാക്കുന്ന **കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്** പദ്ധതിയ്ക്കായി 1 കോടി രൂപയും സ്ത്രീ ശാക്തീകരണം, വനിതകൾക്ക് കൂടുതൽ

തൊഴിലവസരങ്ങൾ കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന **സ്വയം സഹായ സംഘങ്ങളിലൂടെ കോഴി വളർത്തൽ പദ്ധതിയ്ക്കായി** 1 കോടി രൂപയും നഗര പ്രദേശങ്ങളിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൾ നൽകി മുട്ടയുല്പാദനച്ചെലവ് കുറയ്ക്കുക, മാലിന്യസംസ്കരണത്തിന് ഒരു പരിധി വരെ സഹായിക്കുക, കോഴിവളം പച്ചക്കറി കൃഷിയ്ക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പാക്കുന്ന **കെപ്കോ നഗരപ്രിയ** പദ്ധതിയ്ക്കായി 1.5 കോടി രൂപയും കൂടാതെ തിരുവനന്തപുരത്ത് കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഒരു ബ്രോയിലർ ബ്രീഡിംഗ് ഫാമും, കൊല്ലം ജില്ലയിലെ കൊട്ടിയം, തൃശ്ശൂരിലെ മാള എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രം തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 2 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 8.5 കോടി രൂപ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –48)

<u>സ്വീകരിച്ച നടപടി</u>

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 8.5 കോടി രൂപ അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2415-03-277-99-36 –<u>കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി-സഹായധനം-ശമ്പളേതരം.</u>

വിഹിതം : 57,00,00,000 രൂപ (പ്ലാൻ)

2018-19 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 50 കോടി രൂപയിൽ നിന്നും 20% കുറച്ച് 40 കോടി രൂപയായി ബഡ്ജറ്റിൽ ചുരുക്കിയിരുന്നതിൽ 15 കോടി രൂപ മാത്രമേ ഇതുവരെ അനുവദിച്ച ലഭിച്ചിട്ടുള്ളുവെന്നും 2018-19-ൽ പൂർത്തീകരിക്കേണ്ട പദ്ധതികൾക്കായി 25 കോടി രൂപ ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ ധന

പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –49)

**<u>സ്വീകരിച്ച നടപടി</u>**

2018-19 സാമ്പത്തിക വർഷത്തെ പ്ലാൻ ഇനത്തിൽ നൽകേണ്ടിയിരുന്ന 40 കോടി രൂപയിൽ 15 കോടി രൂപ പ്രസ്തുത സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ പദ്ധതികൾക്കായി വിനിയോഗിക്കുന്നതിന് e-LAMS ഇനത്തിൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 25 കോടി അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2415-03-277-99-31-കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി-സഹായധനം-ശമ്പളം

വിഹിതം: 89,07,80,000 രൂപ (പദ്ധതിയേതരം)

കേരള കാർഷിക സർവ്വകലാശാലയിൽ നിന്ന് ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും ലഭിക്കാത്ത സാഹചര്യത്തിലും വെറ്ററിനറി സർവ്വകലാശാലയിൽ നിന്നു വിരമിച്ച പെൻഷനേഴ്സിന് കൊടുക്കാനുള്ള ഡി.സി.ആർ.ജി, ടെർമിനൽ സറണ്ടർ, അദ്ധ്യാപകരുടെ യു.ജി.സി കുടിശ്ശിക മുതലായവ നൽകുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 40.5542 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –50)

**<u>സ്വീകരിച്ച നടപടി</u>**

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 40.5542 കോടി രൂപ

അനുവദിച്ചിട്ടില്ല.

**ശിപാർശ**

2403-00-190-93- എം.പി.ഐ.ക്ക് സഹായം

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

മാംസോല്പാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) ലിമിറ്റഡ്, ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനു വേണ്ടി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പണി പൂർത്തിയാക്കിയ ഇടയാർ ഹൈടെക്ക് സ്ലോട്ടർ ഹൗസിന്റെ പദ്ധതി അടങ്കലിന്മേലുള്ള സർവീസ് ടാക്സ് വിഹിതമായി 1.9212 കോടി രൂപയും ഇടയാർ സ്ലോട്ടർ ഹൗസിൽ നിന്നും മാംസം പായ്ക്കുചെയ്ത് ഏത്രുർ മാംസ സംസ്കരണ യൂണിറ്റിൽ എത്തിച്ച് റെഡി-ടു-സെർവ് ഉത്പന്നങ്ങളായി സംസ്കരിച്ച് മാർക്കറ്റ് ചെയ്യുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപയും, ഇടയാറിലെ എം.പി.ഐ. കാമ്പസിലുള്ള കോഴി ഇറച്ചി സംസ്കരണ പ്ലാന്റിനോട് ചേർന്ന് അധിക ശേഷിയുള്ള ഒരു റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 2 കോടി രൂപയും, ഇടയാറിൽ എം.പി.ഐ. ക്യാമ്പസിൽ പന്നിക്കുട്ടികളെ ആവശ്യത്തിനു പരിപാലിച്ചു വളർത്താൻ അത്യാധുനിക ബ്രീഡിംഗ് ഫാം തുടങ്ങുന്നതിന് 2 കോടി രൂപയും, സപ്ലൈ ചെയിൻ ത്വരിതപ്പെടുത്താൻ ശീതീകരണ സംവിധാനമുള്ള റീഫർ വാനുകൾ വാങ്ങുന്നതിനും മൊബേൽ സെയിൽസ് വാൻ സർവ്വീസ് ഏർപ്പെടുത്തുന്നതിനും 10 മൊബൈൽ വാനുകൾ വാങ്ങുന്നതിനുമായി 2 കോടി രൂപയും, ചാലക്കുടിയിലെ പരിയാരം വില്ലേജിൽ എം.പി.ഐ.യുടെ ഉടമസ്ഥതയിലുള്ള 16 ഏക്കർ സ്ഥലത്ത് ഒരു ഓപ്പൺ ലൈവ് സ്റ്റോക്ക് ഫാം കം റെസ്റ്റിംഗ് സെന്റർ നടപ്പിലാക്കാൻ 4.5 കോടി രൂപയും, ഭക്ഷ്യ സുരക്ഷ അവയർനസ് പ്രോഗ്രാമിന് 1 കോടി രൂപയും, ഉൾപ്പെടെ ഈ ശീർഷകത്തിൽ 14.4212 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –51)

<u>**സ്വീകരിച്ച നടപടി**</u>

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 14.4212 കോടി രൂപ അനുവദിച്ചിട്ടില്ല.

<u>**ശിപാർശ**</u>

2403-00-190-93- <u>എം.പി.ഐ.ക്ക് സഹായം</u>

വിഹിതം : ഇല്ല (നോൺ പ്ലാൻ)

മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –52)

<u>**സ്വീകരിച്ച നടപടി**</u>

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 25 ലക്ഷം രൂപ അനുവദിച്ചിട്ടില്ല.

<u>**ശിപാർശ**</u>

6403-00-190-99 – <u>മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.)</u>

വിഹിതം : .9,50,00,000 രൂപ (പദ്ധതി)

ഇടയാറിൽ പ്രവർത്തിക്കുന്ന എം.പി.ഐ ഫാക്ടറിയിൽ നിന്നും കശാപ്പ് ചെയ്യുന്ന മാംസം പാക്ക് ചെയ്ത് കാർക്കാസാക്കി (carcass) കൊണ്ടു വന്ന് ഏറ്റുമാനൂർ മാംസ സംസ്കരണ യൂണിറ്റിൽ ഭക്ഷണത്തിന് പാകമാകുന്ന റെഡി ടു സെർവ് ഉല്പന്നങ്ങളാക്കി സംസ്കരിച്ച് പാക്ക് ചെയ്ത് മാർക്കറ്റ് ചെയ്യുന്നതിനായി RIDF ലോണായി 4 കോടി രൂപയും

തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത്, കിടാരി കേന്ദ്രം എന്ന പദ്ധതിയ്ക്ക് കന്നുകാലി കുട്ടികളെ വാങ്ങി വളർത്താൻ വേണ്ട സംവിധാനത്തിനും കന്നുകാലികളെ വാങ്ങുന്നതിനുമായി RIDF വായ്പയായി 5.5 കോടി രൂപയും ഉൾപ്പെടെ ആകെ 9.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക –53)

**സ്വീകരിച്ച നടപടി**

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത 9.5 കോടി രൂപ അനുവദിച്ചിട്ടില്ല.

(27/04/2024-ലെ എഫ്3/17/20219/എ.എച്ച്. നമ്പർ കത്ത് മുഖേന ലഭിച്ച 48 മുതൽ 53 വരെയുള്ള ഖണ്ഡികകളിന്മേലുള്ള കാലതാമസപത്രിക 02.07.2024-ന് സഭയിൽ സമർപ്പിച്ചു.)

**2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി ചേർന്ന 22.06.2021-ലെ സമിതി യോഗത്തിൽ, കേരളത്തിൽ കുളമ്പുരോഗം വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ സമിതി നൽകിയ നിർദ്ദേശവും സർക്കാർ സ്വീകരിച്ച നടപടികളും**

**സമിതി നിർദ്ദേശം**

കേരളത്തിനു പുറത്തു നിന്നും കൊണ്ടുവരുന്ന കന്നുകാലികൾക്ക് കൃത്യമായ പരിശോധന നടത്താത്തതിനാൽ കേരളത്തിൽ കുളമ്പ് രോഗം ക്രമാതീതമായി വർദ്ധിക്കുന്നതായി സമിതി നിരീക്ഷിച്ചു. കൂടാതെ, ചരക്ക് സേവന നികുതി നിലവിൽ വന്നതിനുശേഷം, കേരളത്തിലെ നിരവധി ചെക്ക് പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുകയാണെന്നും അപ്രകാരമുള്ള ചെക്ക് പോസ്റ്റുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികൾക്ക് ക്വാറന്റൈൻ സംവിധാനവും കൃത്യമായ പരിശോധനയും നടത്തുന്നതിനായി ഉപയോഗപ്രദമാക്കാൻ സാധിക്കുമെന്നും സമിതി വിലയിരുത്തി. അതിനുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ

മൃഗസംരക്ഷണം, നികുതി, ധനകാര്യം എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

**നികുതി വകുപ്പ് സ്വീകരിച്ച നടപടി**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി 1-ന്റെ ശിപാർശയിന്മേൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 08.11.2023 തീയതിയിൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ് തീരുമാനപ്രകാരം ക്വാറന്റൈൻ സംവിധാനത്തിനും രോഗപരിശോധനയ്ക്കും ആവശ്യമായ ചെക്ക്പോസ്റ്റുകളുടെ വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പ് സംസ്ഥാന ചരക്ക് സേവനനികുതി വകുപ്പുമായി പങ്കുവയ്ക്കുന്നതിനും ആയത് പരിശോധിച്ച് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ തീരുമാനം കൈക്കൊള്ളുന്നതിനും തീരുമാനിച്ചു. പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് തുടർ നടപടികൾക്കും, റിപ്പോർട്ടിനുമായി 14.12.2023-ലെ കത്ത് പ്രകാരം നികുതി വകുപ്പ് കമ്മീഷണർക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാണ്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്വാറന്റൈൻ സംവിധാനത്തിനും, രോഗപരിശോധനയ്ക്കും ആവശ്യമായ ചെക്ക്പോസ്റ്റുകളുടെ വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പിൽ നിന്നും എത്രയും വേഗം ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും, എന്നാൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് അപൂർണമായതിനാൽ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന് വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്നും, ആയതിനാൽ മൃഗസംരക്ഷണ വകുപ്പിന് വിവിധ ജില്ലകളിൽ ക്വാറന്റൈൻ സംവിധാനത്തിനും, രോഗപരിശോധനയ്ക്കും ആവശ്യമായ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ചെക്ക്പോസ്റ്റുകളുടെ വിശദ വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് ഓഫീസ് മുഖേന അടിയന്തരമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ ലഭ്യമാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അർദ്ധ ഔദ്യോഗിക കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും 04/10/2024 തീയതിയിലെ SGST/1587/2023-ID1 നമ്പർ കത്ത് പ്രകാരം നികുതി വകുപ്പ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർ നടപടി റിപ്പോർട്ട് താമസംവിനാ

ലഭ്യമാക്കി നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

## മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടി

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി 1-ന്റെ 02/11/2022-ൽ ചേർന്ന യോഗത്തിൽ കേരളത്തിൽ കുളമ്പുരോഗം വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് സമിതി നൽകിയ നിർദ്ദേശത്തിന്മേൽ നികുതി (സി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിക്കുകയും ചെക്ക്പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തണമെന്നും താൽക്കാലികാടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിച്ച് ക്വാറന്റൈൻ സെന്ററുകൾ ഫലപ്രദമാക്കുവാനും ജി.എസ്.ടി. വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ ഒഴിഞ്ഞുകിടക്കുന്നവ താൽക്കാലികമായി ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി വീണ്ടും ആവശ്യപ്പെടുന്നതിനും മൃഗസംരക്ഷണ വകുപ്പിനോട് നിർദ്ദേശിക്കുകയും ഇക്കാര്യത്തിൽ മന്ത്രിതലത്തിൽ യോഗം ചേരുന്നതിനായി ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിക്കുകയുണ്ടായി.

സബ്ജക്ട് കമ്മിറ്റി - 1 ന്റെ ശിപാർശയിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി 08/11/2023 ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലും ഒരു യോഗം ചേരുകയും ടി യോഗത്തിൽ,

(1) ക്വാറന്റൈൻ സംവിധാനത്തിനും രോഗപരിശോധനയ്ക്കും ആവശ്യമായ ചെക്ക്പോസ്റ്റുകളുടെ വിവരങ്ങൾ മൃഗസംരക്ഷണവകുപ്പ് സംസ്ഥാന ചരക്ക്-സേവനനികുതി വകുപ്പുമായി പങ്കുവയ്ക്കുന്നതിനും ആയത് പരിശോധിച്ച്, സംസ്ഥാന ചരക്ക് സേവനനികുതി വകുപ്പ് കമ്മീഷണർ തീരുമാനം കൈകൊള്ളുന്നതിനും,

(2) ചെക്ക്പോസ്റ്റുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നത് പ്രത്യേക പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ധനകാര്യവകുപ്പ് മുമ്പാകെ സമർപ്പിക്കുവാനും തീരുമാനിച്ചിരുന്നു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്വാറന്റൈൻ സംവിധാനത്തിനും രോഗപരിശോധനയ്ക്കും ആവശ്യമായ ചെക്ക്പോസ്റ്റുകളുടെ വിവരങ്ങൾ മൃഗസംരക്ഷണ ഡയറക്ടറേറ്റിൽ നിന്ന് സംസ്ഥാന ചരക്ക്-സേവനനികുതി വകുപ്പ് കമ്മീഷണർക്ക് നേരിട്ട് കൈമാറുകയും കൂടാതെ ഈ വിവരം മൃഗസംരക്ഷണ വകുപ്പിൽ നിന്ന് നികുതി വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്.

മേൽ വിവരങ്ങൾ ബഹു. സമിതി മുൻപാകെ ബോധിപ്പിക്കുന്നു.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സറ്റേറ്റ്മെന്റുകളുടെ വിശദാംശവും.

1. 'ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന പദ്ധതികൾ'സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

### ശിപാർശ

ജൈവവളങ്ങളുടെയും കീടനാശിനികളുടെയും ഉല്പാദനം നിയന്ത്രിക്കുന്നതിനും ഗുണനിലവാരം പരിശോധിക്കുന്നതിനുമായി കാർഷിക യൂണിവേഴ്സിറ്റിയുമായി സമന്വയിപ്പിച്ച് പ്രത്യേക പോസ്റ്റിംഗ് ഇല്ലാതെ നിലവിലുള്ള ഉദ്യോഗസ്ഥരെ വിന്യസിപ്പിച്ചുകൊണ്ട് ഒരു അതോറിറ്റി രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും പ്രസ്തുത വിഷയം ഹരിത കേരളം മിഷന്റെ യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടെന്നും നിരീക്ഷിച്ച സമിതി ആയതു സംബന്ധിച്ച തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിന് ശിപാർശ ചെയ്യുന്നു. കൂടാതെ നിയമവിരുദ്ധമായി കീടനാശിനികൾ ഉപയോഗിക്കുന്നത് കണ്ടെത്താൻ രൂപീകരിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സെൽ ശക്തിപ്പെടുത്തണമെന്നും പരിശോധനകൾ കർശനമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക - 23)

## സ്വീകരിച്ച നടപടി

മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള നിരോധിത കീടനാശിനികളുടെ കടന്നുകയറ്റവും നിരോധിത നിയന്ത്രിത കീടനാശിനികളുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിന് നിയമപരമായ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനായി 23.08.2017 തീയതിയിലെ സ.ഉ (സാധാ) നം.911/17/AD പ്രകാരം സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ സംസ്ഥാന എൻഫോഴ്സ്മെന്റ് സെല്ലും ജില്ലാ എൻഫോഴ്സ്മെന്റ് സെല്ലും ചേർന്ന് ഒരു എൻഫോഴ്സ്മെന്റ് വിംഗിന് രൂപംനൽകി. സർക്കാരിന്റെ മോശം സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, കൃഷി വകുപ്പിലെ നിലവിലെ ഉദ്യോഗസ്ഥരെ നിലനിർത്തിക്കൊണ്ടാണ് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും എൻഫോഴ്സ്മെന്റ് വിംഗിന് രൂപം നൽകിയത്.

നിരോധിത കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായ എല്ലാ കൃഷി ഓഫീസർ മാർക്കും നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ഓരോ മാസത്തിലും ക്രമമായി സന്ദർശിച്ച് നിരോധിത ഉല്പന്നങ്ങൾ വിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിരോധിത കീടനാശിനികൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ടി ഡിപ്പോകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. നിരോധിത കീടനാശിനികൾ കൈവശം വയ്ക്കുന്ന സ്റ്റോക്ക് പിടിച്ചെടുക്കുകയും ഡിപ്പോ പൂട്ടി മുദ്ര വയ്ക്കുകയും ഇൻസെക്ടിസൈഡ്സ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കീടനാശിനി ഇൻസ്പെക്ടർമാർ അവരുടെ അധികാരപരിധിയിലുള്ള ഉൽപ്പാദന യൂണിറ്റുകൾ/ മൊത്ത വിതരണക്കാർ/ചില്ലറ ഡീലർമാർ എന്നിവരിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കുകയും ഗുണപരിശോധന നടത്തുകയും വിപണിയിലെ ഉൽപ്പന്നങ്ങൾ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. സംസ്ഥാന തലത്തിൽ 4

അസിസ്റ്റന്റ് ഡയറക്ടർ (QC) മാരും ഡിപ്പോകൾ തുടർച്ചയായി സന്ദർശിച്ച ഇക്കാര്യം ഉറപ്പു വരുത്തുന്നുണ്ട്.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും തുടർന്നുള്ള നിയമനടപടികൾ നിരീക്ഷിക്കുന്നതിനുമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മൾട്ടി-ഡിപ്പാർട്ട്മെന്റ് ടാസ്ക് ഫോഴ്സുകൾ 02.11.2024 തീയതിയിലെ സ.ഉ (സാധാ) നം. 124/2024/ AGRI പ്രകാരം രൂപീകരിച്ച ഉത്തരവായിട്ടുണ്ട്.

പി. പ്രസാദ്,<br>
ചെയർപേഴ്സൺ,<br>
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,<br>
2025 സെപ്റ്റംബർ 30

# അനുബന്ധം

## 04.07.2024-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I 2024 ജൂലൈ മാസം 04-ാം തീയതി വ്യാഴാഴ്ച്ചസഭാസമ്മേളത്തിന ശേഷം ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർ പേഴ്സണും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**ഹാജരായ അംഗങ്ങൾ :**

1. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
4. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ :**

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ശ്രീ. ബി. അശോക്, അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്
3. ശ്രീമതി യാസ്മിൻ എൽ. റഷീദ്, കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്.
4. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
5. ശ്രീ. പ്രശാന്ത് എൻ., സ്പെഷ്യൽ സെക്രട്ടറി, കൃഷി വകുപ്പ്

6. ശ്രീമതി  ഷീബ ജോർജ്ജ്, ജില്ലാ കളക്ടർ, ഇടുക്കി
7. ശ്രീ. കെ. കെ. ബാലഗോപാൽ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
8. ശ്രീമതി  ലത കുമാരി എം.ബി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
9. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, കൃഷി (മൃഗസംരക്ഷണം) വകുപ്പ്
10. ശ്രീമതി  ഹെലീന തോമസ് വി., അഡീഷണൽ സെക്രട്ടറി നിയമ വകുപ്പ്
11. ശ്രീ. പി. അനിൽ പ്രസാദ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
13. ശ്രീ. ആസിഫ് കെ. യൂസഫ്, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
14. ഡോ. ബെറിൻ പത്രോസ്, ഡയറക്ടർ (പ്ലാനിംഗ്), കേരള കാർഷിക സർവ്വലാശാല
15. ശ്രീമതി ദേവകി, അഡീഷണൽ ഡിസ്ട്രിക് മജിസ്ട്രേറ്റ്, വയനാട്
16. ശ്രീമതി അനിത കുമാരി ഇ., ഡെപ്യൂട്ടി കളക്ടർ, വയനാട്
17. ഡോ. കെ.  സിന്ധു, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
18. ശ്രീ. ആനന്ദബോസ് ഡി., അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ് ), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്.
19. ശ്രീമതി രേണു പി. ഡി., അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്). മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്.
20. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
21. ശ്രീ. മദൻ കുമാർ കെ., കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല
22. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ,  കേരള ഫീഡ്സ് ലിമിറ്റഡ്

23. ഡോ. ആർ. രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
24. ഡോ. പി. സെൽവകുമാർ, മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ
25. ഡോ. സലിൽ കുട്ടി, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്
26. ശ്രീ. കെ. ടി. മഹേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
27. ശ്രീ. കെ. അനിൽ കുമാർ,  ജോയിന്റ് സെക്രട്ടറി, ധനകാര്യ  വകുപ്പ്

28. ശ്രീമതി ശാലിനി കെ. ജെ., ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന തുറമുഖ വകുപ്പ്.

29. ശ്രീമതി ടീന ഭാസ്കരൻ, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്

30. ശ്രീമതി ശാലിനി ഗോപിനാഥ്, ജോയിന്റ് ഡയറക്ടർ, ക്ഷീര വികസന വകുപ്പ്.

31. ശ്രീമതി വത്സല എസ്.ഡി., ഡെപ്യൂട്ടി സെക്രട്ടറി, കൃഷി വകുപ്പ്

32. ശ്രീ. സന്തോഷ് കുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

33. ശ്രീമതി ദീപ എസ്., ഡെപ്യൂട്ടി ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്

34. ശ്രീ. അജി എസ്., ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്

35. ശ്രീമതി ഗീത എം., സീനിയർ ഫിനാൻസ് ഓഫീസർ, മത്സ്യബന്ധന ഡയറക്ടറേറ്റ്

36. ശ്രീ. ദിനേശൻ എ. കെ., ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

37. ശ്രീ. രാജശേഖരൻ കെ. എൻ., മാനേജർ (എഫ് & എ), കേരള ഫീഡ്സ് ലിമിറ്റഡ്

38. ശ്രീ. ഫഹദ് എം., അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്

39. ശ്രീമതി ദീപ ചന്ദ്രൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി

സമിതി, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് വിവിധ വകുപ്പുകളുടെ വാർഷികപ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്-സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) കരട് ചട്ടവുമായി ബന്ധപ്പെട്ട് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ലഭ്യമാക്കിയ

റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

**I സമിതിയുടെ വിവിധ കാലയളവിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന.**

1. 2019-20 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 30541/സബ്.സി.സി2/2019/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക നം: 48 മുതൽ 53 വരെയുള്ള ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദീകരണം നൽകുവാൻ സമിതി ആവശ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത ഖണ്ഡികകൾ പരിഗണിക്കുന്ന വിവരം സമിതി ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് ശ്രദ്ധയിൽപ്പെട്ടത് എന്നുള്ള മറുപടി മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഹാജരായ ഉദ്യോഗസ്ഥൻ അറിയിച്ചു. വകുപ്പ് ഉദ്യോഗസ്ഥൻ യോഗ വിഷയം സംബന്ധിച്ച് യാതൊരു ധാരണയുമില്ലാതെയാണ് ഹാജരായിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി അജണ്ട പ്രകാരം പരിഗണിക്കുന്നതിനുള്ള നടപടി റിപ്പോർട്ടുമായി യോഗത്തിൽ ഹാജരായി സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിൽ വകുപ്പ് വീഴ്ച വരുത്തിയതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ഇത് സമിതിയോടുള്ള അനാദരവാണെന്ന് വ്യക്തമാക്കുകയും സമിതിയുടെ യോഗങ്ങളിൽ ഗൗരവപൂർവ്വം പങ്കെടുത്ത് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് അറിയിക്കുകയും ചെയ്തു.

ഖണ്ഡിക നം: 48 മുതൽ 53 വരെയുള്ള ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ ആയവ മറ്റൊരു യോഗത്തിൽ പരിഗണിക്കാൻ സമിതി തീരുമാനിച്ചുവെങ്കിലും നടപടി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചതിനാൽ അവ പരിഗണിക്കാൻ സമിതി തീരുമാനിക്കുകയും വകുപ്പിൽ നിന്നും 27/04/2024-ലെ എഫ്3/17/2019/എ.എച്ച്

നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ചെയ്തു.

2. 2021-22 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 12385/സബ്.സി.സി2/2021/നി.സെ.)

റിപ്പോർട്ടിലെ ഖണ്ഡിക നം: 52 ലെ ശിപാർശയിന്മേൽ കാലതാമസപത്രിക ഉൾപ്പെടെ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് 22.02.2024 ലെ ബി1/160/2021-PLGEA നമ്പർ കത്തു മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. 2022-23 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 13092/സബ്.സി.സി2/2022/നി.സെ.)

റിപ്പോർട്ടിലെ 52, 67, 68, എന്നീ ഖണ്ഡികളിന്മേൽ കൃഷി വകുപ്പ് കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, ഖണ്ഡിക 74 ലെ ശിപാർശയിന്മേൽ 03.01.2024 ലെ സമിതിയോഗം ആവശ്യപ്പെട്ട പ്രകാരം ലഭ്യമാക്കിയ പുതുക്കിയ നടപടി റിപ്പോർട്ട് എന്നിവ സമിതി അംഗീകരിച്ചു. ഖണ്ഡിക 101 മുതൽ 118 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട വിശദീകരണത്തിന് കൃത്യമായ മറുപടി നൽകുന്നതിൽ ക്ഷീരവികസന വകുപ്പ് ഡയറക്ടർ വീഴ്ച വരുത്തിയതിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി, യോഗങ്ങളിൽ അർഹിക്കുന്ന പ്രാധാന്യത്തോടെയും ഗൗരവത്തോടെയും പങ്കെടുക്കേണ്ടതാണെന്നും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 101 മുതൽ 118 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വിശദമായ മറുപടി ലഭ്യമായിട്ടുണ്ടെന്ന് ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥൻ ബോധിപ്പിച്ചതിനെത്തുടർന്ന് വകുപ്പ് 24.01.2024-ലെ ഡി3/225/2022-ഡിഡി നമ്പർ കത്തു മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 5438/സബ്.സി.സി2/2023/നി.സെ.)

റിപ്പോർട്ടിലെ 3, 5, 6, 20, 21, 24, 28-32, 39, 40, 49, 52, 56, 57 എന്നീ ഖണ്ഡികകളിന്മേൽ കൃഷി (പ്ലാനിംഗ്-എ) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ 4, 7, 9, 11, 14, 25, 26, 37, 38, 45, 46, 51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കൃഷി (പി.ബി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

4, 7, 9, 11, 14, 25, 26, 51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ അധിക തുക അനുവദിക്കാത്തത് സംബന്ധിച്ച് സമിതി ധനകാര്യ വകുപ്പിന്റെ വിശദീകരണം ആവശ്യപ്പെടുകയും 2401-00-108-99 എന്ന ശീർഷകത്തിൽ വകയിരുത്തിയ ബജറ്റ് വിഹിതമായ 3.75 കോടി രൂപയിൽ 2.99 കോടി രൂപ (79.82%) മാത്രമാണ് വിനിയോഗിച്ചതെന്നും അതിനാൽ അധിക തുക അനുവദിച്ചില്ലെന്നും വകുപ്പുദ്യോഗസ്ഥൻ മറുപടി നൽകുകയും ചെയ്തു.

ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി അധിക തുക അനുവദിക്കാത്തതു സംബന്ധിച്ച ബഹു. ചെയർമാന്റെ ചോദ്യത്തിന് പ്രസ്തുത ഫയൽ ധനകാര്യ വകുപ്പിലെ ബജറ്റ് വിംഗിന്റെ പരിധിയിലാണെന്ന് വകുപ്പുദ്യോഗസ്ഥൻ മറുപടി നൽകി.

2401-00-109-76 ശീർഷകത്തിൽ സമിതി ശിപാർശ ചെയ്ത 1 കോടി രൂപ കർഷക ക്ഷേമ നിധി ബോർഡിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ളതാണെന്നും ബോർഡിന്റെ പ്രവർത്തനങ്ങൾ വളരെയധികം പ്രാധാന്യമർഹിക്കുന്നതിനാൽ അധിക തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നും തുടർന്ന് ബഹു. സമിതി ചെയർമാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുകയും കർഷകരെ സഹായിക്കാനായി രൂപീകരിച്ച ബോർഡിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യത്തിൽ കർഷകരുടെ സ്ഥിതി

സംബന്ധിച്ച് സമിതി ആശങ്ക രേഖപ്പെടുത്തുകയും ചെയ്തു.

സമിതി ശിപാർശ ചെയ്യുന്ന അധിക തുക അനുവദിക്കാത്തതു സംബന്ധിച്ച് കൃത്യമായ വിശദീകരണം നൽകാൻ ധനകാര്യ വകുപ്പിന് കഴിയാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് നിരദ്ദേശിച്ച സമിതി, ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശീർഷകങ്ങളിന്മേൽ സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക ധനാഭ്യർത്ഥന അനുവദിക്കാത്തതിന്റെ വിശദീകരണം നടപടി റിപ്പോർട്ടിൽ ഉൾ പ്പെടുത്തേണ്ടതാണെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടു.

ഖണ്ഡിക 51-ൽ സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള ശീർഷകം അടിയന്തരമായി പുന:സ്ഥാപിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

റിപ്പോർട്ടിലെ കൃഷി (ഇ ബി) വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 12, 13, കൃഷി (കൃഷി) വകുപ്പുമായി ബന്ധപ്പെട്ട 15, 22, കൃഷി പി. പി. എം. സെൽ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 16, 17, 33, 34, 41, 42 എന്നിവയിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയ്ക്ക് (RKVY) കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം ആവശ്യപ്പെട്ടിരിക്കുന്ന ശീർ ഷകങ്ങളിലൊന്നും തന്നെ അധികതുക അനുവദിക്കാത്തതിന്റെ കാരണം ബഹു. ചെയർ പേഴ്സൺ ആരാഞ്ഞു.

ഖണ്ഡിക 16, 17, 33, 34, 41, 42 എന്നിവയിൽ ഉൾപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ച ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ലാത്തതിനാലാണ് ധനപുന:വിനിയോഗം വഴി ആവശ്യപ്പെട്ട അധികതുക അനുവദിക്കാത്തതെന്ന് ധനകാര്യ

വകുപ്പുദ്യോഗസ്ഥൻ മറുപടി നൽകി. ബില്ലുകൾ ഓണർ ചെയ്യാൻ

കഴിയാത്തതുകൊണ്ടാണ് അധികതുക അനുവദിക്കാതിരുന്നത് എന്നാണ് ധനകാര്യ വകുപ്പ് വ്യക്തമാക്കുന്നതെന്ന് കൃഷി വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

ഒരു പ്രവൃത്തിയുടെ ബിൽ പ്രസന്റ് ചെയ്യുമ്പോൾ അത് മാറുന്നില്ലെങ്കിൽ തുക അനുവദിക്കുന്നതെങ്ങനെയാണെന്നുള്ള ബഹു. സമിതി ചെയർമാന്റെ ചോദ്യത്തിന് ബജറ്ററി പ്രൊസസുകൾ പൂർത്തീകരിച്ചാലുടൻ വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി കൂടി അഡ്മിനിസ്ട്രേറ്റീവ് അപ്രൂവൽ നൽകുകയാണ് ചെയ്യുന്നതെന്നും നിശ്ചിത അനുപാതത്തിൽ കേന്ദ്ര വിഹിതം വകയിരുത്തേണ്ട പദ്ധതികൾ ചില സാഹചര്യങ്ങളിൽ മാർച്ച് മാസമാകുമ്പോൾ പൂർത്തീകരിക്കാൻ കഴിയാതെ വരികയും അധിക ബില്ലുകൾ വരാതിരിക്കുകയും ചെയ്യുമ്പാഴാണ് ധനകാര്യ വകുപ്പിന് ബില്ലുകൾ ഓണർ ചെയ്യാൻ സാധിക്കാത്തതെന്നും പ്രവൃത്തി പൂർത്തീകരിച്ചവയുടെ ബില്ലുകൾ പ്രസന്റ് ചെയ്തിട്ടും തുക നൽകാൻ കഴിയാത്തത് ട്രഷറിയിൽ നിന്നുണ്ടാകുന്ന തടസ്സം മൂലമാണെന്നും കൃഷി വകുപ്പ് സെക്രട്ടറി അറിയിച്ചു. 2022-23, 2023-24, 2024-25 വർഷങ്ങളിലായി 540 കോടി രൂപ കൃഷി വകുപ്പിന് ലഭിക്കാനുണ്ടെങ്കിലും 3 വർഷത്തെ ബജറ്റ് പാസ്സാകുമ്പോൾ രണ്ട് വർഷത്തെ ബജറ്റ് തുക മാത്രമേ കൃത്യമായി ലഭിക്കുകയുള്ളൂ എന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം സമയബന്ധിതമായി അനുവദിക്കാത്തതു മൂലം തുടർന്നുള്ള വർഷങ്ങളിൽ കേന്ദ്രവിഹിതം കുറയുന്നതിനു കാരണമാകുന്നുവെന്നും കേന്ദ്ര വിഹിതം അനുവദിക്കുന്നത് മുൻ മൂന്നുവർഷം ചെലവഴിച്ച തുകയുടെ ശരാശരിയുടെ അടിസ്ഥാനത്തിലായതിനാൽ RKVY പദ്ധതികളിൽ 2012-13 വർഷത്തിൽ ലഭ്യമായ തുകയുടെ മൂന്നിലൊന്നായി നിലവിലെ വിഹിതം ചുരുങ്ങിയിട്ടുണ്ടെന്നും ഇത് കൃഷി വകുപ്പിനെ സാരമായി ബാധിക്കുന്നതാണെന്നും കൃഷി വകുപ്പ് സെക്രട്ടറി വ്യക്തമാക്കി. RKVY-യുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുവാൻ ധനകാര്യ വകുപ്പ് പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണെന്ന് ബഹു. സമിതി ചെയർമാൻ നിർദ്ദേശിച്ചു.

റിപ്പോർട്ടിലെ ഖണ്ഡിക 18, 19, 23, 27, 35, 36, 43, 44, 57, 58, 62, എന്നീ ഖണ്ഡികളിന്മേൽ കൃഷി (എെ എഫ് എ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2401-00-119-78 എന്ന ശീർഷകത്തിൽ ബജറ്റ് പ്രസംഗത്തിൽ കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിന് 17 കോടി രൂപ സാങ്കേതിക സൗകര്യ വികസനത്തിന് 12 കോടി രൂപ എന്നിങ്ങനെ 2 ഇനങ്ങളിലായി തുക വകയിരുത്തുന്നുവെന്ന് പ്രഖ്യാപിച്ചെങ്കിലും ഒരിനത്തിൽ മാത്രം 17 കോടി രൂപ വകയിരുത്തിയതിനാലാണ് ധനപുന:വിനിയോഗം വഴി 12 കോടി രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടതെന്നും ഒരിനത്തിൽ തുക വകയിരുത്താൻ വിട്ടുപോയിട്ടുണ്ടാകുമെന്നാണ് അനുമാനിക്കുന്നതെന്നും ആയതിനാൽ തുക വീണ്ടും ആവശ്യപ്പെടാവുന്നതാണെന്നും ബഹു. സമിതി ചെയർപേഴ്സൺ വ്യക്തമാക്കി.

റിപ്പോർട്ടിലെ 47, 48, എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കൃഷി (കൃഷി) വകുപ്പ്, ഖണ്ഡിക 53-ലെ ശിപാർശയിന്മേൽ കൃഷി (ഫാംസ്) വകുപ്പ് ഖണ്ഡിക 54 ലെ ശിപാർശയിന്മേൽ കൃഷി (ഇ ബി) വകുപ്പ് ഖണ്ഡിക 61 ലെ ശിപാർശയിന്മേൽ കൃഷി (പി.യു) വകുപ്പ് ഖണ്ഡിക 63 മുതൽ 74 വരെയുള്ള ശിപാർശകളിന്മേൽ മൃഗസംരക്ഷണ (ജി) വകുപ്പ്, ഖണ്ഡിക 75 മുതൽ 82 വരെയുള്ള ശിപാർശകളിന്മേൽ മൃഗസംരക്ഷണ (എഫ്) വകുപ്പ് എന്നിവ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗികരിച്ചു.

റിപ്പോർട്ടിലെ 75 മുതൽ 82 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ അധിക തുക അനുവദിക്കാത്തതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ വിശദീകരണം ബഹു. സമിതി ചെയർപേഴ്സൺ ആരാഞ്ഞതിന് ഖണ്ഡിക 75, 76, 77 എന്നിവയിൽ ഉൾ പ്പെട്ട ശീർഷകങ്ങളിൽ അവസാന പ്രൊപ്പോസൽ പരിഗണിച്ചുള്ള ബജറ്റ് വിഹിതം ഇ-ലഡ്ജറിലേക്ക് മാറ്റി വച്ചിട്ടുള്ളതായും ടി തുക സെപ്റ്റംബർ വരെ വിനിയോഗി-ക്കാവുന്നതാണെന്നും ആയതിനാൽ അധിക തുക അനുവദിച്ചിട്ടില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

റിപ്പോർട്ടിലെ 83 മുതൽ 96 വരെയുള്ള ഖണ്ഡികകളിന്മേൽ ക്ഷീര വികസന

വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

'ക്ഷീരസാന്ത്വനം' സമഗ്ര ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള സമിതി അംഗത്തിന്റെ ചോദ്യത്തിന് മുൻ വർഷം ആവശ്യമായ വിഹിതം ലഭ്യമായില്ലെങ്കിലും മിൽമയിൽ നിന്നുള്ള തനതു ഫണ്ടും ഡിപ്പാർട്ട്മെന്റൽ ഫണ്ടായ 50 ലക്ഷം രൂപയും വിനിയോഗിച്ച് പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും നടപ്പു വർഷം ബജറ്റിൽ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടെന്നും ക്ഷീര വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

റിപ്പോർട്ടിലെ 97 മുതൽ 134 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ മത്സ്യബന്ധന തുറമുഖ (പി.എസ്) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

'ശുചിത്വസാഗരം സുന്ദരതീരം' പദ്ധതിക്ക് 5 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നില്ലെന്നും സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുവെന്നും നടപ്പു വർഷം ബജറ്റിൽ കൂടുതൽ തുക വകയിരുത്തിയിട്ടുള്ളതിനാൽ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്നും ഖണ്ഡിക 109 പരിഗണിക്കവേ മത്സ്യബന്ധന ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി.

ഖണ്ഡിക 110 പരിഗണിക്കവേ, തീരമൈത്രി സൂപ്പർ മാർക്കറ്റിന് സബ്സിഡി നൽകുന്നതിനായി അനുവദിച്ച തുകയും സാമ്പത്തിക നിയന്ത്രണം മൂലം അനുവദിച്ച് കിട്ടിയില്ലെങ്കിലും ക്യൂ ബില്ലിലേക്ക് പോകുകയും നടപ്പു വർഷം തുക അനുവദിക്കുകയും ചെയ്തിട്ടുള്ളതായി മത്സ്യബന്ധന ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ കുടിശ്ശിക സംബന്ധിച്ചുള്ള സമിതി അംഗത്തിന്റെ ചോദ്യത്തിന് അധിക തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

ഖണ്ഡിക 120 പരിഗണിക്കവേ, പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷയുള്ള പദ്ധതിയിൽ ഒരു കോടി രൂപയുള്ളിലുള്ള അപേക്ഷകൾ മാത്രമാണ് വന്നിട്ടുള്ളതെന്നും രജിസ്റ്റർ ചെയ്ത എല്ലായാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനാണ് അധിക തുക പ്രൊപ്പോസ് ചെയ്തതെന്നും മത്സ്യബന്ധന ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചപ്പോൾ വകുപ്പിൽ നിന്നുള്ള മറുപടിയിൽ അധിക തുക അനുവദിച്ചില്ലെന്നു മാത്രമാണ് അറിയിച്ചതെന്നും ഇത് അധികതുക ലഭിക്കാത്തതിന്റെ വിഷയമല്ലെന്നും ഇൻഷ്വറൻസിന് ഒരു കോടി രൂപയുടെ ആവശ്യംപോലും വന്നതായി കാണുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നതെന്നും സമിതി അംഗങ്ങൾ ചൂണ്ടിക്കാട്ടി.

റിപ്പോർട്ടിലെ ഖണ്ഡിക 134 ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ 'കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ' എന്നത് കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KSIDC) എന്ന് തിരുത്തണമെന്ന് മത്സ്യബന്ധന ഡെപ്യൂട്ടി ഡയറക്ടർ യോഗത്തിൽ അറിയിക്കുകയും സമിതി ആയത് അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ഇനിയും മറുപടി ലഭ്യമാക്കാനുള്ള 1, 2, 8, 10, 50, 55, 59 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് ബഹു. സമിതി ചെയർപേഴ്സൺ ആവശ്യപ്പെട്ടു. കൂടാതെ നിയമസഭാ സമിതിയെ അതിന്റേതായ ഗൗരവത്തിൽ കാണുന്നതിനും സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനും ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണെന്നും ബഹു. ചെയർപേഴ്സൺ നിർദ്ദേശിച്ചു.

II. 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് ക്ഷീര വികസന വകുപ്പ്, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കാസർഗോഡ് വികസന പാക്കേജ്, ഇടുക്കി വികസന

പാക്കേജ്, വയനാട് വികസന പാക്കേജ്), മത്സ്യബന്ധന തുറമുഖ വകുപ്പ് എന്നിവ ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

III. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്-സബോർഡിനേറ്റ് സർവ്വീസ് ഭേദഗതി കരട് ചട്ടവുമായി ബന്ധപ്പെട്ട് 03.01.2024 ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട റിപ്പോർട്ട്

(ഫയൽ നമ്പർ 15657/സബ്. സി.സി 2/2021/നി.സെ.)

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) കരട് ചട്ടം, സമിതി ആവശ്യപ്പെട്ട നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി സമർപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പ്രസ്തുത കരട് ചട്ടത്തിന്റെ നിലവിലെ സ്ഥിതി നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞപ്പോൾ നടപടി പൂർത്തിയാക്കി പി.എസ്.സി യ്ക്ക് അയച്ചിട്ടുണ്ടെന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണെന്നും ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

IV. സമിതി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 1.30 ന് അവസാനിച്ചു.

**08-10-2024-ലെ യോഗനടപടിക്കുറിപ്പ്**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I

2024 ഒക്ടോബർ 08-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പു മന്ത്രിയുമായ ശ്രീ.പി.പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രിയുമായ ശ്രീമതി ജെ.ചിഞ്ചുറാണി സന്നിഹിതയായിരുന്നു.

**<u>ഹാജരായ അംഗങ്ങൾ:</u>**

1. ശ്രീ. പി. പി. ചിത്തരഞ്ജൻ,എം.എൽ.എ
2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു,എം.എൽ.എ
3. ശ്രീ. കുറുക്കോളി മൊയ്തീൻ,എം.എൽ.എ
4. ശ്രീ. എം. വിൻസെന്റ്,എം.എൽ.എ

**<u>വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം:</u>**

ശ്രീ. അനൂപ് ജേക്കബ്,എം.എൽ.എ

**<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>**

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

**<u>ഹാജരായ ഉദ്യോഗസ്ഥർ:</u>**

1. ഡോ. എ. കൗശിഗൻ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
2. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി സുചിത്ര കെ. ആർ., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി രഹാന വി. എം., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

5. ശ്രീ. അജയകുമാർ കെ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്

7. ഡോ. ആർ. രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

8. ഡോ. കെ. സിന്ധു, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ ഡയറക്ടറേറ്റ്

9. ഡോ. ശിവദുർഗ്ഗ എസ്., ജോയിന്റ് ഡയറക്ടർ, മൃഗസംരക്ഷണ ഡയറക്ടറേറ്റ്

10. ഡോ. കെ. ലാലു, അസോസിയേറ്റ് പ്രൊഫസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

സമിതി, 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ചുവടെ സൂചിപ്പിച്ചിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. **THE KERALA VETERINARY AND ANIMAL SCIENCES UNIVERSITY (AMENDMENT) BILL, 2023**

Enacting Formula

In the second paragraph for the words and symbol " seventy-fourth year", the words and symbol "Seventy-fifth Year" shall be substituted.

Clause - 1

In sub-clause (1) of clause (1), for the figures "2023", the figures "2024" shall be substituted.

Clause - 2

In clause 2 of the Bill, proposes to amend sub-section (3) of section 44 of the principal Act, for the figure and words "1st day of March" the figures and words "30th day of September" and for the words and symbol "shall cause the same to be laid before the Legislative Assembly." the words and symbols "shall immediately cause the same to be laid before the Legislative Assembly if it is in session, and if it is not in session, in the next session immediately following such receipt." shall respectively be substitued.

പ്രസ്തുത ബില്ലിന്മേൽ സർവശ്രീ അനൂപ് ജേക്കബ്, കുറുക്കോളി മൊയ്തീൻ, എം. വിൻസെന്റ് എന്നീ സമിതി അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

## 2. 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ

പീഠിക

പീഠികയിൽ "കാര്യങ്ങൾ വ്യവസ്ഥ" എന്നീ വാക്കുകൾക്ക് പകരം "കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ" എന്നീ വാക്കുകൾ ചേർക്കുക.

പ്രസ്തുത ഭേദഗതി പരിഗണിക്കവെ, ബില്ലുകൾ ഇംഗ്ലീഷിൽ തയ്യാറാക്കി പിന്നീട് മലയാളത്തിലേയ്ക്ക് തെറ്റായരീതിയിൽ പരിഭാഷപ്പെടുത്തുന്നതിനു പകരം മലയാളത്തിൽ തന്നെ തയ്യാറാക്കിയാൽ തെറ്റുകൾ ഒഴിവാക്കാൻ കഴിയുമെന്നും അതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണെന്നും ചെയർപേഴ്സൺ നിർദ്ദേശിച്ചു.

**തത്വപ്രഖ്യാപനവാക്യം**

തത്വപ്രഖ്യാപനവാക്യത്തിലെ "എഴുപത്തിനാലാം" എന്ന വാക്കിനുപകരം "എഴുപത്തിയഞ്ചാം" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 1

ഖണ്ഡം 1(1)-ൽ "2023" എന്നീ അക്കങ്ങൾക്കുപകരം "2024" എന്നീ അക്കങ്ങൾ ചേർക്കുക.

ഖണ്ഡം 2

അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്: ഖണ്ഡം 2(എ)-യിൽ "(എ.ഐ.)" എന്നീ ബ്രാക്കറ്റിനും അക്ഷരങ്ങൾക്കും ചിഹ്നത്തിനും പകരം "(എ ഐ.)" എന്നീ ബ്രാക്കറ്റും അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡം 2(സി)-യിൽ "അതോറിറ്റിയോ" എന്ന വാക്കിന് പകരം "അതോറിറ്റിയുടെയോ" എന്ന വാക്കും "വെറ്ററിനറി ഡോക്ടർ" എന്നീ വാക്കുകൾക്ക് പകരം "വെറ്ററിനേറിയൻ" എന്ന വാക്കും ചേർക്കുക.

ഖണ്ഡം 2(എം)-ൽ "ബീജ സംഭരണ കേന്ദ്രത്തിന്റെ" എന്നീ വാക്കുകൾക്ക് പകരം "സെമൻ സ്റ്റേഷന്റെ" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 2(എൻ)-ൽ "കാള/പശുവിന്റെ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "കാള, പശു, പോത്ത്, എരുമ എന്നിവയുടെ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡം 2(ക്യൂ)-ൽ "സംസ്ഥാനതല" എന്ന വാക്ക് ഒഴിവാക്കുക.

ഖണ്ഡം 2(വൈ)-യിൽ "നിർവ്വചിച്ചിട്ടുള്ള" എന്ന വാക്കിനുശേഷം "പ്രകാരം" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 3

ഖണ്ഡം 3(2)(സി) ഇനത്തിന് ശേഷം താഴെപ്പറയുന്ന (ഡി) (ഇ) ഇനങ്ങൾ ചേർക്കുക. പുതുതായി ചേർത്ത (ഇ) ഇനത്തിന് ശേഷമുള്ള ഇനങ്ങൾ യഥാക്രമം (എഫ്), (ജി), (എച്ച്), (ഐ), (ജെ) എന്നീ ഇനങ്ങളായി പുനരക്കം ചെയ്യുക

"(ഡി) ഡയറക്ടർ, ക്ഷീരവികസന വകുപ്പ് - അംഗം;

(ഇ) സർക്കാർ മൃഗസംരക്ഷണ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ-അംഗം;"

ഖണ്ഡം 5

5-ാംഖണ്ഡത്തിലെ 1-ാം ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(1) രജിസ്ട്രാർ, ചെയർപേഴ്സണുമായി കൂടിയാലോചിച്ച്, നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും, നിർണ്ണയിക്കപ്പെടുന്ന നടപടിക്രമങ്ങൾ പാലിച്ചും അതോറിറ്റിയുടെ യോഗം ചേരേണ്ടതാണ്. "

ഖണ്ഡം 5(2)-ലെ "നാല്" എന്ന വാക്കിനുപകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 6

ഖണ്ഡം 6(1)-ലെ രണ്ടാമത്തെ വാചകത്തിനുപകരം താഴെപ്പറയുന്ന വാചകം ചേർക്കുക.

"അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ആവശ്യമായി വരുന്നപക്ഷം സർക്കാരുമായി കൂടിയാലോചിച്ച് കൊണ്ട് കരാർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാവുന്നതാണ്."

ഖണ്ഡം 6(3)-ൽ "സമിതിയിലെ അംഗങ്ങൾക്ക്" എന്നീ വാക്കുകൾക്ക് പകരം "സമിതിയിലെ അംഗങ്ങൾക്കും അതോറിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 6(2)-ൽ പറയുന്നത് പ്രകാരം കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റി രൂപീകരിക്കുന്ന ഒൻപത് അംഗങ്ങളിൽ കൂടാത്ത വിദഗ്ധരുടെ കൺസൾട്ടേറ്റീവ് പാനലിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് എങ്ങനെയാണ് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ബഹു.സമിതി ചെയർപേഴ്സൺ, എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി എന്നിവർ ആവശ്യപ്പെട്ടു. പ്രസ്തുത പാനലിൽ നിന്നും രൂപീകരിക്കുന്ന സമിതിയിലെ അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഓണറേറിയം, യാത്രാബത്ത, ദിനബത്ത എന്നിവയ്ക്ക് അർഹതയുണ്ടെന്ന് ഖണ്ഡം 6(3)-ൽ പറയുന്നതിനാൽ സർക്കാർ ഉദ്യോഗസ്ഥരല്ലെന്ന്

മനസ്സിലാക്കാൻ കഴിയുമെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. അതോറിറ്റിയിലെ നാമനിർദേശം ചെയ്ത രണ്ട് അംഗങ്ങൾക്കും സമിതിയിലെ വിദഗ്ധർക്കും മാത്രമാണ് ഓണറേറിയത്തിന് അർഹതയുള്ളതെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമായി പറയുന്നുണ്ടെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ബില്ലിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റിയുടെ രൂപീകരണം എന്നും അതോറിറ്റിയിലെ എക്സ്-ഒഫീഷ്യോ അംഗങ്ങളുടെ യാത്രാബത്ത സംബന്ധിച്ച് പ്രത്യേകമായി പറയേണ്ടതായിരുന്നുവെന്നും സമിതി അംഗങ്ങൾക്ക് യാത്രാബത്ത നിശ്ചയിച്ചത് ബില്ലിൽ ഉൾപ്പെടുത്തിയെങ്കിലും ഔദ്യോഗിക ഭേദഗതി വന്നപ്പോഴാണ് അതോറിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ടെന്ന് പറയുന്നതെന്നും ചെയർപേഴ്സൺ ചൂണ്ടിക്കാട്ടി. കൺസൾട്ടേറ്റീവ് പാനലിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച് വ്യക്തതവരുത്തണമെന്നും ബിൽ സഭയുടെ പരിഗണനയ്ക്കെത്തുമ്പോൾ ബില്ലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും വ്യക്തതയുണ്ടാകണമെന്നും ചെയർപേഴ്സൺ നിർദ്ദേശിച്ചു.

ഖണ്ഡം 7

ഖണ്ഡം 7(ബി)-യിൽ "സംസ്ഥാനത്തിനകത്തോ" എന്ന വാക്കിന് മുമ്പായി "സംസ്ഥാന പ്രജനന നയത്തിന് അനുസൃതമായി" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 7(ഇ)-ൽ "സംസ്ഥാനത്ത്" എന്ന വാക്കിന് മുമ്പായി "ഈ ആക്റ്റിലെയും ചട്ടത്തിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 7(എഫ്)-ൽ മൂന്നാമത്തെ വരിയിലെ "എ.ഐ." എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "എ ഐ." എന്നീ അക്ഷരങ്ങളും ചിഹ്നങ്ങളും ചേർക്കുക.

നിലവിലുള്ള ഖണ്ഡം 7(ജി) എന്നത് 7(ഐ) ആയി പുനരക്കം ചെയ്യുകയും നിലവിലുള്ള 7(എഫ്)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡങ്ങൾ ചേർക്കുകയും ചെയ്യുക.

'(ജി) കന്നുകാലി പ്രജനന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ,

നയങ്ങൾ മുതലായവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക;

(എച്ച്) കന്നുകാലി പ്രജനന നയം/നിയമങ്ങൾ എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുക;'

പുനരക്കം ചെയ്ത ഖണ്ഡം 7(ഐ)-ൽ "നിർവ്വഹിക്കുകയും ചെയ്യുക" എന്നീ വാക്കുകൾക്ക് പകരം "നിർവ്വഹിക്കുക" എന്ന വാക്ക് ചേർക്കുക.

## ഖണ്ഡം 8

ഖണ്ഡം 8(3)-ൽ "ഉത്തരവാദപ്പെട്ട ആളോടോ അല്ലെങ്കിൽ ഏതെങ്കിലും ആൾ" എന്നീ വാക്കുകൾക്ക് പകരം "ഉത്തരവാദപ്പെട്ട ആൾ അല്ലെങ്കിൽ മറ്റേതെങ്കിലും ആൾ" എന്നീ വാക്കുകളും "അയാളോടോ" എന്ന വാക്കിന് പകരം "അങ്ങനെയുള്ള ആളോട്" എന്നീ വാക്കുകളും ചേർക്കുക.

## ഖണ്ഡം - 9

ഖണ്ഡം 9-ൽ "ഫോറത്തിൽ" എന്ന വാക്ക് എവിടെയെല്ലാം ഉപയോഗിച്ചിട്ടുണ്ടോ അവിടെയെല്ലാം "ഫാറത്തിൽ" എന്ന വാക്ക് പകരം ചേർക്കുക.

ഖണ്ഡം 9(2)-ൽ "ആൾ/" എന്നീ വാക്കും ചിഹ്നവും ഒഴിവാക്കുക.

ഖണ്ഡം 9(6)-ൽ "കാളകളുടെ" എന്ന വാക്കിന് പകരം "വിത്തുകാളകളുടെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 9(6)(ബി)-യിൽ "എല്ലാ കാളകളും" എന്നീ വാക്കുകൾക്ക് പകരം "എല്ലാ വിത്തുകാളകളും" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 9(7)-ൽ "രേഖാമൂലം" എന്ന വാക്കിന് പകരം "എഴുതി" എന്ന വാക്ക് ചേർക്കുക.

## ഖണ്ഡം 10

ഖണ്ഡം 10(3)-ൽ "കാളകളുടെ" എന്ന വാക്കിന് പകരം "വിത്തുകാളകളുടെ" എന്ന വാക്കും "വിറ്റൊഴിവാക്കൽ" എന്ന വാക്കിന് പകരം "കയ്യൊഴിയൽ" എന്ന് വാക്കും ചേർക്കുക.

ഖണ്ഡം 11

ഖണ്ഡം 11(2)ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർണ്ണയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്."

ഖണ്ഡം 12

ഖണ്ഡം 12(2)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(2) വിത്തുകാളകളുടെ സാക്ഷ്യപ്പെടുത്തൽ, സവിശേഷ തിരിച്ചറിയൽ നമ്പർ നൽകലും പ്രദർശിപ്പിക്കലും നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതാണ്".

ഖണ്ഡം 12(3) ഒഴിവാക്കുക.

ഖണ്ഡം 13

ഖണ്ഡം 13-ലെ മാർജിനൽ ശീർഷകത്തിലെ "എ.ഐ." എന്നീ അക്ഷരങ്ങൾക്കും ചിഹ്നത്തിനും പകരം "എ ഐ." എന്നീ അക്ഷരങ്ങളും ചിഹ്നങ്ങളും "ടെക്നീഷ്യൻസിനെ" എന്ന വാക്കിന് പകരം "ടെക്നീഷ്യനെ" എന്ന വാക്കും ചേർക്കുക.

ഖണ്ഡം 14

ഖണ്ഡം 14(2)-ൽ "ബീജമാത്രകൾ/ഭ്രൂണം" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ബീജമാത്രകൾ, ഭ്രൂണം എന്നിവ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ഖണ്ഡം 15

ഖണ്ഡം 15-ലെ "രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്" എന്നീ വാക്കുകൾക്ക് ശേഷമുള്ള " , " എന്ന ചിഹ്നം ഒഴിവാക്കുക.

ഖണ്ഡം 16

ഖണ്ഡം 16(എ)-യിൽ "ആണെന്നോ" എന്ന വാക്കിനുശേഷം " ; " എന്ന ചിഹ്നം ചേർക്കുകയും "അല്ലെങ്കിൽ" എന്ന വാക്കിനുശേഷം " ; " എന്ന ചിഹ്നം ഒഴിവാക്കുകയും ചെയ്യുക.

ഖണ്ഡം 16(ബി)-യിൽ "അല്ലെങ്കിൽ" എന്ന വാക്കിനുശേഷം " ; " എന്ന ചിഹ്നം ഒഴിവാക്കുക.

<u>ഖണ്ഡം 17</u>

ഖണ്ഡം 17(1)-ൽ "ഏതൊരാൾക്കും" എന്ന വാക്കിനുശേഷം ",അത് സംബന്ധിച്ച രേഖാമൂലമുള്ള അറിയിപ്പ് ലഭിച്ച് മുപ്പത് ദിവസങ്ങൾക്കകം," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

താഴെപ്പറയും പ്രകാരം ഖണ്ഡം 17(1)-ലെ ക്ലിപ്ത നിബന്ധനയായി ഉൾപ്പെടുത്തുക.

"എന്നാൽ, നിശ്ചിത സമയപരിധിക്കകം അപ്പീൽ സമർപ്പിക്കുന്നതിന് അപ്പീൽ വാദിക്ക് കഴിയാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് അപ്പലേറ്റ് അതോറിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന കാലാവധി മുതൽ 30 ദിവസം വരെയുള്ള കാലതാമസം മാപ്പാക്കാവുന്നതാണ്."

ഖണ്ഡം 17(2)-ൽ "പരമാവധി" എന്ന വാക്കിന് പകരം", അപ്പീൽ ലഭിച്ച തീയതി മുതൽ പരമാവധി" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

<u>അദ്ധ്യായം 4</u>

അദ്ധ്യായം-4 ന്റെ ശീർഷകത്തിൽ "എന്നിവയ്ക്കുള്ള " എന്ന വാക്കിന് പകരം "മുതലായവയ്ക്കുള്ള" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം - 18</u>

ഖണ്ഡം 18-ന്റെ മാർജിനൽ ശീർഷകത്തിൽ "എന്നിവയ്ക്കുള്ള " എന്ന വാക്കിന് പകരം "മുതലായവയ്ക്കുള്ള" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 18(2)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(2) ഏതെങ്കിലും പരിസരത്ത്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നോ, ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസൃതമല്ലാതെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കാതെയും പ്രവർത്തിക്കുന്നുവെന്നോ അതോറിറ്റിക്കോ അതോറിറ്റി ചുമതലപ്പെടുത്തുന്ന വിദഗ്ധ സമിതി അംഗങ്ങൾക്കോ കാര്യകാരണസഹിതം

ബോധ്യപ്പെടുന്നപക്ഷം, ആ പ്രദേശത്ത് പ്രവേശിച്ച് സാമ്പിളുകൾ എടുക്കുകയോ, പരിശോധന, തെരച്ചിൽ എന്നിവ നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതാണ്. "

ഖണ്ഡം 18(4)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(4) അന്വേഷണം, പിടിച്ചെടുക്കൽ മുതലായവയുമായി ബന്ധപ്പെട്ട് 2023-ലെ ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലെ (2023-ലെ 46-ാം നമ്പർ കേന്ദ്ര ആക്റ്റ്) ബന്ധപ്പെട്ട വ്യവസ്ഥകൾ, ഈ വകുപ്പിന്റെ (1)-ഉം (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരമുള്ള അന്വേഷണം, പിടിച്ചെടുക്കൽ മുതലായവയ്ക്ക് ബാധകമായിരിക്കുന്നതാണ്. "

ഖണ്ഡം 19

ഖണ്ഡം 19(2)-ൽ "റിപ്പോർട്ടും" എന്ന വാക്കിനുശേഷം "അതിന്റെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 20

ഖണ്ഡം 20-ന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

"20. നിർദ്ദേശങ്ങൾ നൽകുവാനുള്ള അധികാരം. - ഈ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കും ഇത് സംബന്ധിച്ച് സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി, അതോറിറ്റിക്ക് അതിന്റെ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിലേയ്ക്കായി, ഏതെങ്കിലും ആളിനോ, ഉദ്യോഗസ്ഥനോ, അധികാരസ്ഥാനത്തിനോ രേഖാമൂലം ഏതൊരു നിർദ്ദേശവും നൽകാവുന്നതും അത്തരം ആൾ, ഉദ്യോഗസ്ഥൻ, അധികാരസ്ഥാനം, അതത് സംഗതിപോലെ, അവ പാലിക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്."

ഖണ്ഡം 23

ഖണ്ഡം 23(1)-ൽ "പരാതിയിന്മേലല്ലാതെ ഒരു കോടതിയും ഈ ആക്റ്റ് പ്രകാരമുള്ള" എന്നീ വാക്കുകൾക്ക് പകരം "പരാതിയിന്മേലല്ലാതെ, യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കാവുന്നതാണ്.

പ്രസ്തുത വ്യവസ്ഥയിൽ നിയമപ്രശ്നങ്ങളെന്തെങ്കിലുമുണ്ടോ എന്നത് സംബന്ധിച്ച് ചെയർപേഴ്സൺ ആരായുകയും ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട കേസുകളിൽ സമാനമായ രീതിയിലാണ് പരാതിയെടുക്കുന്നതെന്നും സാങ്കേതികമായ ഒഫൻസുകളിൽ ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം സാമ്പിൾ ശേഖരിക്കുകയും സാമ്പിളിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മജിസ്ട്രേറ്റ് കോടതിയിൽ പരാതി നൽകുകയും ചെയ്യുന്നത് ഫുഡ് ഇൻസ്പെക്ടർ ആണെന്നും അത്തരം കേസുകളിൽ പോലീസിന് യാതൊരു അധികാരവുമില്ലെന്നും അനധികൃത ബീജമാത്രകളുടെ ഉപയോഗം, ഉൽപാദനം, കൈവശം വയ്ക്കൽ മുതലായ സാങ്കേതിക കുറ്റകൃത്യങ്ങൾക്ക് മേൽപ്പറഞ്ഞതിന് സമാനമായ രീതിയിലാണ് നടപടിയെടുക്കുന്നതെന്നും നിയമ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഖണ്ഡം 23(2)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(2) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണ ചെയ്യാവുന്നതാണ്."

ഖണ്ഡം 23(3) ഒഴിവാക്കുക.

## ഖണ്ഡം 25

ഖണ്ഡം 25-ൽ "തദ്ദേശഅധികാരസ്ഥാനങ്ങൾ" എന്ന വാക്കിന് പകരം "തദ്ദേശാധികാരസ്ഥാനങ്ങൾ" എന്ന വാക്ക് ചേർക്കുക.

## ഖണ്ഡം 26

ഖണ്ഡം 26-ൽ "അതോറിറ്റിയുടെ പ്രവർത്തനങ്ങൾ, ഫണ്ടുകൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "അതോറിറ്റി, അതിന്റെ പ്രവർത്തനങ്ങൾ, വരവ് ചെലവ് കണക്കുകൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

## ഖണ്ഡം 27

ഖണ്ഡം 27-ലെ "1860-ലെ ഇൻഡ്യൻ ശിക്ഷാനിയമ സംഹിത (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്)" എന്നീ അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും വാക്കുകൾക്കും

ബ്രാക്കറ്റിനും പകരം "2023-ലെ ഭാരതീയ ന്യായ സംഹിത (2023-ലെ 45-ാം നമ്പർ കേന്ദ്ര ആക്റ്റ്)" എന്നീ അക്കങ്ങളും ചിഹ്നങ്ങളും വാക്കുകളും ബ്രാക്കറ്റും ചേർക്കുക.

ഖണ്ഡം 31

ഖണ്ഡം 31-ൽ "ഏത് കാര്യവും" എന്നീ വാക്കുകൾക്കു ശേഷം ", സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

ഖണ്ഡം 32

ഖണ്ഡം 32-ന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

"32. അതോറിറ്റിക്ക് ആവശ്യമായ തുക വകയിരുത്തൽ.- അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക, മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ സർക്കാർ വകയിരുത്തേണ്ടതാണ്."

തുടർന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തിയ ഖണ്ഡം 2(സി), ഖണ്ഡം 13 എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള എ.ഐ ടെക്നീഷ്യൻസിന്റെ നിർവ്വചനത്തെ സംബന്ധിച്ചും ഖണ്ഡം 25-ലെ ശീർഷകത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രാദേശിക അധികാരി ആരെന്ന് സ്പഷ്ടമാക്കേണ്ടതുണ്ടെന്നതു സംബന്ധിച്ചും പരിശോധിക്കാവുന്നതാണെന്നും 'Director and Academics of Research' എന്നത് 'Director of Academics and Research' എന്നാക്കുന്നതിനുള്ള ഭേദഗതി ബഹുമാനപ്പെട്ട മന്ത്രിക്ക് ഔദ്യോഗിക ഭേദഗതിയായി സഭയിൽ അവതരിപ്പിക്കാവുന്നതാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

ശ്രീ അനൂപ് ജേക്കബ്, എം.എൽ.എ., ശ്രീ കുറുക്കോളി മൊയ്തീൻ, എം.എൽ.എ., ശ്രീ എം.വിൻസെന്റ്,എം.എൽ.എ. എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

യോഗം വൈകുന്നേരം 5.00 മണിക്ക് അവസാനിച്ചു.

**15-10-2024-ലെ യോഗനടപടിക്കുറിപ്പ്**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I 2024 ഒക്ടോബർ 15–ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.15 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി.പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രിയുമായ ശ്രീമതി ജെ.ചിഞ്ചുറാണി സന്നിഹിതയായിരുന്നു.

**ഹാജരായ അംഗം:**

ശ്രീ. കുറുക്കോളി മൊയ്തീൻ,എം.എൽ.എ.

**വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം:**

ശ്രീ. മുരളി പെരുനെല്ലി,എം.എൽ.എ

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ശ്രീ. സി. എം. അജയ മോഹൻ, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
3. ശ്രീമതി രഹാന വി. എം., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി ലതകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
5. ശ്രീ. ബാലഗോപാൽ കെ. കെ., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
6. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. അജയ കുമാർ കെ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ

വകുപ്പ്

9. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്

10. ശ്രീമതി ശാലിനി കെ. ജെ., ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്

11. ശ്രീ. സുനിൽ കുമാർ വി. ആർ., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

12. ശ്രീ. എസ്. അനിൽദാസ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ

13. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരളാ ഫീഡ്സ് ലിമിറ്റഡ്

14. ഡോ. സലിൽ കുട്ടി, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

15. ഡോ. പി. സെൽവകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

16. ഡോ. വിനുജി ഡി. കെ., അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ ഡയറക്ടറേറ്റ്

17. ശ്രീ. വിനോദൻ ടി. പി., അഡീഷണൽ ഡയറക്ടർ (ജനറൽ), സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടറേറ്റ്

18. ഡോ. ടി. സജീവ് കുമാർ, ജനറൽ മാനേജർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

19. ശ്രീമതി ബിന്ദു സി. എസ്., ജോയിന്റ് ഡയറക്ടർ, കൃഷി ഡയറക്ടറേറ്റ്

20. ശ്രീ. അജയ് സുകുമാരൻ, ഡെപ്യൂട്ടി ഡയറക്ടർ, കൃഷി ഡയറക്ടറേറ്റ്

21. ശ്രീ. ഗോപകുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടറേറ്റ്

22. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ (പേഴ്സണൽ), കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

23. ശ്രീ. പ്രവീൺ കുമാർ എസ്., റീജിയണൽ മാനേജർ, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ
24. ശ്രീമതി പ്രിയ പി. വി., അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡയറക്ടറേറ്റ്
25. ശ്രീ. ജോസഫ് ടി. എം., അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡയറക്ടറേറ്റ്
26. ശ്രീ. അജി ടി. സി., അസിസ്റ്റന്റ് ഡയറക്ടർ, കൃഷി (പ്ലാനിംഗ്) ഡയറക്ടറേറ്റ്
27. ഡോ. എസ്. നന്ദകുമാർ, അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ (പ്ലാനിംഗ്) വകുപ്പ്
28. ശ്രീ. മഹേഷ് വി. നായിക്, അസിസ്റ്റന്റ് രജിസ്ട്രാർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
29. ശ്രീ. ഷിജു ജോസ്, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ വകുപ്പ്.
30. ശ്രീ. അജി ശ്രീധർ എസ്., ലെയ്സൺ ഓഫീസർ, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ.

സമിതി, 2020-ലെ കേരള ഫിഷറീസ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ കരട്, വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>2020-ലെ കേരള ഫിഷറീസ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസിന്റെ ഭേദഗതിയുടെ കരട്</u>

(ഫയൽ നമ്പർ 6604/സബ്.സി.സി.2/2024/ലെജി.)

2020-ലെ കേരള ഫിഷറീസ് സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസിന്റെ ഭേദഗതിയുടെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവകലാശാല (ഭേദഗതി) ആക്റ്റ്, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ്, 2021-ലെ കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും (ഭേദഗതി) ആക്റ്റ്, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് - സബോർഡിനേറ്റ് സർവീസ് സ്പെഷ്യൽ റൂൾസ് എന്നിവയിൽ രണ്ട് മാസത്തിനുള്ളിൽ കരട് ചട്ടം പുറപ്പെടുവിക്കണമെന്ന് 03-01-2024-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ സമിതി നിർദ്ദേശിച്ചെങ്കിലും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന വിഷയം സമിതി ഉന്നയിച്ചു.

2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റിന്റെ കരട് ചട്ടം തയ്യാറാക്കി നിയമ വകുപ്പിന് സമർപ്പിച്ചിരുന്നുവെങ്കിലും 2013-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടത്തിന്മേൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് പ്രസ്തുത കമ്മിറ്റിയുടെ പരിഗണനയിലിരിക്കുകയാണെന്നും നടപടി റിപ്പോർട്ടിന്മേലുള്ള തീരുമാനം ലഭ്യമായാൽ മാത്രമേ 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റിന്റെ കരട് ഭേദഗതി ചട്ടം സംബന്ധിച്ച് ഫൈനൽ റിമാർക്സ് നൽകാൻ സാധിക്കുകയുള്ളൂവെന്നും നിയമ വകുപ്പ് അറിയിച്ചിട്ടുള്ളതായി മത്സ്യബന്ധനവും തുറമുഖവും വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റിന്റെ കരട് ഭേദഗതി ചട്ടം സംബന്ധിച്ച ഫയൽ ഒരിക്കൽക്കൂടി നിയമ വകുപ്പിലേയ്ക്ക് അയയ്ക്കുകയാണെങ്കിൽ ഫയലിന്റെ റിമാർക്സ് പരിശോധിച്ച ശേഷം സാധ്യമാകുന്ന കാര്യങ്ങൾ വേഗത്തിൽ ചെയ്തുനൽകുന്നതാണെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നൽകി.

റിപ്പോർട്ടുകൾ നിശ്ചിത സമയത്തിനകം ലഭ്യമാക്കണമെന്ന സമിതി തീരുമാനം പാലിക്കാത്തപക്ഷം വകുപ്പുദ്യോഗസ്ഥർ അതിന്മേൽ കൃത്യമായ വിശദീകരണം നൽകേണ്ടതാണെന്നും സമിതി യോഗങ്ങളിൽ പരിഗണിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച

ഫയലുകൾ കൃത്യമായി പഠിച്ച് ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് വകുപ്പുദ്യോഗസ്ഥർ വ്യക്തമായ മറുപടി നൽകാൻ തയ്യാറായി യോഗങ്ങളിൽ ഹാജരാകേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

പല വകുപ്പുകളും നിയമസഭാ കമ്മിറ്റികൾക്ക് വേണ്ടത്ര ഗൗരവം നൽകുന്നില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത കരട് ചട്ടങ്ങൾ പുറപ്പെടുവിക്കു-ന്നതിനായി രണ്ട് മാസത്തെ സമയം നൽകിക്കൊണ്ട് 2024 ജനുവരി 3-ാം തീയതിയിലെ യോഗത്തിൽ തീരുമാനമെടുത്തെങ്കിലും നാളിതുവരെയായി ഒരു നടപടിയും സ്വീകരിക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തി.

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KLDC)-2018-19 മുതൽ 2023-24 വരെയും കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ 2021-22 ലെയും മത്സ്യബന്ധന വകുപ്പിന്റെ 2023-24 ലെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ വയനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നിവ സംബന്ധിച്ച കാലതാമസ-പത്രികകളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി (2022-23) യുടെ 2-ാംമത് റിപ്പോർട്ടിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട 53, 56 എന്നീ ഖണ്ഡികകളിന്മേലും വെയർഹൗസിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട ഖണ്ഡിക 76 ന്മേലുമുള്ള നടപടി റിപ്പോർട്ടുകളും ലഭിക്കാനുള്ളതായി സമിതി ചൂണ്ടിക്കാണിക്കുകയും കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ വകുപ്പുകളിൽനിന്നുള്ള കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായും സമയബന്ധിതമായും സമിതിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ ചട്ടങ്ങളുടെ ഭേദഗതി സംബന്ധിച്ച് നിയമ-മത്സ്യബന്ധന വകുപ്പുകൾ സംയുക്ത യോഗം ചേർന്ന് കരട് ചട്ടങ്ങൾ അടിയന്തരമായി സമർപ്പിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

## II. സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശക-ളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന

1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന

സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 68 ലെ ശിപാർശയിന്മേൽ മൃഗസംരക്ഷണ (ജി) വകുപ്പ് ലഭ്യമാക്കിയ പുതുക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 12385/സബ്.സി.സി.2/2021/നി.സെ.)

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 77 മുതൽ 93 വരെയുള്ള ശിപാർ ശകളിന്മേൽ മൃഗസംരക്ഷണ (ജി) വകുപ്പ്, ഖണ്ഡിക 61 ലെ ശിപാർശയിന്മേൽ കൃഷി(പി. യു.) വകുപ്പ് എന്നിവ കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 73 മേൽ കൃഷി(പി. യു.) വകുപ്പിൽ നിന്നും ലഭിച്ച നടപടി റിപ്പോർട്ട് പരിഗണിക്കവെ ബജറ്റ് വിഹിതമായി e-lams-ൽ പോസ്റ്റ് ചെയ്തിരുന്ന 3.20 ലക്ഷം രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതായി വകുപ്പുദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിച്ച സമിതി ശരിയായ നടപടിക്രമം പാലിച്ച് സ്റ്റേറ്റ്മെന്റ് രൂപത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

(ഫയൽ നം. 13092/സബ്.സി.സി2/2022/നി.സെ.)

3. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 1, 8, 10, 50 എന്നിവയിലെ ശിപാർ ശകളിന്മേൽ കൃഷി (എൻ.സി.എ.) വകുപ്പും ഖണ്ഡിക 59, 60 എന്നിവയിലെ ശിപാർ ശകളിന്മേൽ ആസൂത്രണസാമ്പത്തികകാര്യ(ബി) വകുപ്പും കാലതാമസ പത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 5438/സബ്.സി.സി.2/2023/നി.സെ.)

## III. വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ

വിവിധ സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത്

സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള താഴെപ്പറയുന്ന കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

| ക്രമ നം. | സ്ഥാപനത്തിന്റെ/വകുപ്പിന്റെ പേര് | ഫയൽ നമ്പർ | വർഷം |
|---|---|---|---|
| 1 | കേരള ഫീഡ്സ് ലിമിറ്റഡ്,<br>മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്,<br>കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ,<br>കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല<br>(മൃഗസംരക്ഷണ (ജി) വകുപ്പ്) | 453/സബ്.സി.സി2/ 2020/നി.സെ. | 2019-20 |
| 2 | കേരള ഫീഡ്സ് ലിമിറ്റഡ്,<br>മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്,<br>കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ,<br>കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല<br>(മൃഗസംരക്ഷണ (ജി) വകുപ്പ്) | 1863/സബ്.സി.സി2/ 2021/നി.സെ. | 2020-21 |
| 3 | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ<br>(ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്) | 794/സബ്.സി.സി2/ 2023/നി.സെ. | 2022-23 |
| 4 | കാസറഗോഡ് വികസന പാക്കേജ്<br>(ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്) | 832/സബ്.സി.സി2/ 2024/നി.സെ. | 2023-24 |

യോഗം വൈകുന്നേരം 4.45-ന് അവസാനിച്ചു.

**17.02.2025-ലെ യോഗനടപടിക്കുറിപ്പ്**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I 2025 ഫെബ്രുവരി 17-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് നിയമസഭാ

സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിംഗ് മുഖേന) യോഗം ചേർന്നു.

തദവസരത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. സജി ചെറിയാൻ വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

**ഹാജരായ അംഗം :**

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**വീഡിയോ കോൺഫറൻസിംങ് മുഖേന പങ്കെടുത്ത അംഗങ്ങൾ**

1. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ :**

1. ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
2. ഡോ. അരുൺ എസ്. നായർ, ഡയറക്ടർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ
3. ശ്രീ. സാജു കെ. സുരേന്ദ്രൻ, ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

4. ഡോ. ബെറിൻ പത്രോസ്, ഡയറക്ടർ (പ്ലാനിങ്), കേരള കാർഷിക സർവ്വകലാശാല

5. ശ്രീ. ജാഫർഖാൻ എസ്., അഡീഷണൽ സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

6. ശ്രീ. സുരേഷ്‌കുമാർ കെ., അഡീഷണൽ സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

7. ശ്രീമതി ലതകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി (പ്ലാനിങ്), ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

8. ശ്രീമതി സലീനാമ്മ കെ. പി., അഡീഷണൽ ഡയറക്ടർ (പ്ലാനിങ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

9. ശ്രീ. സുനിൽ എ. ജെ., അഡീഷണൽ ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

10. ശ്രീമതി ബീനാമോൾ ആന്റണി, അഡീഷണൽ ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

11. ശ്രീ. ആനന്ദ ബോസ് ഡി., അഡീഷണൽ ഡയറക്ടർ (സോയിൽ കൺസർവേഷൻ), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

12. ശ്രീ. വിനോദൻ ടി. പി., അഡീഷണൽ ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

13. ശ്രീമതി മീന ടി. ഡി., അഡീഷണൽ ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

14. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ശ്രീമതി ജയലക്ഷ്മി ടി. എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

16. ശ്രീമതി യാസ്മിൻ എൽ. റഷീദ്, ലാൻഡ് യൂസ് കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്

17. ശ്രീ. കണ്ണൻ എസ്. വെളിന്തറ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷൻ

18. ശ്രീമതി ഷൈലാമ്മ കെ., ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

19. ശ്രീമതി ബിന്ദു വിവേക ദേവി, ജോയിന്റ് ഡയറക്ടർ (ഫാംസ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

20. ശ്രീമതി ജ്യോതി കെ. ഐ., ജോയിന്റ് ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

21. ശ്രീമതി മിനി സി. എൽ., ജോയിന്റ് ഡയറക്ടർ (ഫാമിങ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
22. ശ്രീ. അജിത് കുമാർ പി. യു., ജോയിന്റ് ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
23. ശ്രീമതി ടീന ഭാസ്കരൻ, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
24. ശ്രീ. മദൻ കുമാർ കെ., കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല
25. ശ്രീ. ഡി. വിമൽ കുമാർ, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷൻ
26. ശ്രീ. അനൂപ് എം. ആർ., ഡെപ്യൂട്ടി സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
27. ശ്രീ. അബ്ദുസമദ് കെ. പി., ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ കൺസർവേഷൻ), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
28. ശ്രീമതി ദീപ എസ്., ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവ്വേ), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
29. ശ്രീ. അജയ് സുകുമാരൻ, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിങ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
30. ശ്രീ. രാജേഷ് കൃഷ്ണൻ ആർ. കെ., ഡെപ്യൂട്ടി മാനേജർ (ഐ.ടി.), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
31. ശ്രീമതി ദീപ ചന്ദ്രൻ, ഡിസ്ട്രിക്ട് പ്ലാനിങ് ഓഫീസർ (ഇടുക്കി), ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
32. ശ്രീമതി വിദ്യ സി., അസിസ്റ്റന്റ് ഡയറക്ടർ (ഫാംസ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
33. ശ്രീമതി നിരഞ്ജന എൻ. എസ്., അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ കൺസർവേഷൻ), മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
34. ശ്രീമതി സീമ വി., അസിസ്റ്റന്റ് ഡയറക്ടർ (വെജിറ്റബിൾ സെൽ), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
35. ശ്രീ. ഷെയ്സ് എസ്., അസിസ്റ്റന്റ് ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
36. ശ്രീ. അജിത് സി., അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിങ്), കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
37. ശ്രീമതി നിത എം., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & സെക്രട്ടറി (ഇൻ-

ചാർജ്ജ്), കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ

38. ശ്രീമതി റിസ്വാന ബായി, അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ

39. ശ്രീ. ചന്ദ്രൻ വി., സ്പെഷ്യൽ ഓഫീസർ, കാസർഗോഡ് വികസന പാക്കേജ്

40 ശ്രീമതി ധീരറാണി കെ. എസ്., അസിസ്റ്റന്റ് മാനേജർ, കേരള സ്റ്റേറ്റ് വെയർ ഹൗസിങ് കോർപ്പറേഷൻ

41. ശ്രീമതി സരിത കെ. യു., ഫിനാൻസ് ഓഫീസർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

42. ശ്രീ. അജിശ്രീധർ എസ്., ലെയ്സൺ ഓഫീസർ, കേരള സ്റ്റേറ്റ് വെയർ ഹൗസിങ് കോർപ്പറേഷൻ

43. ശ്രീമതി ഷീജ സി., റിസർച്ച് ഓഫീസർ, ഡിസ്ട്രിക്ട് പ്ലാനിങ് ഓഫീസ്, വയനാട്

44. ഡോ. എൻ. സി. അനിൽ കുമാർ, സയന്റിസ്റ്റ്, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ

45. ശ്രീമതി സിന്ധുമോൾ ബി., അക്കൗണ്ട്സ് ഓഫീസർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ

46. ശ്രീമതി ഷീജ എം., എ.പി.ഇ., കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ

സമിതി 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി), XXX (ഭക്ഷ്യം) എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

(ഫയൽ നമ്പർ KLS/1059/2025-Sub CC2)

## ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി

2401-00-001-88 –മലബാർ മാർക്കറ്റ് കമ്മിറ്റികളള സഹായം

പ്രസ്തുത ശീർഷകത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യം രേഖപ്പെടുത്തിയിട്ടുള്ളതിൽ 2023-24 സാമ്പത്തിക വർഷത്തെ ചെലവായ തുക രേഖപ്പെടുത്താതിരുന്നതും 2020-21 സാമ്പത്തിക വർഷത്തിനുശേഷം ഏകദേശം 60 ലക്ഷത്തോളം രൂപയാണ് ചെലവ് വന്നിട്ടുള്ളതെങ്കിലും നടപ്പ് വർഷം 30 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടതും സംബന്ധിച്ച് സമിതി അംഗം വകുപ്പുദ്യോഗസ്ഥരോട്

വിശദീകരണം ആവശ്യപ്പെട്ടു.

പ്രസ്തുത ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ചെലവ് 56.8 ലക്ഷം രൂപയാണെന്നും 2020-21 സാമ്പത്തിക വർഷത്തെ വിഹിതമായ 91 ലക്ഷം രൂപ തുടർന്നു വന്ന വർഷങ്ങളിലും ആവശ്യമായിരുന്നെങ്കിലും അതിനുശേഷം അത്രയും തുക അനുവദിച്ചിട്ടില്ലാത്തതിനാൽ നാല് വർഷമായുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്നതിനാണ് 30 ലക്ഷം രൂപ അധികമായി ആവശ്യപ്പെടുന്നതെന്നും വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും പെൻഷനും ക്ഷാമബത്തയും നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-001-86 –ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ

കൃഷി വകുപ്പിന് കീഴിലുള്ള കൃഷി ഭവൻ ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, പരിപാലനം എന്നിവയ്ക്കും കൃഷി ഡയറക്ടറേറ്റ് മുതൽ കൃഷി ഭവൻ വരെയുള്ള എല്ലാ ഓഫീസുകളിലേക്കും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനും വകുപ്പിലെ എല്ലാ ഗസറ്റഡ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുള്ള BSNL മൊബൈൽ സിം കാർഡ് പുതുക്കുന്നതിനും കമ്പ്യൂട്ടറുകൾ, ആക്സസറികൾ എന്നിവ വാങ്ങുന്നതിനും നെറ്റ് വർക്കിംഗ്, സൈറ്റ് തയ്യാറാക്കൽ എന്നിവയ്ക്കും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസനം, വീഡിയോ കോൺഫറൻസ്/ വെർച്വൽ ക്ലാസ് റൂം ഉൾപ്പെടെയുള്ള ഐ.റ്റി.സി. അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, നവീകരണം, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം എന്നീ ഘടകങ്ങളിലുമായി 5.313 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-102-90 –ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപ്പാദനോപാധികൾക്ക് ആനുകൂല്യം നൽകുന്നതിനായും കൃഷി സ്ഥലമുടമകൾക്ക് റോയൽറ്റി നൽകുന്നതിനായും 40 കോടി രൂപയും 2024-25 നവംബർ മാസം വരെയുള്ള കമ്മിറ്റഡ് ക്ലെയിമുകൾ മാറി നൽകുന്നതിനായി 44.81 കോടി രൂപയും ഉൾപ്പെടെ 84.81 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-102-76-02 - കൂടുതൽ വിളവ് ഓരോ തുള്ളിക്കും - പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ ഘടക പദ്ധതി - (60% സി.എസ്.എസ്) സംസ്ഥാന വിഹിതം

കേന്ദ്രാവിഷ്കൃത പദ്ധതിയായ "പെർ ഡ്രോപ്പ് മോർ ക്രോപ്" 2025-26 വർഷം 100 കോടി രൂപയുടെ റിവൈസ്ഡ് അലോക്കേഷൻ പരിഗണിച്ച് പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 83.62 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-103-87- നാളികേര വികസനം

2025-26 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന 54 കേര ഗ്രാമങ്ങൾ, 15 ലക്ഷം തെങ്ങുകൾക്കായുള്ള കേര രക്ഷാവാരം, തെങ്ങിൻതൈ വിതരണം, വിത്ത് തേങ്ങാ സംഭരണം, പോളിനേഷൻ തൊഴിലാളികൾക്കുള്ള വേതനം, മറ്റ് വേതന ചെലവുകൾ, രണ്ടാം വർഷ, മൂന്നാം വർഷ കേര ഗ്രാമങ്ങൾക്കുള്ള പിന്തുണ ഉൾപ്പെടെയുള്ള പദ്ധതികൾക്കും 2024-25 വർഷത്തെ കമ്മിറ്റഡ് ക്ലെയിമുകൾ അനുവദിക്കുന്നതിനായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 47 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-103-75 –ലൊക്കേഷൻ സ്പെസിഫിക് സ്കീം

ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയിലൂടെ വിള വൈവിധ്യവത്ക്കരണത്തിനും വിള തീവ്രതയ്ക്കും മുൻ വർഷത്തെ കുടിശ്ശിക തുക അനുവദിക്കുന്നതിനായി 65 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-103-74-01 - നാളികേര വികസന ബോർഡ് പദ്ധതികൾ - (സംസ്ഥാന വിഹിതം) - പ്രാദേശിക നാളികേര നഴ്സറികൾ സ്ഥാപിക്കൽ

നാളികേര വികസന ബോർഡ് പദ്ധതിയുടെ ഭാഗമായി വിത്ത് തേങ്ങാ സംഭരിച്ച് തൈകൾ ഉത്പാദിപ്പിക്കുന്ന പരിപാടിയുടെ സംസ്ഥാന വിഹിതമായി 47.87 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-91 –ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

തിരഞ്ഞെടുത്ത ഫാമുകളിൽ കാർബൺ ന്യൂട്രൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായും ജില്ലാ കൃഷിത്തോട്ടം നേരിയമംഗലം, ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നെല്ലിയാംപതി എന്നിവയ്ക്ക് അംഗീകൃത ഏജൻസി വഴി കാർബൺ ഫുട്ട് പ്രിന്റ് വിലയിരുത്തലിനായും ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം, 2022-23-ലെ ഫാമുകളുടെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള സമഗ്ര വികസനം എന്നിവയ്ക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്

ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-86 (01)- ഫാം സെക്ടറുകൾക്ക വേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി - കടാശ്വാസ കമ്മീഷൻ

കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ അവാർഡ് അനുസരിച്ച് കാർഷിക കടാശ്വാസമായി നാളിതുവരെ നൽകുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിനായി 188 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-72-02 - പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) 60% കേന്ദ്രാവിഷ്കൃതം - സംസ്ഥാന വിഹിതം

ഭാരതീയ പ്രകൃതി കൃഷി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 16.71675 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-104-70-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 12.6265 കോടി രൂപ ഈ ശീർ

ഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-69-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്”എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 11.0335 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-67 –കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ

ഒരു കൃഷിയിടത്തിൽ നിന്നും ഉല്പാദനം, ഉല്പാദനക്ഷമത, വരുമാനം എന്നിവ പരമാവധിയാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ ഫാം പ്ലാനുകളിൽ മുൻ വർഷങ്ങളിൽ നന്നായി ചെയ്തിട്ടുള്ളവയ്ക്ക് പുതിയ നിർണ്ണായക ഘടകങ്ങൾ പിന്തുണയായി നൽകി കർഷകരുടെ വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-66 –കൃഷി സമൃദ്ധി

500 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ ഭാഗമായി പരിശീലനങ്ങൾ, കാമ്പയിനുകൾ, കൃഷിക്കൂട്ടം പുന:സംഘടിപ്പിക്കുന്നതിനുള്ള യോഗങ്ങൾ, വാർഡ് തല രൂപീകരണം, എൽ.എസ്.ജി. ഫെഡറേഷൻ എന്നിവയ്ക്കുള്ള ചെലവുകൾ, അതിലേക്കുള്ള ബ്ലോക്ക്, ജില്ലാ തല നടപ്പാക്കലും നിരീക്ഷണവും, കമ്മിറ്റി യോഗങ്ങൾ, പരിശീലനങ്ങൾ എന്നിവയുടെ ഭരണ ചെലവുകൾ - കാമ്പയിനും പബ്ലിസിറ്റിയും എന്നിവ നടപ്പിലാക്കുന്നതിനായി 75 ലക്ഷം രൂപയും ഉല്പാദന/വിപണന

പദ്ധതി തയ്യാറാക്കൽ, സാങ്കേതിക പരിശീലനം, ഉല്പാദനം, മാർക്കറ്റിംഗ്, മൂല്യവർദ്ധന ഘടകങ്ങൾ എന്നിവയ്ക്കുള്ള മൈക്രോ പ്ലാൻ അന്തിമമാക്കൽ, പ്രിന്റിങ്ങും, മോണിറ്ററിങ്ങും എന്നീ ഘടകങ്ങൾക്കായി 1.25 കോടി രൂപയും മൈക്രോ പ്ലാൻ (മാർക്കറ്റിംഗ് പ്ലാൻ) പ്രകാരം മോഡൽ പ്ലോട്ടിനുള്ള പിന്തുണ എന്നീ ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 2.5 കോടി രൂപയും ഉൾപ്പെടെ 4.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-105-86 – ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ

രണ്ട് രാസവളപരിശോധന ലാബുകളും ഒരു ജീവാണുവള പരിശോധന ലാബും ആധുനികീകരിക്കുന്നതിന് പരിശോധന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി, സംരക്ഷണ ലബോറട്ടറിയുടെ വൈദ്യുതീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങൽ, റിവോൾവിംഗ് ഫണ്ട് എന്നിവയ്ക്കും രണ്ട് രാസവള പരിശോധന ലാബുകളുടെയും കീടനാശിനി പരിശോധനാ ലാബിന്റെയും പരിശോധന ഫലങ്ങളുടെ നിലവാരം ഉയർത്തുന്നതിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അക്രഡിറ്റേഷൻ നേടുന്നതിന് കെട്ടിടം നവീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് പരിശോധനശാലകൾ സജ്ജമാക്കുന്നതിനും കൃഷി വകുപ്പിന് കീഴിലുള്ള മണ്ണ് പരിശോധന ലാബുകളുടെ NABL അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനുമായും 2024-25 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് ക്ലെയിം നൽകുന്നതിനുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായും മൊബൈൽ മണ്ണ് പരിശോധന ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും ബി.എം.എഫ്.സി. യുടെ നിലവിലുള്ള ടിഷ്യൂ കൾച്ചർ വാഴ തൈ ഉല്പാദനം 5 ലക്ഷത്തിൽ നിന്നും 2025-26 സാമ്പത്തിക വർഷത്തിൽ 15 ലക്ഷമായി ഉയർത്തി

കൊണ്ടുവരിക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായും അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സംവിധാനങ്ങളും ഒരുക്കുന്നതിനും, നിലവിലുള്ള കമ്മിറ്റഡ് എക്സ്പെൻഡിച്ചർ കൊടുത്തു തീർക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.73 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-105-85 –ഓർഗാനിക് ഫാമിംഗ്

ജൈവ കൃഷി മിഷന്റെ ഭാഗമായി കാർഷിക ഇനങ്ങളെ ജൈവ കൃഷിയിൽ ഉൾപ്പെടുത്തി സർട്ടിഫൈ ചെയ്യുന്നതിനും തുടർന്ന് ലേബൽ ചെയ്ത് അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിനുമായി 1 കോടി രൂപയും എല്ലാ ജില്ലകളിലും ജൈവ കൃഷി നടപ്പിലാക്കുന്നതിനായി ജില്ലാ നോഡൽ ഓഫീസർമാരേയും തിരഞ്ഞെടുത്ത ഉദ്യോഗസ്ഥരേയും മറ്റ് പ്രതിനിധികളേയും ഉൾപ്പെടുത്തി മികച്ച ജൈവ/പ്രകൃതി കൃഷി മുറകൾ അവലംബിക്കുന്ന സ്ഥലങ്ങളിൽ പഠന യാത്രയും പ്രായോഗിക പരിശീലന സംവിധാനങ്ങളും ഒരുക്കുന്നതിനായി 5 ലക്ഷം രൂപയും ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ട്രെയിനിംഗുകളും സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുന്നതിനായി 20 ലക്ഷം രൂപയും ആലപ്പുഴ ജില്ലയിൽ വരിനെല്ല് നിയന്ത്രിക്കുന്നതിനുള്ള ജൈവിക പദ്ധതിക്കായി 1.743185 കോടി രൂപയും ഉൾപ്പെടെ 2.993185 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-107-78 –വിളകളുടെ ആരോഗ്യ സംരക്ഷണം

പ്രസ്തുത പദ്ധതിക്കായി പുതിയ പ്ലാൻ ഹെൽത്ത് ക്ലിനിക്ക് നടപ്പിലാക്കുന്നതിനായി കമ്മിറ്റഡ് ഇനത്തിൽ 74 ലക്ഷം രൂപയും കൃഷി ഭവനുകളോട് അനുബന്ധിച്ച് പ്രവർത്തിച്ച് വരുന്ന 295 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ

ശാക്തീകരണത്തിനായി 50 ലക്ഷം രൂപയും KCPM ന്റെ അനുബന്ധ ചെലവുകൾക്ക് 5 ലക്ഷം രൂപയും വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷി നാശം തടയുന്നതിനായി 6.8 കോടി രൂപയും ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ പ്രവർത്തിച്ചുവരുന്ന കരാർ ജീവനക്കാർക്ക് വേതന വർദ്ധനവ് വരുത്തി വേതനം നൽകുന്നതിന് 1 കോടി രൂപയും ഉൾപ്പെടെ 9.09 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-108-59 –<u>സുഗന്ധദ്രവ്യങ്ങളുടെ വികസനം</u>

കുരുമുളക് കൃഷി ഫലപ്രദമായി നടപ്പാക്കുന്നതിന് 3.2 കോടി രൂപയും ഇഞ്ചി, മഞ്ഞൾ കൃഷി കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതിനു നൽകേണ്ടതായ തുക 25 ലക്ഷം രൂപയും ജാതി കൃഷി കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതിനു 4 ലക്ഷം രൂപയും ഗ്രാമ്പൂ കൃഷി കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയതിനു 1.37 ലക്ഷം രൂപയും ഉൾപ്പെടെ 3.5037 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-84 –<u>കാർഷിക വിജ്ഞാനവും വ്യാപനവും</u>

കേരള കർഷകൻ മാസിക ഗുണമേന്മ ഉറപ്പാക്കി തടസ്സമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനായി 1.25 കോടി രൂപയും ഫാം ഇൻഫർമേഷൻ ബ്യൂറോക്ക് പുതിയ കെട്ടിടം പണിയുന്നതിന് 3 കോടി രൂപയും മറ്റ് പ്രധാന പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ, സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശിൽപശാലകൾ, ഉപദേശകസമിതി യോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ്, ഇന്ധനചെലവുകൾ, യാത്രാ ചെലവുകൾ മുതലായവയ്ക്കുമായി 3.7 കോടി രൂപയും ഉൾപ്പെടെ 7.95 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-80 –കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

കൃഷി ഭവൻ തലത്തിൽ കർഷകസഭ, ഞാറ്റുവേലച്ചന്ത പദ്ധതി നടപ്പിലാക്കുന്നതിന് 32.28 ലക്ഷം രൂപയും കാർഷിക മേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾക്ക് ഫണ്ട് നൽകാനായി 1 കോടി രൂപയും ആത്മ പ്രോജക്ട്, 2023-24, 2024-25 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ കുടിശ്ശിക, ഈ സാമ്പത്തിക വർഷത്തെ നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 50 ലക്ഷം രൂപയും സെമിനാറുകൾ, ജില്ലാതല സമ്മേളനങ്ങൾ, വർക്ക്ഷോപ്പുകൾ എന്നിവയ്ക്കായി 3 ലക്ഷം രൂപയും കാർഷിക വികസന സമിതി യോഗങ്ങൾ എന്ന ഘടകത്തിന് 2023-24 വർഷത്തെ സ്മാർട്ട് കൃഷി ഭവൻ പദ്ധതിയ്ക്കായി 7.7987 കോടി രൂപയും കൃഷി ഭവനുകളിലും ബ്ലോക്കുകളിലും അടിയന്തരമായി നടപ്പിലാക്കേണ്ട അപ്രതീക്ഷിത മൂലധന ചെലവുകൾക്കായി 2024-25 വർഷത്തെ കമ്മിറ്റഡ് ക്ലെയിം തുക ആയ 46.55 ലക്ഷം രൂപയും ഉൾപ്പെടെ 11.8208 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-65-02 - അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, റീസ്ട്രക്ചേർഡ് വെതർ ബേസ്ഡ് ക്രോപ് ഇൻഷുറൻസ് സ്കീം എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി മുൻവർഷം 83.499 കോടി രൂപ ആവശ്യമായി വന്നതിനാൽ നടപ്പുവർഷം അധികമായി 65.6990259 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-59-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"രാഷ്ട്രീയ കൃഷി വികാസ് യോജന"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 13.35 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 20.025 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 70.0085 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-58-02 - കാർഷിക യന്ത്രവത്ക്കരണ ഉപദൗത്യം (എസ്.എം.എ.എം) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 2025-26 വർഷം 150.43 കോടി രൂപയുടെ റിവൈസ്ഡ് അലോക്കേഷൻ പരിഗണിച്ച് പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 17.8 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 26.7 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 81.29225 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-57-02–തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതു വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ

10.68 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 16.02 കോടി രൂപ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 31.834 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-110-82 –പുന:സ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

എയിംസ് പോർട്ടൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച വിളനാശത്തിനുള്ള ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 22.9443142 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-111-96-02 - ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ) അഗ്രികൾച്ചർ - (40%) - സംസ്ഥാന വിഹിതം

"ഡിജിറ്റൽ ക്രോപ് സർവ്വേ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 27.8037 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-113-83 –കാർഷിക സേവനകേന്ദ്രവും സേവനം എത്തിക്കലും

2024-25 സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് എക്സ്പെൻസ് ആയി 2.6 കോടി രൂപയും മെഷിനറി ക്യാമ്പ് സംഘടിപ്പിക്കുന്നതിന് വേണ്ടി 70.45 ലക്ഷം രൂപയും ഉൾപ്പെടെ 3.3045 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-114-97-02 - നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് - ഓയിൽ പാം

– (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്""എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പൊതുവിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 9.325 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-115-99-33 -ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി - സബ്സിഡികൾ

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിന് 13 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-85– കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

സമഗ്ര പച്ചക്കറി വികസനം (സമ്പൂർണ്ണ പച്ചക്കറി യജ്ഞം) പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനുമായി 12 കോടി രൂപയും പോഷക സമൃദ്ധി മിഷന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഘടകങ്ങൾ നടപ്പിലാക്കുന്നതിനായി 9.444 കോടി രൂപയും സമഗ്ര പച്ചക്കറി വികസനം പദ്ധതിയിൻകീഴിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാർക്ക് 2025-26 സാമ്പത്തിക വർഷം വേതനം മാറി നൽകുന്നതിന് 10.6 ലക്ഷം രൂപയും Technical support and contractual appointments എന്ന ഘടകത്തിലും 2024-25 സാമ്പത്തിക വർഷത്തിൽ വിവിധ ഘടകങ്ങളിലായി കമ്മിറ്റഡ് എക്സ്പെൻഡിച്ചർ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 26.93 കോടി രൂപയും ഉൾപ്പെടെ 48.48 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി

അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-79 - ഔഷധ സസ്യങ്ങളുടെയും പഴം/പൂവ് എന്നിവയുടെയും വികസനം

2024-25 സാമ്പത്തിക വർഷത്തിൽ വിവിധ ഘടകങ്ങളിലായി കമ്മിറ്റഡ് എക്സ്പെൻഡിച്ചർ ഇനത്തിൽ 5.6 കോടി രൂപയും സംസ്ഥാനത്തെ 14 ജില്ലകളിലും പുഷ്പ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിൽ നിന്നും അനുയോജ്യമായ പ്രൊജക്ടിന് അംഗീകാരം നൽകി പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി 25 ലക്ഷം രൂപയും ഫാമുകളിലെ ഔഷധസസ്യ കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഔഷധസസ്യ കൃഷി, സ്ഥാപനങ്ങളിലെ ഔഷധകൃഷി വ്യാപനം എന്നീ ഘടകങ്ങൾക്കായി 25 ലക്ഷം രൂപയും ഉൾപ്പെടെ 6.1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-78 - കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം

2025-26 വർഷത്തിൽ കുട്ടനാട് മേഖലയിൽ പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്/സബ്മേഴ്സിബിൾ പമ്പ് സെറ്റുകൾ (1050 എച്ച്.പി.) എന്നിവ സൗജന്യമായി സ്ഥാപിക്കുന്നതിനും അതിനായി ഉയർന്ന തിട്ടകൾ നിർമ്മിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വൈദ്യുതി എത്തിക്കുന്നതിനും പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ പാടശേഖരത്തിന്റെ ബണ്ടുകൾ സ്ഥാപിക്കുന്നതിനുമായി 22 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-77 - കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി - അടിസ്ഥാന വില

പഴങ്ങൾക്കും പച്ചക്കറികൾക്കും വില കുറയുന്ന സാഹചര്യത്തിൽ പ്രഖ്യാപിച്ച

അടിസ്ഥാന വില കർഷകർക്ക് നൽകുന്ന കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി അടിസ്ഥാന വില പദ്ധതിയ്ക്കായി 2023-24, 2024-25 വർഷങ്ങളിലെ കുടിശ്ശിക മാറി നൽകുന്നതിനായി 1.25 കോടി രൂപയും 2025-26 വർഷത്തേക്ക് അധികമായി 25 ലക്ഷം രൂപയും ഉൾപ്പെടെ 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-191-50 – റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിനായി 94.14814 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-192-50 റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിനായി 2.6394333 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-198-50 - റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയും മാറി നൽകുന്നതിനായി 48.3400584 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-92-02 – ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.23825 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-83-02 - പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"ഭാരതീയ പ്രകൃതി കൃഷി പദ്ധതി"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.6335 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-82-02 - കൂടുതൽ വിളവ് ഓരോ തുള്ളിക്കും - പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജനയുടെ ഘടകപദ്ധതി - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

"പെർ ഡ്രോപ്പ് മോർ ക്രോപ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 8.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ

ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-79-02 –രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

"രാഷ്ട്രീയ കൃഷി വികാസ് യോജന"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.5 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 2.25 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 6.3835 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-78-02 – കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം - സംസ്ഥാന വിഹിതം

"സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 7.3355 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-77-02 – തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്.എസ്) - സംസ്ഥാന വിഹിതം

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 1.8 കോടി രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin

dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 2.74 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-74-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.0835 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-72-02 - നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് -ഓയിൽ പാം (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

"നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 91 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-70-02 - ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷണൽ ഇ-ഗവേണൻസ് പ്ലാൻ - അഗ്രികൾച്ചർ) - 40% സംസ്ഥാന വിഹിതം

"ഡിജിറ്റൽ ക്രോപ് സർവ്വേ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ SCP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 2.73 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-92-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - സോയിൽ ഹെൽത്ത് കാർഡ് (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

"സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.23525 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-83-02 – പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) - (60% കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

ഭാരതീയ പ്രകൃതി കൃഷി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.6335 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-796-81-02 - പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.)യുടെ പി.ഡി.എം.സി. ഘടകം - 60% - സി.എസ്.എസ്. - സംസ്ഥാന വിഹിതം

"പെർ ഡ്രോപ്പ് മോർ ക്രോപ്പ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 8.18 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-79-02 - കാർഷിക വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കും വേണ്ടിയുള്ള

ദേശീയ മിഷൻ (എസ്.എം.എ.ഇ.) കീഴിലുള്ള കാർ

ഷിക വ്യാപനത്തിനുള്ള ഉപപദ്ധതി (എസ്.എം.എ.ഇ.)(60%

കേന്ദ്ര വിഹിതം) - സംസ്ഥാന വിഹിതം

"സബ്മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ ആത്മ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 10 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 15 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 1.9995 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-78-02 –രാഷ്ട്രീയ കൃഷി വികാസ് യോജന - (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"രാഷ്ട്രീയ കൃഷി വികാസ് യോജന"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 1.5 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 22.5 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 9.73825 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-77-02 – കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം (എസ്.എം.എ.എം.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 2 കോടി രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 3 കോടി

രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 11.8055 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-76-02 - തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

"മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിൽ 12 ലക്ഷം രൂപയുടെ ബജറ്റ് വിഹിതം കൂടാതെ കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിൽ ലഭ്യമായ 18 ലക്ഷം രൂപ ധനപുന:വിനിയോഗത്തിലൂടെ സർക്കുലർ നമ്പർ 02/2025/Fin dated 10.01.2025 പ്രകാരം മാറ്റുന്നതിനുപരിയായി ആവശ്യമായ 5.426 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-73-02 - ദേശീയ കാർഷിക സുസ്ഥിര പദ്ധതി - വൃഷ്ടി പ്രദേശ വികസനം (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

"റെയിൻ ഫെഡ് ഏരിയ ഡെവലപ്മെന്റ്"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 1.0835 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-796-71-02 - നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് - ഓയിൽ പാം - (60% സി.എസ്.എസ്.) - സംസ്ഥാന വിഹിതം

"നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും

കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 91 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-69-02 - <u>ഡിജിറ്റൽ ക്രോപ് സർവ്വേ - (നാഷനൽ ഇ-ഗവേണൻസ് പ്ലാൻ - അഗ്രികൾച്ചർ) - 40% സംസ്ഥാന വിഹിതം</u>

"ഡിജിറ്റൽ ക്രോപ് സർവ്വേ"എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ TSP വിഭാഗം സംസ്ഥാന വിഹിതം ശീർഷകത്തിലും കേന്ദ്രവിഹിതത്തിന്റെ ശീർഷകത്തിലും ബജറ്റ് വിഹിതം ലഭ്യമല്ലാത്തതിനാൽ 2.72 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-800-91- <u>പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി</u>

എയിംസ് പോർട്ടൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനും കരുതൽ വിത്ത് ശേഖരണം എന്ന ഘടകത്തിനുമായി 61.2025141 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-800-28 - <u>മണ്ണിന്റെ ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത വർധിപ്പിക്കലും</u>

മുഴുവൻ നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിലും കുമ്മായം വിതരണം ചെയ്യുന്നതിനായി 75.9 കോടി രൂപയും 2024-25 വർഷത്തെ കമ്മിറ്റഡ് തുകയായ 11.1434 കോടി രൂപയും മുൻ വർഷങ്ങളിൽ നൽകാനുള്ള തുകയായ 1.6028 കോടി രൂപയും SRHM-ലെ കമ്മിറ്റഡ് തുകയായ 2.5 കോടി രൂപയും ഉൾപ്പെടെ 91.1462 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-277-98 –സീനിയർ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം

2024-25 വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചർ 54 ലക്ഷം രൂപയും ഈ വർഷം നടപ്പിലാക്കുവാൻ പോകുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകളായ IRMA, IIM, NPHM തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്നുള്ള കൊളാബ്രേറ്റീവ് ട്രെയിനിംഗിനായി 50 ലക്ഷം രൂപയും സംസ്ഥാന തലത്തിൽ സെമിനാർ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തുന്നതിന് 75 ലക്ഷം രൂപയും സമേതി ഓപ്പറേഷൻ കോസ്റ്റായ 35 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.14 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2435-01-101-85 –വില സ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ

വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടൽ എന്ന ഘടകത്തിനായി 2025-26 സാമ്പത്തിക വർഷത്തിലെ ഓണവിപണികൾക്കും പഴം, പച്ചക്കറികളുടെ വിലനിയന്ത്രണത്തിനും പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2435-01-800-94 –മൂല്യവർദ്ധനവ്

അഗ്രി സ്റ്റാർട്ട് അപ്പ്, അഗ്രി ബിസിനസ് ഇൻക്യുബേറ്ററുകളുടെ സഹായം, തേനീച്ച വളർത്തലിനും തേൻ ഉത്പാദനത്തിനുമുള്ള ധനസഹായം, പ്രാഥമിക കാർഷിക സഹകരണ സംഘം/കാർഷിക കർമ്മസേന/കാർഷിക കൂട്ടായ്മകൾ എന്നിവയ്ക്ക് കൊപ്ര ഉണക്കൽ യൂണിറ്റുകൾ, കർഷക ഉത്പാദക സംഘടനകളെ സഹായിക്കുന്നതിന് വി.എഫ്.പി.സി.കെ.യ്ക്ക് നൽകുന്ന ധനസഹായം, സംസ്കരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകുന്ന പദ്ധതി അധിഷ്ഠിത സഹായം, ചെലവ് കുറഞ്ഞ പിക്ക് അപ്പ് വാഹനങ്ങൾക്കുള്ള

ധനസഹായം എന്നീ ഘടകങ്ങൾക്കും KAICO യുടെ ചക്ക സംസ്കരണ ഫാക്ടറി, VAFPCL (വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി) എന്നിവയ്ക്കുമായി 12 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4401-00-113-98 –<u>കാർഷിക സേവന കേന്ദ്രങ്ങളുടെ സ്ഥാപനം</u>

2025-26 കാലയളവിൽ കോർപ്പറേഷനിലും മുൻസിപ്പാലിറ്റിയിലും ഉൾപ്പെടെ പുതിയ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിനും, കാർഷിക കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി അവയെ ശക്തിപ്പെടുത്തുന്നതിനും പുതിയ 16 കൃഷിശ്രീ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും കാർഷിക കർമ്മസേനകളുടെ ശാക്തീകരണത്തിനുമായി 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4435-01-101-97 –<u>ആർ.ഐ.ഡി.എഫ്. പദ്ധതികൾ</u>

RIDF ട്രാഞ്ചെ അടിസ്ഥാനത്തിൽ, RIDF ട്രാഞ്ചെ XXV മുതൽ ട്രാഞ്ചെ XXX വരെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 97 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**<u>പുതിയ ശീർഷകം അനുവദിക്കുന്നതിന്</u>**

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മാനേജ്മെന്റ് പദ്ധതികൾക്ക് നേരത്തെ തുക അനുവദിച്ചിട്ടുള്ളതിനാൽ ഹെഡ് ഓഫ് അക്കൗണ്ട് ഉണ്ടോയെന്ന് പരിശോധിക്കണമെന്ന് ബഹു. ചെയർപേഴ്സൺ വകുപ്പുദ്യോഗസ്ഥരോട് ആവശ്യപ്പെട്ടതിന് SAM-ന് ഹെഡ് ഓഫ് അക്കൗണ്ട് നിലവിൽ ഇല്ലെന്നും പച്ചക്കറി എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് തുക അനുവദിക്കുന്നതെന്നും പുതിയ ശീർഷകം അനുവദിച്ച് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുക അനുവദിക്കണമെന്നും

വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കൂടാതെ കാംകോയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കും പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് ഡയറക്ടർ ബോധിപ്പിച്ചു.

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മാനേജ്മെന്റ് പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കാംകോയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി പുതിയ ശീർഷകം അനുവദിച്ച് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള കാർഷിക സർവ്വകലാശാല

2415-01-188-99-36 - കേരള കാർഷിക സർവ്വകലാശാല സഹായധനം - ശമ്പളേതരം

AICRP ഗവേഷണപദ്ധതികൾക്കായി വകയിരുത്തേണ്ട (75% ICAR share : 25% state plan share) 25 കോടി രൂപ (കമ്മിതുക), 2025-26 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന പദ്ധതി നടത്തിപ്പിനായുള്ള തുക എന്നിവ നൽകുന്നതിനായി 31.50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന;വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-188-99-31 - കേരള കാർഷിക സർവ്വകലാശാല സഹായധനം -ശമ്പളം

പെൻഷൻകാർക്ക് അനുവദിക്കേണ്ട പെൻഷൻ പരിഷ്കരണ കുടിശ്ശിക, കമ്മ്യൂട്ടേഷൻ, ആജീവനാന്ത, ക്ഷാമാശ്വാസ കുടിശ്ശിക, യുജിസി ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അധ്യാപകർക്ക് നൽകേണ്ട തുക, 2025-26 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന അധിക പദ്ധതിയേതര ബാധ്യതകൾ എന്നിവ നൽകുന്നതിനായി 151.08 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന;വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ

ചെയ്യാൻ സമിതി തീരുമാനിച്ചു.

## മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

2402-00-102-85-91- ഉദ്യോഗസ്ഥൻമാർക്ക് പരിശീലന പരിപാടി - പരിശീലനം

പരിശീലന പരിപാടികൾക്കും അനുബന്ധ പ്രവർത്തനങ്ങളായ സെമിനാറുകൾ, കാർഷിക ഉത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും, പ്രദർശനങ്ങൾ നടത്തുന്നതിനും ഡെറാഡൂണിലെ എെ.ഐ.എസ്.ഡബ്ല്യൂ.സി.ലേയ്ക്ക് ഉദ്യോഗസ്ഥരെ പരിശീലനത്തിന് നിയോഗിക്കുന്നതിനും സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രത്തിന്റെ (എെ.ഡബ്ല്യൂ.ഡി.എം.കെ, ചടയമംഗലം) ശാക്തീകരണത്തിനും ദൈനംദിന ചെലവുകൾക്കും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 49 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4402-00-203-91 (06) – കുട്ടനാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ - (സംസ്ഥാന പദ്ധതി)

ലോവർ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4402-00-800-74 – തിരുവനന്തപുരം, കൊല്ലം ജില്ലകളിലെയും തൃശ്ശൂർ കോർപ്പറേഷനിലെയും കുളങ്ങളുടെ നവീകരണം

കേരളത്തിലെ ജലാശയങ്ങളെ സംരക്ഷിക്കുക, കുടിവെള്ള സംരക്ഷണം ഉറപ്പുവരുത്തുക, കൃഷിയെ പരിപോഷിപ്പിക്കുക എന്നിവയ്ക്കായുള്ള സഹസ്രസരോവർ പദ്ധതിയ്ക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും വാർഷിക പ്ലാൻ 2022-23, 2023-24 സഹസ്രസരോവർ പദ്ധതി ഫേസ് IIൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബിൽ കുടിശ്ശിക തുക നൽകുന്നതിനായും 1 കോടി രൂപ ഈ ശീർ

ഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4402-00-800-73 – പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും തോടുകളുടെ നവീകരണത്തിനുമുള്ള ഒറ്റത്തവണ സഹായം

പദ്ധതി നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും 2023-24 സാമ്പത്തിക വർഷത്തിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനായും 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4402-00-800-70- നവീകരണം /സംരക്ഷണ പ്രവൃത്തികൾ

2025-26 സാമ്പത്തികവർഷം വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാലും കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിലെ കടുകുഴിച്ചിറ നവീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനായും 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4402-00-800-69 (01)- ബജറ്റിൽ വാല്യം II ൽ ഉൾപ്പെട്ട പദ്ധതികൾ

ഒല്ലൂർ നിയമസഭാ മണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 23-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചാത്തംകുളത്തിന്റെ നവീകരണ പദ്ധതിയ്ക്കായുള്ള ശീർഷകത്തിൽ വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

വിവര സാങ്കേതികവിദ്യയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഡോക്യുമെന്റേഷൻ,

ഇ-ഫയലിംഗ് എന്നിവ നടപ്പിലാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കെ.എൽ.ഡി.സി. ഉദ്യോഗസ്ഥർക്ക് PRICE Software, SBD, E-Tender procedure എന്നിവയിൽ പരിശീലനം നൽകുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ

2402-00-188-99 - കെ.എസ്.ആർ.ഇ.സി.

സെന്ററിലെ സർക്കാർ അനുമതി പ്രകാരമുള്ള സ്ഥിരം ജീവനക്കാരുടെ ശമ്പളം, അനുബന്ധ ചെലവുകൾ എന്നിവ നിർവഹിക്കുന്നതിനായി 1.3533 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

2402-00-102-90 - മണ്ണ് സംരക്ഷണത്തിന്റെ വിലയിരുത്തൽ പരിപാടി

മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠന സർവ്വേ ചെയ്യുന്ന ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക അനുവദിക്കുന്നതിനായി 14735 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

4551-60-800-98 – കാസർഗോഡ് വികസന പാക്കേജ്

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും അടുത്ത വർഷം നടപ്പിലാക്കേണ്ട പദ്ധതികൾക്കുമായി 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്

ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4575-60-800-96 - ഇടുക്കി വികസന പാക്കേജ്

പ്രസ്തുത പദ്ധതിക്കായി മുൻ വർഷങ്ങളിലെ spill over commitment നായി 75.94 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം**

**കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ**

4408-02-101-98 –ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കോട്ടയം ജില്ലയിലെ പാലാ എന്നിവിടങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.79 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4408-02-190-99 - കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ മുതൽ മുടക്ക്

കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് ഓഹരി മൂലധന വിഹിതമായി 4.35 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.00 മണിക്ക് അവസാനിച്ചു

**20.02.2025-ലെ യോഗനടപടിക്കുറിപ്പ്**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I 2025 ഫെബ്രുവരി 20-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ

സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു: കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിംഗ് മുഖേന) യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണി സന്നിഹിതയായിരുന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. സി.എച്ച് കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ. പി. പി ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
3. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ഷാജി.സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി. ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. കെ. വാസുകി, സെക്രട്ടറി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ്
2. ശ്രീ. അബ്ദുൾ നാസർ ബി., സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
3. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ്, മാനേജിംഗ് ഡയറക്ടർ (ഇൻ-ചാർജ്), കേരള ഫീഡ്സ് ലിമിറ്റഡ് & മിൽമ.

4. ശ്രീ. പ്രദീപ് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി സലിനി ഗോപിനാഥ്, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
7. ശ്രീമതി സഫ്ന നസറുദീൻ, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
8. ഡോ. ഡി. കെ. വിനുജി, ഡയറക്ടർ (ഇൻ-ചാർജ്), മൃഗസംരക്ഷണ ഡയറക്ടറേറ്റ്
9. ശ്രീ. മുഹമ്മദ് അൻസാരി, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
10. ശ്രീ. ബാലകൃഷ്ണൻ ടി. വി., ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSCADC)
11. ശ്രീ. രാജേഷ് അന്ദോളി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീമതി ശാലിനി കെ. ജെ., ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന-തുറമുഖ വകുപ്പ്
13. ശ്രീമതി സ്മിത ആർ. നായർ, അഡീഷണൽ ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്
14. ഡോ. ശിവദുർഗ എസ്, ജോയിന്റ് ഡയറക്ടർ (എൽ.പി), മൃഗസംരക്ഷണ ഡയറക്ടറേറ്റ്
15. ശ്രീമതി ബോബി പീറ്റർ, ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്), ക്ഷീരവികസന ഡയറക്ടറേറ്റ്
16. ശ്രീ. സലിം എച്ച്., ജോയിന്റ് ഡയറക്ടർ (ഇൻലാൻഡ്), ഫിഷറീസ് ഡയറക്ടറേറ്റ്
17. ശ്രീ. സതീഷ് കുമാർ എ.പി., ജോയിന്റ് ഡയറക്ടർ (പ്രോജക്ട്), ഫിഷറീസ് ഡയറക്ടറേറ്റ്
18. ശ്രീമതി പ്രിയ ജയശങ്കർ, ജോയിന്റ് ഡയറക്ടർ & മെമ്പർ സെക്രട്ടറി, സീഡ് കൾച്ചർ
19. ശ്രീമതി സ്മിത ബി. എസ്., ജോയിന്റ് ഡയറക്ടർ, അക്വാകൾച്ചർ കേരള വികസന ഏജൻസി (ADAK)
20. ഡോ. പി. സെൽവ കുമാർ, മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (KSPDC)
21. ഡോ. ആർ. രാജീവ്, മാനേജിങ് ഡയറക്ടർ , കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (KLDB)
22. ഡോ. സലിൽ കുട്ടി, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്
23. ശ്രീ. മഹേഷ് എസ്., മാനേജിങ് ഡയറക്ടർ, കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL) & എക്സിക്യൂട്ടീവ് ഡയറക്ടർ, സാഫ്
24. ശ്രീ. സഹദേവൻ പി., മാനേജിങ് ഡയറക്ടർ, മത്സ്യഫെഡ്

25. ശ്രീ. ബേബി ഷീജ കോഹർ, സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ (KSFDRC)

26. ഡോ. കെ. ദിനേശ്, രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (KUFOS)

27. ശ്രീ. സുധീർ എൻ. ജി., മാനേജർ (പ്രോജക്ട്സ്), കേരള ഫീഡ്സ് ലിമിറ്റഡ്

28. ശ്രീ. ശിവപ്രസാദ് എസ്. മാനേജർ (personnel) കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (KSPDC)

29. ശ്രീമതി മിനി എസ്. ജെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

30. ശ്രീ. കോശി കെ. അലക്സ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ക്ഷീരവികസന ഡയറക്ടറേറ്റ്

31. ശ്രീ അനിൽകുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്

32. ശ്രീമതി ആർ. രാധ, ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്

33. ശ്രീമതി. ഗീത എൻ., ഡെപ്യൂട്ടി ജനറൽ മാനോജർ, മത്സ്യഫെഡ്

34. ശ്രീമതി പ്രീതി പ്രസാദ്, ഡെപ്യൂട്ടി ജനറൽ മാനേജർ (പ്രോജക്ടുകൾ), മത്സ്യഫെഡ്

35. ഡോ. നന്ദകുമാർ എസ്., അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ ഡയറക്ടറേറ്റ്

36. ശ്രീ. അച്യുത് എൻ. വി., അസിസ്റ്റന്റ് എഞ്ചിനീയർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

37. ഡോ. ഗണേഷ് ജി., വെറ്ററിനറി സർജൻ (പ്ലാനിങ്), മൃഗസംരക്ഷണ ഡയറക്ടറേറ്റ്

38. ശ്രീ. ഷിബു ജി., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

39. ശ്രീ. മൻമോഹൻ സി. വി., അണ്ടർ സെക്രട്ടറി (ഇൻഡസ്ട്രീസ് & പി.ഡബ്ല്യൂ.), ധനകാര്യ വകുപ്പ്

40. ശ്രീ. ബിജി ജോസഫ്, അണ്ടർ സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ (KSFDRC)

41. ശ്രീ. ഷിജു ജോസ്, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ ഡയറക്ടറേറ്റ്

42. ശ്രീമതി ഷീബ കെ., ഫിനാൻസ് ഓഫീസർ, ക്ഷീരവികസന ഡയറക്ടറേറ്റ്
1.

43. ശ്രീമതി ഫൗസിയ എൻ.എം., ഫിനാൻസ് ഓഫീസർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KFWFB)

44. ശ്രീമതി ഗീത എം., ഫിനാൻസ് ഓഫീസർ, ഫിഷറീസ് ഡയറക്ടറേറ്റ്

45. ശ്രീമതി ബിന്ദു വർഗീസ്, സീനിയർ സൂപ്രണ്ട്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

46. ശ്രീ. ഷാജിമോൻ പി.എ., റിസർച്ച് ഓഫീസർ, ഫിഷറീസ് ഡയറക്ടറേറ്റ്
47. ഡോ. ലാലു കെ., അസോസിയേറ്റ് പ്രൊഫസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)
48. ശ്രീ. മഹേഷ് വി നായിക്, അസിസ്റ്റന്റ് രജിസ്ട്രാർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)
49. ശ്രീ. വിനു വി., ഫിനാൻസ് ഓഫീസർ,കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)
50. ശ്രീ. രാഘവൻ കെ.ടി., ലെയിസൺ ഓഫീസർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

സമിതി, 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർഥന നമ്പർ XXXI (മൃഗസംരക്ഷണം), XXXII (ക്ഷീരവികസനം), XXXIII (മത്സ്യബന്ധനം) എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

(ഫയൽ നം.KLS/1059/2025 സബ്.സി.സി2)

## ധനാഭ്യർത്ഥന നമ്പർ XXXI
## മൃഗസംരക്ഷണം

2403-00-001-99- ഭരണവും നടത്തിപ്പും

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-001-98- ജില്ലാ ഭരണം

മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, വാടക കുടിശ്ശിക എന്നിവ നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-98- ആശുപത്രികളും ഡിസ്പെൻസറികളും

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, വാടക കുടിശ്ശിക എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 25.06 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-97- മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 8 ലക്ഷം രൂപ_ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-86 - രോഗ ഗവേഷണം

വിവിധ രോഗ ഗവേഷണ സ്ഥാപനങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി 4.58 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-71- വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ പ്രവർത്തനം, രാത്രികാല അടിയന്തിര മൃഗചികിത്സ സേവനം മുതലായവ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിന് 1.4956 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-99- ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 22 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പദ്ധതി)

കൃത്രിമ ബീജാധാനത്തിനായി KLD ബോർഡിന് നൽകേണ്ട തുക അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.35 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പദ്ധതിയേതരം)

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 42 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-81- ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വകുപ്പിന് കീഴിലുള്ള ഫാമുകളുടെ സുഗമമായ പ്രവർത്തനത്തിന് ഈ ശീർഷകത്തിൽ 1.15 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-78 - ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

ഗോവർദ്ധിനി പദ്ധതിയിൽ കൂടുതൽ പശുക്കുട്ടികളെ ഉൾപ്പെടുത്തുന്നതിനായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-103-99- കോഴി വളർത്തൽ കേന്ദ്രങ്ങൾ

കോഴി വളർത്തൽ കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക, ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിനായി 24.8 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-113-92 – മൃഗസംരക്ഷണ സ്ഥിതി വിവര കണക്കും സാമ്പിൾ സർവ്വേയും - സി.എസ്.എസ്. - ശമ്പളഘടകം

സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലുള്ള ജീവനക്കാരുടെ ശമ്പളയിനത്തിൽ തുക കണ്ടെത്തുന്നതിന് 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4403-00-800-97 – <u>മൂലധനം - ആർ.ഐ.ഡി.എഫ്.ന്റെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പദ്ധതികളുടെ നടപ്പാക്കൽ</u>

സർക്കാർ ഉത്തരവ് GO(Rt) No.12/2025/P&EA തീയതി 18.01.2025 പ്രകാരം "കേരള ചിക്കൻ" പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി RIDF ഘടകം കൂടി ഉള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ മറ്റ് മൂലധന ശീർഷകങ്ങളിൽ നിന്ന് 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**<u>കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്</u>**

2403-00-190-94 –<u>കെ.എസ്.പി.ഡി.സി.-യ്ക്ക് സഹായം</u>

ഗ്രാമീണ മേഖലയിലുള്ള വിധവകളായ ഗുണഭോക്താക്കൾക്ക് കൈത്താങ്ങായി അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി (കെപ്കോ ആശ്രയ)ക്കായി 1 കോടി രൂപയും കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് സാമ്പത്തിക ഭദ്രത സുരക്ഷിതമാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള കോഴി വളർത്തൽ പദ്ധതി (കെപ്കോ വനിതാ മിത്രം)ക്കായി 1 കോടി രൂപയും കൂടുകളിൽ മുട്ടക്കോഴി വളർത്തി മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുന്ന കൂടും കോഴിയും പദ്ധതിക്കായി 1.5 കോടി രൂപയും ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1 കോടി രൂപയും ബ്രീഡർ ഫാമുകളിലെ പാരന്റ് സ്റ്റോക്ക് ശക്തിപ്പെടുത്തൽ (ലെയർ & ബ്രോയിലർ) പദ്ധതിക്കായി 50 ലക്ഷം രൂപയും ഉന്നത സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള പരിസ്ഥിതി നിയന്ത്രിത (ഇ.സി.ഷെഡ്ഡ്) വാണിജ്യ മുട്ടക്കോഴി വളർത്തൽ പദ്ധതിക്കായി 5.2 കോടി രൂപയും ഉൾപ്പെടെ 10.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93 –മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യക്ക് സഹായം

മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മൂല്യവർദ്ധിത ഇറച്ചി ഉത്പന്ന സംസ്കരണ പ്ലാന്റ് ഏരൂർ (കൊല്ലം)ന് കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനായി 2 കോടി രൂപയും എം.പി.ഐ.യ്ക്കുള്ള പ്രവർത്തന മൂലധനമായി 10.86 കോടി രൂപയും എം.പി.ഐ. ഇടയാർ ക്യാമ്പസിൽ പുതിയ ഇ.റ്റി.പി. നിർമ്മിക്കുന്നതിനായി 2.5 കോടി രൂപയും മാംസ സംസ്കരണത്തിനായുള്ള അത്യാധുനിക മെഷിനറി വാങ്ങുന്നതിനായി 2.5 കോടി രൂപയും എം.പി.ഐ. ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും സെയിൽസ് ഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സംരംഭക സഹായ പദ്ധതിക്കായി 2.5 കോടി രൂപയും അബറ്റയർ ഉൾപ്പെടുന്ന ക്യാമ്പസ് സുരക്ഷിതത്വത്തിന് കോമ്പൗണ്ട് വാൾ, ഡ്രെയിനേജ് ഇവ നിർമ്മിക്കുന്നതിനായി 6.5 കോടി രൂപയും ഉൾപ്പെടെ 26.86 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി_വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86 –കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

ക്ഷീരകർഷകർക്ക് 2025-26 സാമ്പത്തിക വർഷം 200000 MT കാലിത്തീറ്റ ടണ്ണൊന്നിനു 1000 രൂപ കുറച്ചുനൽകുന്നതിനായി 13.4 കോടി രൂപയും കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ റെയിൽ വഴിയുള്ള ഗതാഗതച്ചെലവിനായി 6.4 കോടി രൂപയും കേരള ഫീഡ്സിലെ ERP പാക്കേജിന്റെ

നവീകരണം - ലൈസൻസ് വിപുലീകരണത്തിനുള്ള ധനസഹായമായി 60 ലക്ഷം രൂപയും ഉൾപ്പെടെ 20.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

2403-00-190-83 –കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

2025-26 സാമ്പത്തിക വർഷത്തിൽ കെ.എൽ.ഡി. ബോർഡിന്റെ ബുൾ സ്റ്റേഷനുകളിലേയും സെമൻ ബാങ്കുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഫാമുകളിലെ കന്നുകാലികളെ പരിപാലിക്കുക, സെമൻ സ്റ്റേഷനുകളിലെ നടത്തിപ്പു ചെലവ് എന്നിവയ്ക്കായി 40 ലക്ഷം രൂപയും വംശഗുണവും ജനിതക മേന്മയേറിയതുമായ മലബാറി ആടുകളെ സംരക്ഷിച്ച്, ഇവയുടെ ഗാഢശീതീകരിച്ച ബീജം ഉൽപ്പാദനം, വിതരണം എന്നിവയ്ക്കായി 12.5 ലക്ഷം രൂപയും ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലുമുള്ള മോഡേൺ ബുൾ മദർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം, ബുൾ മദറുകളുടെ പരിപാലനം, കന്നുകുട്ടി ഉൽപ്പാദനത്തിന്റെ ചെലവ്, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി 90 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കോർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിയ്ക്കായി 40 ലക്ഷം രൂപയും വിത്തുകാളകളുടെ ജീനോമിക് തെരഞ്ഞെടുപ്പിനായി ജീനോമിക് ലബോറട്ടറി പദ്ധതി പൂർണ്ണമായും നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപയും തീറ്റപ്പുൽ വിത്തുൽപ്പാദനവും വിപണനവും എന്ന പദ്ധതിയ്ക്കായി 34.9 ലക്ഷം രൂപയും കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നടപ്പിലാക്കുന്ന സന്തതി പരിശോധന പദ്ധതിയ്ക്കായി 8 ലക്ഷം രൂപയും പാലക്കാട് ജില്ലയിലെ കെ.എൽ.ഡി. ബോർഡിന്റെ

ധോണി ഫാമിൽ തീറ്റപ്പുൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി മഴവെള്ളം അധികമായി സംഭരിച്ച് അവിടുത്തെ ജലസ്രോതസ്സുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ജലസേചന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിയ്ക്കായി 40 ലക്ഷം രൂപയും സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളിൽ പ്രീമിയം ബുൾ സെമൻ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 12.6 ലക്ഷം രൂപയും കന്നുകാലികളുടെ വന്ധ്യതാ നിരീക്ഷണ കേന്ദ്രം & റഫറൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 45 ലക്ഷം രൂപയും കർഷക തലത്തിൽ സാറ്റലൈറ്റ് പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 60 ലക്ഷം രൂപയും സാറ്റലൈറ്റ് ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി 85 ലക്ഷം രൂപയും ഉൾപ്പെടെ 4.98 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6403-00-190-90 –കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.)

ക്ഷീരമേഖലയിൽ സംരംഭകത്വത്തിനായി മോഡൽ ഇൻകുബേഷൻ സെന്റർ സ്ഥാപിക്കൽ പദ്ധതിക്കായി 1.4020 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

2403-00-188-99-31 –കേരള വെറ്റിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി - സഹായധനം - ശമ്പളം

സർവ്വകലാശാല ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, മറ്റ് കുടിശ്ശികകൾ, വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ 64.7082 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-188-97 –കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി - അടിസ്ഥാന സൗകര്യവികസനം (നബാർഡ് ആർ.ഐ.ഡി.എഫ്.XXX)

പദ്ധതി വിഹിതത്തിന്റെ 20% മൊബിലൈസേഷൻ അഡ്വാൻസ് തുക 7.008 കോടി രൂപ ആയതിനാൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XXXII**

**ക്ഷീരവികസനം**

2404-00-001-99 - ഭരണവും നടത്തിപ്പും - ഡയറക്ടറേറ്റ്

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 23.5 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 28000 രൂപയും 04(1) യാത്രാബത്ത ഇനത്തിൽ 1.52 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 3.47 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 50000 രൂപയും 45 (പി.ഒ.എൽ.) ഇനത്തിൽ 1.99 ലക്ഷം രൂപയും ഉൾപ്പെടെ 31.26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-001-98 - ജില്ലാ ഭരണം

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 36.57 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 74,000 രൂപയും 04(1) യാത്രാബത്ത ഇനത്തിൽ 2 ലക്ഷം രൂപയും 05(2) വൈദ്യുതി ചെലവ് ഇനത്തിൽ 5.5 ലക്ഷം രൂപയും 06 (വാടക, കരം,

നികുതി) ഇനത്തിൽ 2.5 ലക്ഷം രൂപയും 45 (പി.ഒ.എൽ.) ഇനത്തിൽ 8.8 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 56.11 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-001-97 – <u>വികസന പ്രവർത്തന ഘടകങ്ങൾ</u>

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 1.504 കോടി രൂപയും 02(4) കൺസോളിഡേറ്റഡ് ഇനത്തിൽ 4.02 ലക്ഷം രൂപയും ഉൾപ്പെടെ 1.5442 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-96 -34-3 - <u>ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ - മറ്റു ചെലവുകൾ - മറ്റിനം</u>

അപ്രതീക്ഷിത സാഹചര്യങ്ങളിൽ ഉരുക്കൾക്കും ഡയറി ഫാമിനും നാശനഷ്ടം സംഭവിച്ച ക്ഷീര കർഷകർക്ക് കണ്ടിജൻസി ഫണ്ട് ഇനത്തിൽ ധനസഹായം അനുവദിച്ച് നൽകുന്നതിനായി 1.32 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-77 - <u>കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനവും സൂക്ഷിക്കലും</u>

കേരളത്തിലെ ക്ഷീര മേഖലയിൽ ഉത്പാദന ചെലവ് കൂടുന്നതിനുള്ള പ്രധാന കാരണം തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ആയതിനാൽ കൂടുതൽ സ്ഥലത്ത് പുൽകൃഷി വ്യാപിപ്പിക്കുന്നതിനും കൂടുതൽ തരിശു ഭൂമിയിൽ പുൽ കൃഷി പദ്ധതി നടപ്പിലാക്കുന്നതിനുമായി 1 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-75 - <u>കന്നുകാലിത്തീറ്റകൃഷി വലിയതുറ സ്വീവേജ് ഫാം</u>

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 1.17 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 85,000 രൂപയും ഉൾപ്പെടെ 2.02 ലക്ഷം രൂപ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-69-34 - കേരള സ്റ്റേറ്റ് ഫോഡർഫാം വലിയതുറയിൽ ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ

സംസ്ഥാനത്തെ പാൽ ഉൽപ്പാദനം, ഉപഭോഗം എന്നിവ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭിക്കുന്നതിനായും സ്റ്റേറ്റ് ഫോഡർ പ്ലാൻ 2025-26 സാമ്പത്തിക വർഷം പ്രസിദ്ധീകരിക്കുന്നതിനായി കേരളത്തിലെ തീറ്റപ്പുൽകൃഷി സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായും സർവ്വേകൾ നടത്തുന്നതിനായി 25 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-98 - ക്ഷീരവികസന പരിശീലന കേന്ദ്രം

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 8.96 ലക്ഷം രൂപയും 02(2) ക്ഷാമബത്ത ഇനത്തിൽ 3.28 ലക്ഷം രൂപയും 05(4) മറ്റിനങ്ങളിൽ 20,000 രൂപയും ഉൾപ്പെടെ 12.44 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-93 – വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പരിപാടി

2025-26 വർഷം സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിനായി അധികമായി പശുക്കളെ അന്യസംസ്ഥാനത്ത് നിന്ന് വാങ്ങുന്നതിനും പുതിയതായി ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് ബാങ്ക് ലോൺ എടുക്കുന്നവർക്ക് പലിശരഹിത വായ്പ ഇനത്തിൽ ധനസഹായം നൽകുന്നതിനുമായി 4.04 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4404-00-109-96 – വാണിജ്യഡയറി, മിൽക്ക് ഷെഡ് വികസന പരിപാടി

ഡയറി ഫാം സ്ഥാപിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസനം, യന്ത്രവൽക്കരണം, ആധുനികവൽക്കരണം, കറവ യന്ത്രം വാങ്ങൽ, ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതി ഘടകങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXIII
## മത്സ്യബന്ധനം

2405-00-001-99 – <u>ഭരണവും നടത്തിപ്പും - നടത്തിപ്പ്</u>

സെൻട്രലൈസ്ഡ് സിസ്റ്റം പ്രകാരം വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് 74.58 ലക്ഷം രൂപയും എറണാകുളം ജില്ലയിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആഫീസ് ഉൾപ്പെടെയുള്ള ഫിഷറീസ് വകുപ്പിന്റെ വിവിധ ജില്ല/മേഖലാ ആഫീസുകൾ സ്ഥിതി ചെയ്യുന്ന കോംപ്ലക്സിന്റെ അറ്റകുറ്റപ്പണികൾക്ക് 25.3 ലക്ഷം രൂപയും ഉൾപ്പെടെ 99.88 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-87 –<u>മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ (പദ്ധതി)</u>

സംസ്ഥാനത്തെ മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ ഭാഗമായി ഗിഫ്റ്റ് ഹാച്ചറികളുടെ പ്രവർത്തന ചെലവ് വഹിക്കുന്നതിനും പുതുതായി ആരംഭിക്കുന്ന Backyard Seed Production Unit കൾക്കാവശ്യമായ ബ്രൂഡ് ഫിഷസ് വാങ്ങി നൽകുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-87- മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ (പദ്ധതിയേതരം)

ഹാച്ചറികൾ/ ഫാമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-62 –മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും

മത്സ്യ വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് നടപ്പിലാക്കുന്നതിനും മത്സ്യ സങ്കേതങ്ങൾ സ്ഥാപിച്ച് പരിപാലിച്ച് ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിലൂടെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങളും വരുമാനവും ഉറപ്പാക്കുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-54 –മത്സ്യകൃഷി വികസനം

പ്രാദേശിക അടിസ്ഥാനത്തിൽ നടപ്പാക്കുന്ന മുറ്റത്തൊരു മീൻതോട്ടം പോലെയുള്ള ജനകീയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും സാധ്യമായ എല്ലാ ഓരുജലാശയങ്ങളിലും വനാമി ചെമ്മീൻ അടക്കമുള്ള മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുമായി 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-51 –ജലസംഭരണികളിലെ മത്സ്യകൃഷി വികസനം

ആഭ്യന്തര മത്സ്യോൽപാദനത്തിലും വരുമാനത്തിലും വർദ്ധനവുണ്ടാക്കുകയും

ഉപജീവനത്തിനായി പദ്ധതിയെ ആശ്രയിച്ച് കഴിയുന്ന പദ്ധതി പ്രദേശങ്ങളിലെ അയ്യായിരത്തോളം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-48 –<u>അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ</u>

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് പ്രാദേശികാടിസ്ഥാനത്തിൽ നിയമിച്ച അക്വാകൾച്ചർ പ്രൊമോട്ടർ, കോ ഓർഡിനേറ്റർ എന്നിവരുടെ ഓണറേറിയം, വേതനം, എക്സ്റ്റെൻഷൻ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 5.57 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-91 - <u>മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)</u>

തീരദേശ ജില്ലകളിൽ കടൽ പട്രോളിംഗ് നടത്തുന്നതിനായി സജ്ജമാക്കിയ റെസ്ക്യൂ ബോട്ടുകളുടെ ഇന്ധന ചെലവുകൾക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-82 –<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം) (സംസ്ഥാന വിഹിതം)</u>

എൻ.സി.ഡി.സി. അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഫിഷറീസ് ഡെവലപ്മെന്റ് പദ്ധതിക്ക് 2022-23-ലെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതമായി 1.7667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-80 - <u>മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും</u>

മത്സ്യത്തൊഴിലാളികൾക്ക് പലിശ സബ്സിഡി നൽകുന്നതിനായും സാഫ് യൂണിറ്റുകളുടെ ബിസിനസ് മെച്ചപ്പെടുത്തി സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും ഗുണമേന്മയുള്ള ബ്രാന്റഡ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും അപെക്സ്/കാറ്റഗറി ഫെഡറേഷൻ ശക്തിപ്പെടുത്തി ഒരു പ്രൊഡ്യൂസർ കമ്പനിയാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-76 – <u>സമുദ്ര സുരക്ഷയും രക്ഷാപ്രവർത്തനങ്ങളും</u>

സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലുമായി 15 പ്രധാന ഹാർബറുകളിൽ രൂപീകരിച്ചിട്ടുള്ള 100 സീ റസ്ക്യൂ സ്ക്വാഡുകളുടെ വേതനം, മാസ്റ്റർ കൺട്രോൾ റൂം, 3 റീജിയണൽ കൺട്രോൾ റൂമുകൾ എന്നിവയുടെ പ്രവർത്തനം, സുരക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതലപ്പൊഴി ഹാർബറിലെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ ഡിപ്ലോയ് ചെയ്തിട്ടുള്ള ലൈഫ് ഗാർഡുകളുടെ വേതനം, കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും അതിലുള്ള മത്സ്യത്തൊഴിലാളികളുടെയും വിവരങ്ങൾ റെക്കോഡ് ചെയ്യുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന മത്സ്യബന്ധന ഹാർബറുകൾ കേന്ദ്രീകരിച്ച് ഓട്ടോമേറ്റഡ് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവയ്ക്കായി 1 കോടി രൂപയും 1000 പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഡിസ്ട്രസ് സിഗ്നൽ ഫ്ലെയറുകൾ, വാട്ടർ പ്രൂഫ് ടോർച്ച് ലൈറ്റുകൾ, ഹാൻഡ് ഹെൽഡ് ഫ്ലെയറുകൾ, റിഫ്ലക്ടീവ് ടേപ്പുകൾ, മൾട്ടിപർപ്പസ് ടൂൾ, മറൈൻ ഫസ്റ്റ് എയ്ഡ് കിറ്റ്, റിപ്പയർ കിറ്റ് സൂചികൾ, ട്വയിനുകൾ എന്നിവ ഉൾപ്പെടുത്തി എമർജൻസി സേഫ്റ്റി കിറ്റ് നൽകുന്നതിന് 1 കോടി രൂപയും ഉൾപ്പെടെ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്

ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-73 – മത്സ്യ വ്യവസായ പശ്ചാത്തല സർവ്വേയും പഠനവും അന്വേഷണവും

വിഴിഞ്ഞം, മുതലപ്പൊഴി, പൊഴിയൂർ, അജാനൂർ എന്നീ ഹാർബറുകളുടെ ഇൻ വെസ്റ്റിഗേഷൻ അനുബന്ധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-69 – ശുചിത്വ സാഗരം - ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജന പദ്ധതി

ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിനായി 3.75 കോടി രൂപ ഈ ശിർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-105-86 – മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ

നിർമ്മാണത്തിലിരിക്കുന്ന മത്സ്യ മാർക്കറ്റുകളുടെ പൂർത്തീകരണത്തിനും മൂല്യ വർദ്ധിത വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമായി 1 കോടി രൂപ ഈ ശിർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-91 – വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വകുപ്പിലെ ഇ-ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും വിജ്ഞാന വ്യാപനത്തിനും പദ്ധതി നിർവ്വഹണ വിലയിരുത്തലിനുമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-110-96– മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും ബോട്ടുകളെ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള സബ്സിഡി പദ്ധതി

മത്സ്യത്തൊഴിലാഴികളുടെ യാനങ്ങളുടെ എഞ്ചിൻ മാറ്റുന്നതിന് അനുവദിക്കുന്ന തുക സംബന്ധിച്ചുള്ള സമിതി അംഗത്തിന്റെ ചോദ്യത്തിന് ഒരു യൂണിറ്റിന് 70000 രൂപ ആണെന്നും പ്രസ്തുത തുകയുടെ 75% സബ്സിഡിയായി അനുവദിക്കുമെന്നും 25% ഗുണഭോക്താവ് കണ്ടെത്തണമെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

2023-24 കാലയളവിൽ മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും 500 യാനങ്ങളെ LPG എഞ്ചിനുകളാക്കി മാറ്റുന്നതിനും (യൂണിറ്റ് തുക 70,000/- രൂപ, സബ്സിഡി 75%) ഭരണാനുമതി ലഭ്യമായിട്ടുള്ള 3 കോടി 55 ലക്ഷം രൂപയുടെ പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിനായി 1.625 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-120-98- ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയ നിർവ്വഹണം - സാഫിനുള്ള ധനസഹായം

Gender Equality and Women Empowerment Policy-ൽ ഉൾപ്പെടുത്തി “Online Course on Digital Media, Marketing and Advertising Design” എന്ന പരിപാടി സംഘടിപ്പിക്കുന്നതിനായി 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-97- രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

കുടിശ്ശിക തുക സംബന്ധിച്ചുള്ള സമിതി അംഗത്തിന്റെ ചോദ്യത്തിന് നടപ്പുസാമ്പത്തിക വർഷത്തെ കുടിശ്ശികയും യഥാസമയം അപേക്ഷകൾ സമർപ്പിക്കാത്തതുകൊണ്ട് ഒന്നോ രണ്ടോ വർഷം മുൻപുള്ള അപേക്ഷകളിന്മേലും, ഫണ്ടില്ലാത്തതിനാൽ ആനുകൂല്യം റിലീസ് ചെയ്യാൻ സാധിക്കാത്ത അപേക്ഷകളിന്മേലും വിദ്യാഭ്യാസ ആനുകൂല്യം കുടിശ്ശികയായിട്ടുള്ളതായി ഫിഷറീസ് ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം കുടിശ്ശിക തീർത്ത് യഥാസമയം വിതരണം ചെയ്യുന്നതിനായി 38.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-96 –<u>മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി</u>

അനുബന്ധ തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 12 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-92 –<u>മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി</u>

തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-90 –<u>മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ നവീകരണവും പരിപാലനവും</u>

പത്ത് വർഷമോ അതിലധികമോ പഴക്കമുള്ള വീടുകളുടെ അടിസ്ഥാന

സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഓരോ മത്സ്യത്തൊളിലാളിക്കും മെച്ചപ്പെട്ട ജീവിത സാഹചര്യം പ്രദാനം ചെയ്യുന്നതിനുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-188-99 –<u>കേരള ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് സർവ്വകലാശാല (പദ്ധതി)</u>

പയ്യന്നൂർ ഫിഷറീസ് കോളേജ് നിർമ്മാണ പ്രവർത്തനം, കുഫോസ് ആസ്ഥാനത്തെ നിർമ്മാണ പ്രവർത്തനം എന്നിവ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-188-99- <u>സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം - കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (പദ്ധതിയേതരം)</u>

2022 മുതൽ വിരമിച്ച അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും ശമ്പള പരിഷ്കരണത്തിലെ കുടിശ്ശികയും ഡി.എ. കുടിശ്ശികയും ജി.പി.എഫ്. അക്കൗണ്ടിൽ അടയ്ക്കുന്നതിനുമായി 8.84 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-188-97- <u>സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ</u>

സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ എസ്.എഫ്.എം.സി. അംഗീകരിക്കപ്പെട്ടിട്ടുള്ള തസ്തികയിൽ ജോലി നോക്കുന്നവർക്ക് ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കും കെട്ടിടവാടകയും നൽകുന്നതിനായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർ

ശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-190-95 - കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ. എ. വി.ഐ.എൽ.)

കാവിൽ-ന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും നവീകരിച്ച് ഉപയോഗയോഗ്യമാക്കുക, നിലവിലുള്ള ഹബുകളുടെ മുഴുവൻ അറ്റകുറ്റപണികളും പൂർത്തിയാക്കുക, ഉയർന്ന ഗുണമേന്മയുള്ളതും വിപണി മൂല്യമുള്ളതുമായ വിത്തുമത്സ്യങ്ങളെ ശേഖരിച്ച് മത്സ്യ വിത്ത് ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്ത് വിപണനയോഗ്യമായവ മത്സ്യകർഷകരിൽ നിന്നും ശേഖരിച്ച് വിപണനം നടത്തുക, അലങ്കാര ജലസസ്യ ഉല്പാദന യൂണിറ്റ് വിപുലീകരിക്കുക, ബയർ സെല്ലർ മീറ്റ് വ്യാപിപ്പിക്കുക, പരിശീലന പരിപാടികൾ വിപുലീകരിക്കുക, കാവിൽ-ന്റെ ലാബ് നവീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 4 കോടി രൂപ ഈ_ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-800-21 –കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

കടാശ്വാസ കമ്മീഷന് ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കായും നിലവിലുണ്ടായിരുന്ന വാഹനങ്ങൾ 15 വർഷ കാലാവധി പൂർത്തീകരിച്ച് ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായും 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-94–തീരദേശ റോഡുകളുടെ നവീകരണം

തീരദേശ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്

ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-92 - വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ - മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

കാലാവസ്ഥ വ്യതിയാനം മൂലം ഭവനം നഷ്ടപ്പെട്ട് വാടക വീട്ടിൽ കഴിയേണ്ടി വന്ന തിരുവനന്തപുരം ജില്ലയിലെ 225 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കുന്നതുവരെ പ്രതിമാസം 5500 രൂപ നിരക്കിൽ വാടക അനുവദിക്കുന്നതിനായി 74.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-89 - പുനർഗേഹം - കടൽത്തീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് ഭൂമി വില, ഭവന നിർമ്മാണ സഹായം എന്നിവയ്ക്കും നിർമ്മാണത്തിലിരിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെയും ഉടൻ നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെയും ബിൽ തുക അനുവദിക്കുന്നതിനുമായി 40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-87 - യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് & നെറ്റ് ഫാക്ടറി

യാൺ ട്വിസ്റ്റിംഗ് യൂണിറ്റിന് ഹൈടെക് കറന്റ് കണക്ഷൻ, വയറിംഗ്, മറ്റ് പ്രവർത്തനങ്ങൾ, കൊല്ലം നീണ്ടകരയിലാരംഭിക്കുന്ന നെറ്റ് ഫാക്ടറിയുടെ പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-55 – മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനും റവന്യൂ വകുപ്പിന് റീക്കൂപ്പ് ചെയ്ത് നൽകുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-54 - നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

Tranche XXVI, XXVII എന്നിവ പൂർത്തീകരണ ഘട്ടത്തിലും XXVIII, XXIX എന്നിവ പുരോഗമിച്ച് വരുന്നതിനാലും XXX പ്രവൃത്തികൾ ഉടൻ തന്നെ ക്രമീകരിച്ച് പുരോഗതി കൈവരിക്കുമെന്നതിനാലും 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-37 - മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും

ബ്രേക്ക് വാട്ടറുകളുടെ പുനരുദ്ധാരണത്തിനും ഡ്രെഡ്ജിംഗ് പ്രവൃത്തികൾക്കുമായി അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ 30.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-31 - തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും പുതിയ കൂട്ടിച്ചേർക്കലുകളും

ആവിത്തോട്, മുഖദാർ എന്നീ ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെയും പൊഴിയൂർ ഫിഷിംഗ് ഹാർബറിന്റെയും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 69 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-26 -അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനം- ഫിഷറീസ് ആന്റ് അക്വാകൾച്ചർ, ഇൻഫ്രാസ്ട്രചർ ഡെവലപ്പ്മെന്റ് ഫണ്ടിന് (FIDF) കീഴിലുള്ള സഹായം

അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബില്ലുകൾ നൽകുന്നതിലേക്കായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-109-97 –കൊല്ലത്ത് ഒരു ഓഷനേറിയവും ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കൽ

കൊല്ലത്ത് ഒരു ഓഷനേറിയവും ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രർത്തനങ്ങൾക്കും സ്ഥലം ഏറ്റെടുക്കുന്നതിനുമായി 9 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-190-97 – എൻ.ബി.സി., എഫ്.ഡി.സി. ആന്റ് എൽ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ് മണി സഹായം

എൻ.സി.ഡി.സി. അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഫിഷറിസ് ഡെവലപ്മെന്റ് പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.8667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6405-00-195-99 - മത്സ്യ ബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതിയ്ക്കായി മത്സ്യ ഫെഡിനായി കൊടുക്കുന്ന വായ്പ (എൻ. സി. ഡി. സി. സഹായം )

എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള ഐ.എഫ്.ഡി.പി. പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ

19.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ശീർഷകം പുന:സ്ഥാപിക്കുന്നതിന്**

മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപമുള്ള തീരപരിപാലന പ്രവർത്തനങ്ങൾക്കായി 4405-00-104-27(പ്ലാൻ) എന്ന ശീർഷകം പുന:സ്ഥാപിച്ച് 25 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള തീരദേശ പാക്കേജിനായി പുതിയ ശീർഷകം അനുവദിച്ച് 75 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഫാറം എ മാതൃകയിൽത്തന്നെ ധനാഭ്യർത്ഥനകൾ സംബന്ധിച്ച കുറിപ്പുകൾ ലഭ്യമാക്കേണ്ടതാണെന്നും കഴിഞ്ഞ അഞ്ച് വർഷത്തെ ധനാഭ്യർത്ഥനകളുടെ താരതമ്യം രേഖപ്പെടുത്തുമ്പോൾ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നൽകണമെന്നും യോഗത്തിൽ പങ്കെടുക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ കൃത്യമായി നൽകാൻ ശ്രദ്ധിക്കണമെന്നും ബഹു. എക്സ് ഒഫീഷ്യോ അംഗം വകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

സമിതി യോഗം വൈകുന്നേരം 4.15 ന് അവസാനിച്ചു.

**25.02.2025-ലെ യോഗനടപടിക്കുറിപ്പ്**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയ നിർണ്ണയ

സമിതി - 1 2025 ഫെബ്രുവരി മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിംഗ് മുഖേന) യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി ശ്രീ.സജി ചെറിയാൻ, (വീഡിയോ കോൺഫറൻസിംഗ് മുഖേന) ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ.ചിഞ്ചുറാണി എന്നിവരും സന്നിഹിതരായിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

**ഹാജരായ അംഗം**

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

**വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ :**

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. എം വിൻസെന്റ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 151 ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം രാവിലെ 11.40-ന് അവസാനിച്ചു.

## 26.03.2025-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2025 മാർച്ച് 26-ാം തീയതി ബുധനാഴ്ച്ച ഉച്ചയ്ക്കുശേഷം 12.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണും ബഹു. കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ (വീഡിയോ കോൺഫറൻസിങ് മുഖേന) യോഗം ചേർന്നു.

തദവസരത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ, ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ :**

1. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
2. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം :**

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ. എസ്. കിരൺ ബോസ്, അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ :**

1. ഡോ. ബി. അശോക്, അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
2. ഡോ. കെ. വാസുകി, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
3. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ
4. ശ്രീ. സാജു കെ. സുരേന്ദ്രൻ, ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
5. ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
6. ശ്രീമതി സഫ്ന നസറുദ്ദീൻ, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
7. ശ്രീ. ആസിഫ് കെ. യൂസഫ്, ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ്
8. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
9. ശ്രീമതി അഫ്സാന പർവീൺ, കമ്മീഷണർ, ഭക്ഷ്യസുരക്ഷാ വകുപ്പ്
10. ശ്രീമതി ശാലിനി ഗോപിനാഥ്, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
11. ശ്രീമതി ലതാകുമാരി എം. ബി.,അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
12. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ്
13. ശ്രീ. നെൽസൺ ജെ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
14. ശ്രീ. ഇഗ്നേഷ്യസ് മൺട്രോ ബി., അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
15. ശ്രീമതി സ്മിത ആർ. നായർ, അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
16. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
17. ശ്രീമതി ചിത്ര കെ. ദിവാകരൻ, ജോയിന്റ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്
18. ശ്രീമതി ശ്രീകല ടി. പി., ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
19. ശ്രീ. സന്തോഷ് കുമാർ എസ്., ജോയിന്റ് ഡയറക്ടർ (ഇൻലാൻഡ്), മത്സ്യബന്ധന വകുപ്പ്

സമിതി, 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റിന്മേലുള്ള കരട് ചട്ടം, സമിതി, റിപ്പോർട്ടിലെ ശിപാർ

ശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഫയലുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റിന്മേലുള്ള കരട് ചട്ടം</u>

<u>(ഫ.നം. 897/സബ്.സി.സി2/2022/നി.സെ)</u>

**<u>മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്</u>**

2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റിന്മേലുള്ള ഭേദഗതി വരുത്തിയ കരട് ചട്ടം യോഗദിവസം രാവിലെ മാത്രമാണ് അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളതെന്നും ആയതിനാൽ കരട് ചട്ടത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് വിശദീകരിക്കാവുന്നതാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആമുഖമായി അറിയിച്ചു.

സമഗ്രമായ മാറ്റം വരുത്തിയ കരട് ചട്ടം നടപടിക്രമങ്ങളൊന്നും പാലിക്കാതെ യോഗ ദിവസം രാവിലെ മാത്രം ചട്ടവിരുദ്ധമായി അംഗങ്ങൾക്ക് ലഭ്യമാക്കിയ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

ചട്ടത്തിൽ വരുത്തിയ മാറ്റങ്ങൾ സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥർ വിശദീകരിക്കുകയും ആയവ ചർച്ചയ്ക്കൊടുവിൽ സമിതി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

**<u>Heading</u>**

എസ്.ആർ.ഒ. നമ്പർ ......./2025.- 2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റിന്റെ (2021-ലെ 16) 33-ാംവകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെ പറയുന്ന പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :- എന്ന് ഭേദഗതി ചെയ്തു.

**<u>ചുരുക്കപ്പേരും പ്രാരംഭവും</u>**

ചട്ടത്തിന്റെ പേരിലെ 'മത്സ്യ സംഭരണവും,' എന്നീ വാക്കുകളും ചിഹ്നവും 'മത്സ്യസംഭരണവും' എന്ന് ഭേദഗതി ചെയ്തു.

**ചട്ടം 2.** നിർവ്വചനങ്ങൾ

1(എ)-യിലെ ഒന്നാമത്തെ വരിയിലെ കേരള 'മത്സ്യസംഭരണവും', 'വിപണനവും', എന്നീ വാക്കുകൾക്കുശേഷം വരുന്ന ',' ചിഹ്നം ഒഴിവാക്കി.

**ചട്ടം 3.** ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയ്ക്ക് പുറത്ത് മത്സ്യലേലത്തിൽ താല്ക്കാലികമായി ഏർപ്പെടുന്നതിനുള്ള അനുമതിപത്രം

ഉപചട്ടം (3) (സി) -യിൽ മൂന്നാമത്തെ വരിയിലെ 'അറ്റകുറ്റപണികൾ' എന്ന വാക്ക് 'അറ്റകുറ്റപ്പണികൾ'എന്ന് ഭേദഗതി ചെയ്യുകയും അഞ്ചാമത്തെ വരിയിലെ മത്സ്യലേലം എന്ന വാക്കിനുശേഷം '.' ചിഹ്നം ചേർക്കുകയും ചെയ്തു.

ഉപചട്ടം (4) - ൽ "എന്നാൽ (2)-ാം ഉപചട്ടം (സി)" എന്നതിലെ 'എന്നാൽ' എന്ന വാക്കിനുശേഷം ' ,' ചിഹ്നം ചേർക്കുകയും അതേ വരിയിലെ (2) എന്ന അക്കം (3) എന്നും മൂന്നാമത്തെ വരിയിലെ "അറുപത് ദിവസത്തേയ്ക്ക്"എന്ന വാക്കിനുശേഷം "കൂടി"എന്ന വാക്ക് കൂട്ടിച്ചേർക്കുകയും ചെയ്തു.

ഉപചട്ടം (5)-ൽ (2)-ാം ഉപചട്ടം (എ), (ബി) ഖണ്ഡങ്ങൾ എന്നതിലെ "(2)" എന്ന അക്കം (3 ) എന്നും ഉപചട്ടം (6)-ൽ ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അനുമതിപത്രം ലഭിച്ച ഏതൊരാൾക്കും (2)-ാം ഉപചട്ടം (സി) എന്നതിലെ "(2)"എന്ന അക്കം "(3)" എന്നും ഭേദഗതി ചെയ്തു.

ഉപചട്ടം(7)-ൽ "മത്സ്യലേലത്തിൽ താൽക്കാലികമായി ഏർപ്പെടുന്നതിനുള്ള അനുമതിപത്രത്തിനായുള്ള അപേക്ഷയുടെ ഫാറം 1 പ്രകാരം ആയിരിക്കുന്നതാണ്." എന്ന വാചകത്തിലെ "അപേക്ഷയുടെ"എന്ന വാക്കിലെ "യുടെ" എന്നത് ഒഴിവാക്കി.

ലാന്റിംഗ് സെന്റർ, ഹാർബർ, മാർക്കറ്റ് എന്നിവയ്ക്ക് പുറത്ത് മത്സ്യലേലത്തിൽ താല്ക്കാലികമായി ഏർപ്പെടുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള കാലാവധി സംബന്ധിച്ചുള്ള സമിതി അംഗത്തിന്റെ ചോദ്യത്തിന് ആദ്യം 60 ദിവസത്തേയ്ക്കും

പിന്നീട് 60 ദിവസത്തേയ്ക്കുകൂടി കാലാവധി നീട്ടിക്കൊടുക്കുകയുമാണ് ചെയ്യുന്നതെന്നും ഒരു വർഷം പരമാവധി എത്രദിവസത്തേയ്ക്ക് എന്നത് സ്പെസിഫൈ ചെയ്ത് പറഞ്ഞിട്ടില്ലെന്നും വകുപ്പുദ്യോഗസ്ഥർ മറുപടി നൽകി.

അങ്ങനെയാണെങ്കിൽ ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന സാഹചര്യങ്ങൾ അതേ വർഷം വീണ്ടുമുണ്ടായാൽ അനുമതി ദീർഘിപ്പിച്ച് നൽകാൻ കഴിയുമോ എന്ന് സമിതി അംഗം ആരായുകയും ഹാർബറിന്റെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട അനുമതിയാണെങ്കിൽ 120 ദിവസംകൊണ്ട് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ലെന്നും കണ്ടീഷൻസ് പാലിച്ചുകൊണ്ട് അനുമതി നൽകേണ്ടിവരുന്ന അത്തരം സാഹചര്യം വന്നാൽ സർക്കാരിന്റെ തീരുമാനത്തിന് വിടുന്നതാണ് ഉചിതമെന്ന് നിയമ വകുപ്പിൽ നിന്നും നിർദേശം ലഭിച്ചിട്ടുള്ളതായും അങ്ങനെയുള്ള സന്ദർഭങ്ങളിൽ സർക്കാർ അക്കാര്യം പ്രത്യേകം നോട്ടിഫൈ ചെയ്ത് നൽകണമെന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നും മത്സ്യബന്ധന വകുപ്പ് ജോയിന്റ് ഡയറക്ടർ (ഇൻലാൻഡ്) മറുപടി നൽകി.

ഒരു സ്ഥലത്തെ ഹാർബറായോ ഫിഷ്ലാൻഡിംഗ് സെന്ററായോ ഡിക്ലയർ ചെയ്യാനുള്ള അധികാരം ആക്ടുപ്രകാരം സർക്കാരിനുള്ളതിനാൽ ചട്ടത്തിൽ പ്രസ്തുത വ്യവസ്ഥ വേണമെന്നില്ലെന്ന് എക്സ്-ഒഫീഷ്യോ അംഗമായ ബഹു, മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

**ചട്ടം 4.** <u>മത്സ്യലേലം നിർവ്വഹിക്കേണ്ട രീതിയും അനുബന്ധ പ്രവർത്തനങ്ങളും</u>

തലക്കെട്ടിലെ അനുബന്ധ പ്രവർത്തനങ്ങളും എന്ന വാക്കിനുശേഷം വരുന്ന '-' ചിഹ്നത്തിനുമുമ്പായി ' .' എന്ന ചിഹ്നം ചേർക്കുകയും ഉപചട്ടം (3) - ൽ നാലാമത്തെ വരിയിലെ "...... മാനേജ്മെന്റ് സൊസൈറ്റി, ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികൾ ......" എന്നതിൽ "," എന്ന ചിഹ്നത്തിനുപകരം "/ " എന്ന ചിഹ്നം ചേർക്കുകയും ചെയ്തു.

ഉപചട്ടം (6)-ൽ അടിസ്ഥാനവിലയേക്കാൾ കുറഞ്ഞ വിലയിൽ ലേലം നടത്തേണ്ട സാഹചര്യങ്ങളിൽ, ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറിയോ

അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ലേലത്തിന് അനുമതി നൽകേണ്ടതും അത് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അതിന്റെ തൊട്ടടുത്ത യോഗത്തിൽവച്ച് സാധൂകരണം നൽകേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ലേലം ചെയ്തുകഴിഞ്ഞതിനുശേഷം സാധൂകരണത്തിന് വരുമ്പോൾ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചില്ലെങ്കിൽ മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന നഷ്ടം നികത്താൻ എന്താണ് മാർഗ്ഗം എന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടില്ലെന്ന കാര്യം ബഹു. സമിതി അംഗം ചൂണ്ടിക്കാട്ടി . കൂടാതെ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഇഷ്ടപ്രകാരം വില കുറച്ച് ലേലം ചെയ്യാൻ കഴിയുന്ന അവസ്ഥ ഒഴിവാക്കാനായി ഏതൊക്കെ സാഹചര്യങ്ങളിലാണ് വില കുറയ്ക്കേണ്ടതെന്നത് ചട്ടത്തിൽ വ്യക്തമായി പ്രതിപാദിക്കാത്തതു സംബന്ധിച്ചും അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തി.

അടിസ്ഥാനവിലയനുസരിച്ച് ലേലം നടന്നില്ലെങ്കിൽ കുറഞ്ഞ വിലയ്ക്ക് ലേലം ചെയ്യാനുള്ള അധികാരം ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് നൽകിയിരിക്കുകയാണെന്നും അവർ വില നിശ്ചയിച്ച് ലേലം നടത്തുകയും പിന്നീട് പ്രസ്തുത നടപടി സാധൂകരിക്കുകയുമാണ് ചെയ്യുന്നതെന്നും ഏതൊക്കെ സാഹചര്യങ്ങളിൽ അടിസ്ഥാനവിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ലേലം ചെയ്യാം എന്നതിനെക്കുറിച്ച് പ്രത്യേകം വ്യവസ്ഥ ചെയ്യാൻ കഴിയില്ലെന്നും , അമിതമായി മത്സ്യം ലഭിക്കുന്ന സന്ദർഭങ്ങളിലും സംഘർഷമുണ്ടാകുന്നതുൾപ്പെടെയുള്ള സാഹചര്യങ്ങളിലും അടിയന്തരമായി ലേലം ചെയ്യേണ്ടിവരുമെന്നതിനാൽ ഓരോ സാഹചര്യത്തെക്കുറിച്ചും പ്രത്യേകം പറയാൻ കഴിയില്ലെന്നും മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന നഷ്ടത്തിന്റെ കാര്യം സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും എക്സ്-ഒഫീഷ്യോ അംഗമായ ബഹു, മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

ഉപചട്ടം (7), (8) എന്നിവയിലെ ക്ലിപ്തനിബന്ധയിൽ "എന്നാൽ" എന്ന വാക്കിനുശേഷം "," ചിഹ്നം ചേർക്കുകയും "പ്രവർത്തി " എന്ന വാക്ക് "പ്രവൃത്തി"എന്നും മാറ്റം വരുത്തുകയും ചെയ്തു.

**ചട്ടം 5.** ലേലക്കമ്മീഷൻ വിഭജിക്കൽ

'ലേലക്കമ്മീഷൻ വിഭജിക്കൽ' എന്ന തലക്കെട്ട് 'ലേലക്കമ്മീഷൻ വസൂലാക്കൽ' എന്നും ഉപചട്ടം (2)-ലെ നാലാമത്തെ വരിയിലെ 'പ്രവർത്തി ദിവസിത്തനകം' എന്ന വാക്കുകൾ 'പ്രവൃത്തി ദിവസത്തിനകം' എന്നും ഉപചട്ടം (3)-ലെ അഞ്ചാമത്തെ വരിയിലെ 'ഒരു' എന്ന വാക്ക് 'ഫാറം 1 (എ) പ്രകാരമുള്ള' എന്നും ഉപചട്ടം (4)-ൽ 4-ാമത്തെ വരിയിലെ 'ഉത്തരവാദിത്വത്തോടും' എന്ന വാക്ക് ഉത്തരവാദിത്തത്തോടും എന്നും ഭേദഗതി ചെയ്യു.

**ചട്ടം 6.** ലേലക്കാരനുള്ള അനുമതിപത്രത്തിനുള്ള അപേക്ഷ

ഉപചട്ടം (2) ഒഴിവാക്കുകയും തുടർന്നുള്ള ഉപചട്ടങ്ങളായ (3), (4), (5), (6) എന്നിവ യഥാക്രമം (2), (3), (4), (5) എന്നിങ്ങനെ പുനരക്കം ചെയ്യുകയും

പുനരക്കം ചെയ്ത ഉപചട്ടം (2)-ൽ "നൽകുന്നതിനുള്ള അപേക്ഷ" എന്നീ വാക്കുകൾ "നൽകുന്നത്" എന്ന് ഭേദഗതി ചെയ്യുകയും ഉപചട്ടം (7) മുതൽ (11) വരെ ഒഴിവാക്കുകയും ഉപചട്ടം (12) ഉപചട്ടം (6) ആയി പുനരക്കം ചെയ്യുകയും ഉപചട്ടം (3)-ലെ അവസാനത്തെ വരിയിലെ 'സമർപ്പിക്കേണ്ടതുമാണ്' എന്ന വാക്ക് 'സമർപ്പിക്കേണ്ടതാണ്' എന്ന് മാറ്റം വരുത്തുകയും ചെയ്യു.

**ചട്ടം 8.** അനുമതി പത്രം പുതുക്കൽ

ഉപചട്ടം (1) -ലെ രണ്ടാമത്തെ വരിയിൽ 'പ്രസ്തു' എന്ന വാക്ക് 'പ്രസ്തുത' എന്ന് ഭേദഗതി ചെയ്യുകയും ഉപചട്ടം (2) ഒഴിവാക്കുകയും ഉപചട്ടം (3) ഉപചട്ടം (2) ആയി പുനരക്കം ചെയ്യുകയും പുനരക്കം ചെയ്ത ഉപചട്ടം (2) - ലെ ക്ലിപ്തനിബന്ധനയിൽ 'എന്നാൽ' എന്നതിനുശേഷം ',' ചിഹ്നം ചേർക്കുകയും അതേവരിയിലെ 'വർധിച്ച' എന്ന വാക്കിനുശേഷം "തുകയിൽ ശേഷിക്കുന്ന തുക കൂടി" എന്ന് ചേർക്കുകയും ചെയ്യു.

**ചട്ടം 9.** യൂസർഫീസിൽ നിന്നുള്ള വിഹിതത്തുക വിഭജനം

ഉപചട്ടം (3)-ൽ 'വികലാംഗർക്കും' എന്ന വാക്ക് 'ഭിന്നശേഷിക്കാർക്കും' എന്ന് ഭേദഗതി ചെയ്യു.

**ചട്ടം 10.** ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടനയും

അധികാരങ്ങളും ചുമതലകളും മുതലായവ

തലക്കെട്ടിൽ 'ഘടന' എന്ന വാക്കിനുപകരം 'ഘടനയും' എന്ന് ചേർക്കുകയും തുടർന്നു വരുന്ന ',' ചിഹ്നം ഒഴിവാക്കുകയും തലക്കെട്ടിന്റെ അവസാന ഭാഗത്തെ 'മുതലായവ' എന്ന വാക്ക് ഒഴിവാക്കുകയും തുടർന്ന് '.' ചിഹ്നം ചേർക്കുകയും ഒന്നാമത്തെ വരിയിലെ 'ഉപ വകുപ്പ്' എന്നത് 'ഉപവകുപ്പ്' എന്ന് ഭേദഗതി ചെയ്യുകയും നാലാമത്തെ വരിയിലെ 'മുതലായവ' എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യു.

ഇനം (എ) (iii)-ൽ 'എക്സിക്യൂട്ടീവ് എഞ്ചിനീയർ' എന്ന വാക്ക് 'അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ' എന്നും "ജോയിന്റ് സെക്രട്ടറി" എന്ന വാക്ക് 'അംഗം' എന്നും ഭേദഗതി ചെയ്യുകയും ഇനം (എ) (iv)-ൽ '3 പ്രതിനിധികൾ' എന്നത് '2 പ്രതിനിധികൾ' എന്ന് ഭേദഗതി ചെയ്യുകയും ഇനം (എ) (iv)-നു ശേഷം ഇനം (എ) (v) ആയി "ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ - അംഗം" എന്നത് കൂട്ടിച്ചേർക്കുകയും ഇനം (ബി) (iv)- ലെ ക്ലിപ്തനിബന്ധയിൽ "എന്നാൽ" എന്ന വാക്കിനുശേഷം "," ചിഹ്നം ചേർക്കുകയും അതേ വരിയിലെ '(iii)-ാം ഇനത്തിലെയും ഈ ഇനത്തിലെയും' എന്നീ വാക്കുകൾ '(iii)-ാം ഇനത്തിലെ' എന്ന് ഭേദഗതി ചെയ്യുകയും രണ്ടാമത്തെ വരിയിലെ 'അനവാര്യമാണെന്ന്' എന്ന വാക്ക് 'അനിവാര്യമാണെന്ന് ' എന്ന് മാറ്റം വരുത്തുകയും ചെയ്യു.

**ചട്ടം 11.** ഐസ് പ്ലാന്റ് , ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണകേന്ദ്രം, സംസ്കരണകേന്ദ്രം, പരിവഹന സൗകര്യം എന്നിവയ്ക്കുള്ള അനുമതിപത്രം

തലക്കെട്ടിലെയും ഉപചട്ടം (1) - ലെ രണ്ടാമത്തെ വരിയിലെയും 'പരിവഹന സൗകര്യം' എന്നീ വാക്കുകൾ 'മത്സ്യ പരിവഹന സൗകര്യം' എന്ന് ഭേദഗതി ചെയ്യു.

ഉപചട്ടം (2) താഴെപറയും പ്രകാരം ഭേദഗതി ചെയ്യു.

(2) അനുമതി പത്രത്തിനുള്ള അപേക്ഷയോടൊപ്പം ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള തുക ഫീസായും സെക്യൂരിറ്റി നിക്ഷേപമായും അപേക്ഷകൻ ഒടുക്കേണ്ടതാണ്

| ക്രമ നം. | ഇനം | ഫീസ് (രൂപയിൽ) | സെക്യൂരിറ്റി ഡെപ്പോസിറ്റ് |
|---|---|---|---|

| | | | (രൂപയിൽ) |
|---|---|---|---|
| 1. | ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം | 250 | 500 |
| 2. | സംസ്കരണ കേന്ദ്രം | 500 | 1000 |
| 3. | പരിവഹന സൗകര്യം | | |
| | (i) ഇരുചക്ര വാഹനം | 50 | 100 |
| | (ii) മുച്ചക്ര വാഹനം | 100 | 200 |
| | (iii) മൂന്ന് ടൺ വരെ ഭാരമുള്ള മറ്റ് വാഹനങ്ങൾ | 250 | 500 |
| | (iv) മൂന്ന് ടണ്ണിന് മുകളിൽ ഭാരമുള്ള വാഹനങ്ങൾ | 500 | 1000 |

ഉപചട്ടം 1(3)-ലെ 'അപേക്ഷയോടൊപ്പം ഒടുക്കേണ്ട ഫീസ്' എന്നീ വാക്കുകൾക്കുശേഷം ', സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ' എന്നീ ചിഹ്നവും വാക്കുകളും ചേർത്തു.

ഗതാഗത വകുപ്പിന്റെ എല്ലാ അനുമതികളും വാങ്ങിയശേഷം സർവീസ് നടത്തുന്ന വാഹനങ്ങൾക്ക് വീണ്ടും അനുമതിപത്രവും സെക്യൂരിറ്റി ഡെപ്പോസിറ്റും വാങ്ങണമെന്നുപറയുന്നതും ഓരോ വർഷവും ടാക്സും മറ്റും അടച്ചതിനുശേഷം സർവീസ് നടത്തുന്ന വാഹനങ്ങൾ സെക്യൂരിറ്റി ഡെപ്പോസിറ്റിനത്തിൽ വീണ്ടും തുക നൽകണമെന്ന് പറയുന്നതും സംഘർഷങ്ങൾ ക്കിടയാക്കുമെന്നും ജനങ്ങളെ സഹായിക്കാൻ വേണ്ടിയായിരിക്കണം നിയമങ്ങളുണ്ടാക്കേണ്ടതെന്നും സമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടു.

ഓരോ വാഹനത്തിലും കയറ്റാവുന്ന മത്സ്യങ്ങളുടെ ഇനം നിശ്ചയിച്ചിട്ടുണ്ടെന്നും പ്രസ്തുത നിബന്ധന പാലിക്കാതെ മത്സ്യം കയറ്റുന്ന വാഹനങ്ങൾക്ക് ചുമത്തുന്ന ഫൈൻ ഒടുക്കിയില്ലെങ്കിൽ ആ തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും ഈടാക്കുകയാണ് ചെയ്യുന്നതെന്നും മത്സ്യം കൊണ്ടുപോകുമ്പോൾ ഐസ് വെള്ളം റോഡിൽ വീഴാൻ പാടില്ലെന്നതിനാൽ ഐസ് വെള്ളം കളക്ട് ചെയ്യാൻ സംവിധാനമുള്ള വാഹനങ്ങൾക്ക് മാത്രമേ മത്സ്യം ട്രാൻസ്പോർട്ട് ചെയ്യാൻ അനുവാദം നൽകാൻ പാടുള്ളൂവെന്നാണ് ആക്റ്റിൽ വ്യവസ്ഥ

ചെയ്തിരിക്കുന്നതെന്നും മത്സ്യബന്ധന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു. ആവശ്യമെങ്കിൽ ഇക്കാര്യം സംബന്ധിച്ച് ഒന്നുകൂടി ആലോചിക്കാമെന്ന് എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ഉറപ്പു നൽകി.

ഉപചട്ടം (4) , (5) എന്നിവ ഒഴിവാക്കുകയും തുടർന്നുവരുന്ന (6), (7) എന്നീ ഉപചട്ടങ്ങൾ (4), (5) എന്നിങ്ങനെ പുനരക്കം ചെയ്യുകയും പുനരക്കം ചെയ്ത ഉപചട്ടം (5)(i)-ൽ മൂന്നാമത്തെ വരിയിലെ "ലൈസൻസുംപെർമിറ്റും" എന്നതിലെ ലൈസൻസും എന്ന വാക്കിനുശേഷം ഒരു സ്പേസ് നൽകുകയും പുനരക്കം ചെയ്ത (5) (viii) ഒഴിവാക്കുകയും ഉപചട്ടം (8) ഉപചട്ടം (6) ആയി പുനരക്കം ചെയ്യുകയും ഉപചട്ടം (9) ഒഴിവാക്കുകയും ഉപചട്ടം (10) ഉപചട്ടം (7) ആയി പുനരക്കം ചെയ്യുകയും താഴെ പറയുന്ന രീതിയിൽ ഭേദഗതി വരുത്തുകയും ചെയ്തു.

'(7) ആക്റ്റിന്റെ 14-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരമുള്ള അനുമതിപത്രം ലഭിച്ച ഒരാൾക്ക് പ്രസ്തുത അനുമതിപത്രത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പായി, അനുമതിപത്രം നേടുന്നതിന് ബാധകമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും ഉപചട്ടം (2) പ്രകാരമുള്ള ഫീസ് ഒടുക്കിക്കൊണ്ടും, ആക്റ്റിന്റെ 14-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു പുതിയ അനുമതിപത്രം നേടുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.'

ഉപചട്ടം (11), (12) എന്നിവ യഥാക്രമം ഉപചട്ടം (8), (9) എന്നിങ്ങനെ പുനരക്കം ചെയ്യുകയും പുനരക്കം ചെയ്ത ഉപചട്ടം (9)-ന്റെ ക്ലിപ്തനിബന്ധന 'എന്നാൽ, സെക്യൂരിറ്റി നിക്ഷേപ തുകയിൽ വർദ്ധനവ് വന്നിട്ടുള്ള പക്ഷം വർദ്ധിച്ച തുകയിൽ ശേഷിക്കുന്ന തുകകൂടി ഒടുക്കാൻ അപേക്ഷകൻ ബാധ്യസ്ഥനായിരിക്കുന്നതുമാണ്.' എന്നിങ്ങനെ ഭേദഗതി ചെയ്യുകയും ചെയ്തു.

**ചട്ടം 12.** <u>മത്സ്യ സംഭരണവും അടിസ്ഥാനവില നിശ്ചയിക്കലും</u>

ഉപചട്ടം (1)-ലെ മൂന്നാമത്തെ വരിയിലെ 'നിശ്ചയിക്കേണ്ടതാണ്' എന്ന വാക്കിനുശേഷം വരുന്ന '.' ചിഹ്നം ഒഴിവാക്കുകയും ', അതായത് :-' എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുകയും ഉപചട്ടം (1)(എ)-ലെ മൂന്നാമത്തെ വരിയിൽ

'മത്സ്യഇനങ്ങൾക്ക്' എന്നീ വാക്കുകൾക്കിടയിൽ സ്പേസ് നൽകിയും ഉപചട്ടം (1)(സി)-യിലെ ചാകര' എന്ന വാക്കിനും ചിഹ്നത്തിനും പകരം 'ചാകര' എന്ന വാക്കും ചിഹ്നവും ചേർത്ത് മാറ്റം വരുത്തുകയും. ഉപചട്ടം (1)(ഇ)-യിലെ ആദ്യത്തെ വരിയിലെ 'ഡിസ്ലേ' എന്ന വാക്ക് 'ഡിസ്പ്ലേ' എന്ന് മാറ്റം വരുത്തുകയും ചെയ്യു.

ഉപചട്ടം (2) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യു.

'(2) ആക്റ്റിന്റെ 19-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘവും അതിന്റെ അംഗങ്ങളിൽ നിന്നും ത്തുക്കം അനുസരിച്ച് അടിസ്ഥാനവില നൽകി മത്സ്യം സംഭരിക്കേണ്ടതും ആയത് സൂക്ഷിക്കുന്നതിനായി മതിയായ സംഭരണ/സൂക്ഷിക്കൽ സൗകര്യങ്ങൾ മത്സ്യഫെഡിന്റെ നേതൃത്വത്തിൽ സജ്ജീകരിക്കേണ്ടതുമാണ്.'

**ചട്ടം 13.** <u>മത്സ്യത്തിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തൽ</u>

ചട്ടം 13-ലെ ആദ്യ ഉപചട്ടത്തിന് മുൻപ് '(1)'എന്ന അക്കം ചേർക്കുകയും ഒന്നാമത്തെ വരിയിൽ 'ഗുണനിലവാരം' എന്ന വാക്ക് 'ഗുണനിലവാര' എന്നും ഉപചട്ടം (2)-ൽ "ഉൽപ്പാദാകൻ" എന്ന വാക്ക് " ഉൽപ്പാദകൻ" എന്നും ഉപചട്ടം (2)(എ) ഒന്നാമത്തെ വരിയിൽ മത്സ്യഇനവും എന്നീ വാക്കുകൾ 'മത്സ്യ ഇനവും' എന്നും ഭേദഗതി ചെയ്യു.

ഉപചട്ടം (2)(ബി)-ൽ പ്രതിപാദിച്ചിട്ടുള്ള മത്സ്യം പിടിച്ച് കരയ്ക്കടുപ്പിച്ച് ഒരു മണിക്കൂറിനുള്ളിൽ കൃത്യമായ അളവ്, പിടിച്ച സമയം, കരയ്ക്കടുപ്പിച്ച സമയം എന്നിവ ഉൾപ്പെടെയുള്ള ക്യാച്ച് റിപ്പോർട്ട് എന്തിനുവേണ്ടിയാണ് തയ്യാറാക്കുന്നതെന്നും ആക്റ്റിൽ എവിടെയാണ് ഇതുസംബന്ധിച്ച് പറഞ്ഞിരിക്കുന്നതെന്നും എക്സ്-ഒഫീഷ്യോ അംഗമായ ബഹു, മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചോദിച്ചു.

ആക്റ്റിലെ സെക്ഷൻ 21-ൽ മത്സ്യത്തിന്റെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തൽ എന്ന ഖണ്ഡത്തിൽ, 'നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അപേക്ഷ സമർപ്പിക്കുമ്പോൾ ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തുന്നവിധം ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി മത്സ്യത്തിന്റെ ഗുണനിലവാര സാക്ഷ്യപത്രം നേടാൻ ഉൽ പ്പാദകന് അർഹതയുണ്ടായിരിക്കുന്നതാണ്' എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും സാക്ഷ്യപത്രം

വാങ്ങണമെന്നത് മാൻഡേറ്ററിയല്ലെന്നും സെക്ഷൻ 20 അനുസരിച്ചുള്ള സാക്ഷ്യപ്പെടുത്തലിൽ ആണ് ഉപചട്ടം 2 (ബി)-ക്ക് പ്രസക്തിയുള്ളതെന്നും സെക്ഷൻ 21 പ്രകാരം ഫൈനൽ പ്രോഡക്ടിന്റെ (ശീതീകരിച്ച മത്സ്യമോ, മത്സ്യ അച്ചാറോ അതുപോലുള്ള മറ്റ് ഉൽപ്പന്നങ്ങളോ) സാക്ഷ്യപ്പെടുത്തലിനാണെങ്കിൽ ഉപചട്ടം 2(ബി)യ്ക്ക് പ്രസക്തിയില്ലെന്നും അതുകൊണ്ട് ഉപചട്ടം 2(ബി) ഒഴിവാക്കുന്നതായിരിക്കും നല്ലതെന്നും മത്സ്യബന്ധന വകുപ്പ് അഡീഷണൽ ഡയറക്ടർ അഭിപ്രായപ്പെട്ടു .

"മത്സ്യം പിടിച്ച് കരയ്ക്കടുപ്പിച്ച് ഒരു മണിക്കൂറിനുള്ളിൽ കൃത്യമായ അളവ്, പിടിച്ച സമയം, കരയ്ക്കടുപ്പിച്ച സമയം എന്നിവ ഉൽപ്പാദകൻ ആവശ്യപ്പെടുന്നപക്ഷം നൽകേണ്ടതാണ്" എന്ന രീതിയിൽ ഭേദഗതി ചെയ്യുകയോ ഉപചട്ടം 2(ബി) ഒഴിവാക്കുകയോ ചെയ്യാമെന്ന് എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ഉപചട്ടം (2)(ബി) ഒഴിവാക്കുന്നതിനും ഉപചട്ടം (2)(സി) ഉപചട്ടം (2)(ബി) ആയി പുനരക്കം ചെയ്യുന്നതിനും തീരുമാനിച്ചു.

ഉപചട്ടം (3)-ലെ അവസാനം ';' ചിഹ്നത്തിനുപകരം '.' ചിഹ്നം ചേർക്കുകയും ചെയ്തു.

**ചട്ടം 15.** <u>പ്രവർത്തനം നിർത്തിവയ്പ്പിക്കലും അടച്ചിടലും</u>

ചട്ടം 15-ലെ '(1)' എന്ന നമ്പർ ഒഴിവാക്കുകയും അതിലെതന്നെ അവസാന വരിയിലെ 'സ്ഥാപനത്തിന് നിർദ്ദേശം' എന്ന വാക്കുകൾക്കുശേഷം താഴെപറയുന്ന രീതിയിൽ വാക്കുകളും ചിഹ്നങ്ങളും ചേർത്ത് ഭേദഗതി ചെയ്യുകയും ചെയ്തു.

'നൽകുന്നതും താഴെ പറയും പ്രകാരം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ആയിരിക്കേണ്ടതുമാണ്, അതായത് :-'

ഉപചട്ടം (2) ഒഴിവാക്കുകയും ഇനം (സി)-ലെ ഒന്നാമത്തെ വരിയിലെ 'വിശദവിവരങ്ങൾ' എന്ന വാക്ക് 'വിശദവിവരം' എന്നും അവസാന വരിയിലെ 'സമർപ്പിക്കേണ്ടതുമാണ്' എന്ന വാക്ക് 'സമർപ്പിക്കേണ്ടതാണ്' എന്നും ഭേദഗതി ചെയ്യുകയും ചെയ്തു.

**ചട്ടം 16.** <u>ചീഞ്ഞതോ രോഗാണുക്കൾ അടങ്ങിയതോ രാസ/വിഷവസ്തു ചേർത്തതോ താഴ്ന്ന നിലവാരത്തിലുള്ളതോ ആയ മത്സ്യം പിടിച്ചെടുക്കലും നശിപ്പിക്കലും</u>

ഉപചട്ടം (1) താഴെപറയും പ്രകാരം ഭേദഗതി ചെയ്യു.

'(1) ചീഞ്ഞതോ, രോഗാണുക്കൾ അടങ്ങിയതോ, രാസ/വിഷവസ്തു ചേർത്തതോ, താഴ്ന്ന നിലവാരത്തിലുള്ളതോ ആയ മത്സ്യം പരിശോധനാ ഉദ്യോഗസ്ഥൻ കണ്ടെത്തിയാൽ അവ താഴെപ്പറയുന്ന രീതിയിൽ പിടിച്ചെടുക്കുന്നതിനും നശിപ്പിക്കുന്നതിനും പരിശോധനാ ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്,അതായത്:- '

ആക്റ്റിൽ പരിശോധനാ ഉദ്യോഗസ്ഥന്റെ നിർവചനം സംബന്ധിച്ചുള്ള സമിതി അംഗത്തിന്റെ ചോദ്യത്തിന് ഫിഷറീസ് വകുപ്പിലെ ഫിഷറീസ് ആഫീസർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനെ പരിശോധനാ ഉദ്യോഗസ്ഥനായി സർക്കാരിന് അധികാരപ്പെടുത്താവുന്നതാണെന്നാണ് ആക്റ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്ന് മത്സ്യബന്ധന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു

ചീഞ്ഞതോ, രോഗാണുക്കൾ അടങ്ങിയതോ, രാസ/വിഷവസ്തു ചേർത്തതോ, താഴ്ന്ന നിലവാരത്തിലുള്ളതോ ആയ മത്സ്യം പിടിച്ചെടുക്കുന്നതിന് ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥന് എങ്ങനെയാണ് സാധിക്കുന്നതെന്നും മത്സ്യത്തിൽ രോഗാണുക്കൾ ഉണ്ടോ ഇല്ലയോയെന്ന് ഫിഷറിസ് വകുപ്പിലെ ഉദ്യോഗസ്ഥന് അറിയാൻ സാധിക്കുന്നതെങ്ങനെയാണെന്നുമുള്ള സമിതി അംഗത്തിന്റെ ചോദ്യത്തിന് ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥർ ഇതിന് യോഗ്യരാണെന്നും ഇതിനായി വകുപ്പിന് ലാബും മറ്റു സൗകര്യങ്ങളുമുണ്ടെന്നും മത്സ്യബന്ധന വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

ഉപചട്ടം 1 (ബി)-യിൽ മൂന്നാമത്തെ വരിയിലെ 'ഒരു അംഗീകൃത ലബോറട്ടറിയിൽ' എന്ന വാക്കുകൾ 'ഒരു സർക്കാർ അംഗീകൃത ലബോറട്ടറിയിൽ' എന്ന് ഭേദഗതി ചെയ്യുകയും ഉപചട്ടം 1 (സി)-ലെ ഒന്നാമത്തെ വരിയിൽ 'ഉണ്ടാക്കാത്ത' എന്ന വാക്ക്

'ഉണ്ടാകാത്ത' എന്ന് മാറ്റംവരുത്തുകയും ഉപചട്ടം 1 (ഡി)-യിലെ ക്ലിപ്തനിബന്ധനയിൽ ആദ്യ വരിയിലെ 'എന്നാൽ' എന്ന വാക്കിനുശേഷം ',' ചിഹ്നം ചേർക്കുകയും നാലാമത്തെ വരിയിലെ 'സാഹചര്യങ്ങളിലോ' എന്ന വാക്ക് 'സാഹചര്യത്തിലോ' എന്നും അഞ്ചാമത്തെ വരിയിലെ "അക്കാര്യെ"എന്ന വാക്ക് "അക്കാര്യം" എന്നും ഭേദഗതി ചെയ്യുകയും അവസാന വരിയിലെ '.' ചിഹ്നം ഒഴിവാക്കി ';' ചിഹ്നം ചേർക്കുകയും ഉപചട്ടം 1 (ജി)-യിലെ നാലാമത്തെ വരിയിൽ 'വിശദാംശങ്ങൾ' എന്ന വാക്ക് 'വിശദാംശം ' എന്ന് മാറ്റം വരുത്തുകയും ഉപചട്ടം 1 (എച്ച്)-ഖണ്ഡികയുടെ അവസാനം '.' ചിഹ്നത്തിനുപകരം';' ചിഹ്നം ചേർക്കുകയും ചെയ്തു.

ചട്ടം 17. <u>ന്യായനിർണ്ണയ ഉദ്യോഗസ്ഥൻ മുൻപാകെ റിപ്പോർട്ട് സമർപ്പിക്കൽ</u>

'ആക്റ്റിന്റെ 25-ാം വകുപ്പ് (5)-ാം ഉപവകുപ്പ്' എന്നത് ' ആക്റ്റിന്റെ 25-ാം വകുപ്പ് (3), (4) ഉപവകുപ്പുകൾ പ്രകാരം' എന്നും അതേവരിയിലെ 'പിടിച്ചെടുത്ത മത്സ്യം നശിപ്പിച്ചതിന് ശേഷം' എന്നത് 'നടപടിയെടുത്തശേഷം' എന്നും ഭേദഗതി ചെയ്തു..

ചട്ടം 18. <u>പിടിച്ചെടുക്കൽ റിപ്പോർട്ടിന്മേൽ ന്യായ നിർണ്ണയ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ</u>

ഉപചട്ടം 1 (ബി)-യിലെ ആദ്യത്തെ വാക്കായ 'ആവശ്യമെഘങ്കിൽ' എന്നത് 'ആവശ്യമെങ്കിൽ' എന്നും അവസാനത്തെ വരിയിലെ 'നേരിട്ട' എന്ന വാക്ക് 'നേരിട്ട് ' എന്നും ഭേദഗതി ചെയ്തു.

**<u>ഫാറത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ.</u>**

ഫാറം 1-നുശേഷം ഫാറം 1 (എ) കൂട്ടിച്ചേർത്തു.

ഫാറം 4-ൽ '(ചട്ടം 6 (3) കാണുക)' എന്നത് '(ചട്ടം 6 (2) കാണുക)' എന്നും ഫാറം 5-ൽ '(ചട്ടം 6 (5) കാണുക)' എന്നത് (ചട്ടം 6 (4) കാണുക) എന്നും ഫാറം 6-ൽ '(ചട്ടം 6 (12) കാണുക)' എന്നത് '(ചട്ടം 6 (6) കാണുക)' എന്നും ഭേദഗതി ചെയ്തു.

ഫാറം 9 - 'ശ്രീ.......... ഐസ് പ്ലാന്റ്, ചിൽഡ് സ്റ്റോറേജ്, പൂർവ്വ സംസ്കരണ കേന്ദ്രം, സംസ്കരണ കേന്ദ്രം, പരിവഹന സൗകര്യം എന്നിവയുള്ള

അനുമതിപത്രത്തിനായി സമർപ്പിച്ച അപേക്ഷയും ആയതിനായി ഫീസ് ഇനത്തിൽ .........രൂപ സെക്യൂരിറ്റി ഇനത്തിൽ........ രൂപ ഉൾപ്പെടെ ഒടുക്കിയ ......... രൂപ പണമായി/ഡി ഡി നമ്പർ................../യു പി ഐ നമ്പർ............ഉൾപ്പെടെ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നു'. എന്ന്ഭേദഗതി ചെയ്യു.

ഫാറം 10-ൽ '(ചട്ടം 11 (6) കാണുക)' എന്നത് '(ചട്ടം 11 (4) കാണുക)' എന്ന്ഭേദഗതി ചെയ്യു.

ഫാറം 11 - '.............(പേരും മേൽവിലാസവും) പക്കൽ നിന്നും അപേക്ഷാ ഫീസിനത്തിൽ .......... രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ .......... രൂപയും ഉൾപ്പെടെ .......രൂപ പണമായി/ഡിമാന്റ് ഡ്രാഫ്റ്റ് (നമ്പർ..................) /യു. പി. ഐ. (നമ്പർ.............) ......./- രൂപ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നു'. എന്ന് ഭേദഗതി ചെയ്യു.

ഫാറം 11 ൽ '(ചട്ടം 11 (11) കാണുക)' എന്നത് '(ചട്ടം 11 (8) കാണുക)' എന്ന് ഭേദഗതി ചെയ്യു.

ഫാറം 13-ലെ 'അധികാരപ്പെടുത്തപ്പെട്ട ഓഫീസറുടെ ഒപ്പ്' എന്നീ വാക്കുകൾ 'ഓഫീസറുടെ ഒപ്പ് ' എന്നും ഫാറം 15 -ലെ '(ചട്ടം 15 (2) (എ) കാണുക)' എന്നത് '(ചട്ടം 15 (എ) കാണുക)' എന്നും ഫാറം 16-ലെ തലക്കെട്ട് 'പരിശോധനാ റിപ്പോർട്ട് ' എന്നത് 'റിപ്പോർട്ട് ' എന്നും ഭേദഗതി ചെയ്യു.

തിരുത്തലുകൾ വരുത്തിയ കരട് ചട്ടത്തിന്റെ കോപ്പി നിയമസഭാ സെക്രട്ടേറിയറ്റിന് ലഭ്യമാക്കി ഫൈനലൈസ് ചെയ്യാവുന്നതാണെന്ന് എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നിർദ്ദേശിക്കുകയും പ്രസ്തുത നിർദ്ദേശം സമിതി അംഗീകരിക്കുകയും ചെയ്യു.

**II. സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന**

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 17, 18, 32, 33, 38, 39 എന്നിവയിലെ ശിപാർശകളിന്മേൽ 06.02.2025 -ലെ PPM - CELL/211/2024 നമ്പർ കത്ത് പ്രകാരം

കൃഷി (പി.പി.എം.സെൽ) വകുപ്പും ഖണ്ഡിക 57 ലെ ശിപാർശയിന്മേൽ 11.02.2025 -ലെ PLGEA-A1/4/2024 നമ്പർ കത്ത് പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫ.നം. 12047/സബ്.സി.സി2/2024/ലെജി.)

## III <u>വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ</u>

വിവിധ സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള താഴെപ്പറയുന്ന കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

| ക്രമ നം. | സ്ഥാപനത്തിന്റെ/വകുപ്പിന്റെ പേര് | ഫയൽ നമ്പർ | റഫറൻസ് നമ്പർ | വർഷം |
|---|---|---|---|---|
| 1 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ<br>കൃഷി (പി.യു.) വകുപ്പ് | 453/ സബ്.സി.സി2/ 2020/നി.സെ. | പി.യു.3/ 213/2022-കൃഷി<br>തീയതി: 21.11.2024 | 2019-20 |
| 2 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ<br>കൃഷി (പി.യു.) വകുപ്പ് | 1863 സബ്.സി.സി2/ 2021/നി.സെ. | പി.യു.3/ 219/2024-കൃഷി തീയതി: 21.11.2024 | 2020-21 |
| 3 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ<br>കൃഷി (പി.യു.) വകുപ്പ് | 576/ സബ്.സി.സി.2/2022/നി.സെ | പി.യു.3/ 224/2024-കൃഷി തീയതി: 21.11.2024 | 2021-22 |
| 4 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ<br>കൃഷി (പി.യു.) വകുപ്പ് | 794/സബ്.സി.സി2/ 2023/നി.സെ. | പി.യു.3/ 225/2024-കൃഷി തീയതി: 24.01.2025 | 2022-23 |
| 5 | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ<br>കൃഷി (പി.യു.) വകുപ്പ് | 832/ സബ്.സി.സി2/ 2024/നി.സെ. | പി.യു.3/ 226/2024-കൃഷി തീയതി: 30.01.2025 | 2023-24 |
| 6 | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - | 832/ | അഗ്രി-പി.ബി.1/ | 2023-24 |

| | | | | |
|---|---|---|---|---|
| | കേരള. കൃഷി (പി.ബി.) വകുപ്പ് | സബ്.സി.സി2/ 2024/നി.സെ. | 51/2024-അഗ്രി തീയതി: 28.02.2025 | |
| 7 | വയനാട് വികസന പാക്കേജ് ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ് | 832/ സബ്.സി.സി2/ 2024/നി.സെ. | PLGEA-A2/111/2024-PLGEA തീയതി 31.08.2024& 24.10.2024 | 2023-24 |
| 8 | ഇടുക്കി വികസന പാക്കേജ് ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ് | 832/ സബ്.സി.സി2/ 2024/നി.സെ. | PLGEA-A2/127/2024-PLGEA തീയതി 31.08.2024& 24.10.2024 | 2023-24 |
| 9 | മത്സ്യബന്ധന വകുപ്പ് മത്സ്യബന്ധന തുറമുഖ (പി.എസ്.വകുപ്പ്) | 832/ സബ്.സി.സി2/ 2024/നി.സെ. | 36/പി.എസ്/2024/ മ.തു.വ. തീയതി: 03.03.2025 | 2023-24 |

IV സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

**എ. സർക്കാരിൽ നിന്നും ലഭ്യമാകേണ്ട കുടിശ്ശിക കരട് ചട്ടങ്ങൾ സംബന്ധിച്ച്**

1 കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്-സബോർഡിനേറ്റ് സർവീസ് കരട് ചട്ടം

(ഫ.നം. 15657 സബ്.സി.സി.2/2021/നി.സെ.)

(ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്)

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്-സബോർഡിനേറ്റ് സർവീസ് കരട് ചട്ടത്തിന്മേൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ പരിശോധിച്ച് നിയമം, പി.&എ.ആർ.ഡി., പി.എസ്.സി. എന്നീ വകുപ്പുകളുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തയാറാക്കിയ കരട് ചട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരിക്കുകയാണെന്നും ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

2. 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവകലാശാല (ഭേദഗതി) ആക്റ്റ്-കരട് ചട്ടങ്ങൾ

(ഫ.നം. 21681/സബ്.സി.സി.2/2021/നി.സെ.)

**(മത്സ്യബന്ധന തുറമുഖ വകുപ്പ്)**

2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുള്ള സർവകലാശാല (ഭേദഗതി) ആക്റ്റ്-കരട് ചട്ടങ്ങളുടെ ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലായതിനാൽ ഫയൽ പരിശോധിച്ച് അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും സമിതി അംഗീകരിക്കുകയും ചെയ്തു.

3. <u>2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ് - കരട് ചട്ടങ്ങൾ</u>

(ഫ.നം. 896/സബ്.സി.സി.2/2022/നി.സെ.)

**(മത്സ്യബന്ധന തുറമുഖ വകുപ്പ്)**

മൂന്ന് ആക്റ്റുകൾ റിപ്പീൽ ചെയ്തുകൊണ്ടാണ് പുതിയ ആക്റ്റ് കൊണ്ടുവന്നതെന്നും അതിലെ കുറച്ചു ഭാഗങ്ങളെ അടിസ്ഥാനമാക്കിയാണ് C-DAT എന്ന സമ്പ്രദായം കൊണ്ടുവന്നതെന്നും 2013-ലും 2015-ലും വന്ന ചട്ടങ്ങളും 2021-ൽ വന്ന ഭേദഗതിയും സമഗ്രമായി പരിഷ്കരിച്ച് സമർപ്പിക്കാൻ നിയമ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പഴയ റൂളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്നും ലഭിച്ച പരാതികൾ പരിശോധിച്ച് അടിയന്തരമായി പരിഹരിക്കേണ്ടതുണ്ടെന്നും മത്സ്യബന്ധന വകുപ്പ് ജോയിന്റ് ഡയറക്ടർ (ഇൻലാൻഡ്) സമിതിയെ അറിയിച്ചു. സമിതി പ്രസ്തുത മറുപടി അംഗീകരിച്ചു.

4. <u>2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ആക്റ്റിന്മേലുള്ള കരട് ചട്ടം</u>

(ഫ.നം. 12157/സബ്.സി.സി.2/2024/ലെജി.)

**(മൃഗസംരക്ഷണ വകുപ്പ്)**

പ്രസ്തുത കരട് ചട്ടവുമായി ബന്ധപ്പെട്ട് നിയമ വകുപ്പിൽ നിന്നും ലഭിച്ച റിമാർക്സിനുള്ള മറുപടി സമർപ്പിച്ചിട്ടുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി സമിതിയെ

അറിയിച്ചു. സമിതി അംഗീകരിക്കുകയും ചെയ്തു.

5. 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റിന്മേലുള്ള കരട് ചട്ടം

(ഫ.നം. 13560/സബ്.സി.സി.2/2023/നി.സെ.)

**(ക്ഷീരവികസന വകുപ്പ്)**

പ്രസ്തുത കരട് ചട്ടവുമായി ബന്ധപ്പെട്ട് നിയമ വകുപ്പിന്റെ റിമാർക്സിനുള്ള മറുപടി നൽകിയിട്ടുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയും സമിതി അംഗീകരിക്കുകയും ചെയ്തു.

**ബി. സമിതി യോഗ തീരുമാനങ്ങൾ – തുടർനടപടി സംബന്ധിച്ച്**

1. 'ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചുവരുന്ന പദ്ധതികൾ'

(ഫ.നം. 3862/സബ്.സി.സി.2/2018/നി.സെ.)

ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തുന്നതിനും കൃഷി വകുപ്പ് ആവിഷ്കരിച്ചു വരുന്ന പദ്ധതികൾ എന്ന വിഷയം സംബന്ധിച്ച് ചട്ടം 235 (എ) പ്രകാരമുള്ള റിപ്പോർട്ടിലെ ഖണ്ഡിക 23-ന്മേലുള്ള നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത വിഷയത്തിന്മേൽ 01.08.2018-ലെ യോഗത്തിൽ നടന്ന ചർച്ചയിൽ പാൽ, മാംസം, മുട്ട, മത്സ്യം, പച്ചക്കറികൾ എന്നിവയിലെ വിഷാംശം പരിശോധിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീര വികസനം എന്നീ വകുപ്പുകളിലെ യോഗ്യരായ ഉദ്യോഗസ്ഥരെ കൂടി ഭക്ഷ്യസുരക്ഷാ അതോറിറ്റിയിൽ വിന്യസിച്ചുകൊണ്ട് നിയമവിധേയമായി പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരും ഉദ്യോഗസ്ഥരും ഭക്ഷ്യ സുരക്ഷ നിയമം സംബന്ധിച്ച് സംയുക്ത യോഗം ചേർന്ന് ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

ജൂലൈ 1-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് ടി വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുകയും പ്രസ്തുത യോഗത്തിൽ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ പാലിന്റെ സാമ്പിൾ ശേഖരിച്ച് ക്ഷീരവികസന ലാബിലേക്ക് കൊടുക്കണമെന്നും, നിയമ വകുപ്പുസെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് നിയമ പ്രകാരം സ്വീകരിക്കാൻ സാധിക്കുന്ന നടപടികൾ സംബന്ധിച്ച് ചർച്ച നടത്തി തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ചുവെന്നും നിയമ വകുപ്പിൽ നിന്നുള്ള തുടർനടപടി സംബന്ധിച്ച വിവരം സർക്കാരിൽനിന്നും ലഭ്യമായിട്ടില്ലെന്നും ഭക്ഷ്യസുരക്ഷാ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു.

നിയമ വകുപ്പുസെക്രട്ടറി അടിയന്തിരമായി മീറ്റിങ് വിളിച്ച് ടി വിഷയം ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

2. <u>സംസ്ഥാനത്ത് ഒഴിഞ്ഞു കിടക്കുന്ന ജി. എസ്. റ്റി. ചെക്പോസ്റ്റുകളിൽ അന്യസംസ്ഥാനത്തു നിന്ന് വരുന്ന കന്നുകാലികൾക്ക് രോഗപരിശോധനയും ക്വാറന്റൈൻ സംവിധാനവും ഏർപ്പെടുത്തൽ</u>

(ഫ.നം. 10783/സബ്.സി.സി.2/2021/നി.സെ.)

സംസ്ഥാനത്ത് ഒഴിഞ്ഞു കിടക്കുന്ന ജി. എസ്. റ്റി. ചെക്പോസ്റ്റുകളിൽ അന്യസംസ്ഥാനത്തു നിന്ന് വരുന്ന കന്നുകാലികൾക്ക് രോഗപരിശോധനയും ക്വാറന്റൈൻ സംവിധാനവും ഏർപ്പെടുത്തൽ എന്ന വിഷയത്തിന്മേലുള്ള സമിതി ശിപാർശയിന്മേൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 08-11-2023-ന് ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ മൃഗസംരക്ഷണ വകുപ്പുമന്ത്രിയുമായി ചേർന്ന യോഗത്തിൽ, ഇതരസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന മൃഗങ്ങൾക്ക് ക്വാറന്റൈൻ ഏർപ്പെടുത്തുന്നതിനും രോഗപരിശോധനയ്ക്ക് ആവശ്യമായ ചെക്ക്പോസ്റ്റുകളുടെ വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പ് ജി.എസ്.ടി. വകുപ്പുമായി പങ്ക് വയ്ക്കണമെന്നും ആയത് പരിശോധിച്ച് ജി.എസ്.ടി. കമ്മീഷണർ തീരുമാനം കൈക്കൊള്ളണമെന്നും തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ജി.എസ്.ടി. കമ്മീഷണർക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും

ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും വാളയാർ, നട്ടപ്പുണി, ഗോപാലപുരം, പാറശാല, കുമളി എന്നീ ചെക്ക്പോസ്റ്റുകളിൽ അവർക്ക് ആവശ്യമായ സൗകര്യം സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും സാറ്റ്ലൈറ്റ് ചെക്ക്പോസ്റ്റായ വാളയാറിലെ ജി.എസ്.ടി. വകുപ്പിന്റെ കണ്ടെയ്നർ നൽകാമെന്ന രീതിയിലുള്ള അനുകൂലമായ റിപ്പോർട്ടാണ് ജി.എസ്.ടി. കമ്മീഷണർ നൽകിയിട്ടുള്ളതെന്നും മൃഗങ്ങളുടെ ക്വാറന്റൈൻ സംവിധാനത്തിനായി ആവശ്യപ്പെട്ട 15 സെന്റ് സ്ഥലം കൈമാറാമെന്ന് കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ടെങ്കിലും അത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കാമെന്ന് കമ്മീഷണർ അറിയിച്ചിട്ടുള്ളതിനാൽ ബഹു. മന്ത്രിയുടെ ഓഫീസിൽ ഫയൽ സമർപ്പിച്ച് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതുണ്ടെന്നും ജി.എസ്.ടി. കമ്മീഷണറേറ്റിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ബഹു. മന്ത്രിയുടെ അംഗീകാരം ലഭ്യമായശേഷം സമിതിക്ക് അന്തിമ റിപ്പോർട്ട് നൽകുന്നതാണെന്നും നികുതി വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടിയും മൃഗസംരക്ഷണ (ജി) വകുപ്പിന്റെ നടപടി റിപ്പോർട്ടും സമിതി അംഗീകരിച്ചു,

യോഗം ഉച്ചയ്ക്കുശേഷം 02.05-ന് അവസാനിച്ചു.

******